# ഇരവിപേരൂർ ഗ്രാമപഞ്ചായത്ത്



## വികസനരേഖ

28-2

# ഇരവിപേരൂർ ഗ്രാമപഞ്ചായത്ത്

# ജനകീയ ആസൂത്രണം



## ഇരവിപേരൂർ ഗ്രാമപഞ്ചായത്ത്

# വികസന രേഖ


ഇരവിപേരൂർ പഞ്ചായത്ത്
പത്തനംതിട്ട ജില്ല

# ഇരവിപേരൂർ ഗ്രാമപഞ്ചായത്ത്



# പഞ്ചായത്തിനെ പ്രതിനിധീകരിക്കുന്ന ജനപ്രതിനിധികൾ



പ്രൊഫ. പി. ജെ. കുര്യൻ M.P.



അഡ്വ. റ്റി. എസ്. ജോൺ MLA



ഡോ. മേരിതോമസ് മാടോലിൽ
ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്



ജോർജ്ജ് വറുഗീസ് വടക്കേത്ത്
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ



ബ്ലോസം മൈനനാൻ
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ

# ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി



വറുഗീസ് ഉമ്മൻ
വൈ. പ്രസിഡൻറ്



കെ. എം. കൊച്ചുകുഞ്ഞ്
പ്രസിഡൻറ്



എം. പി. ഗോപിമോഹനൻ
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ



അമ്മിണി ചാക്കോ



സൂസൻ ഫിലിപ്പ്



കെ. കെ. തങ്കപ്പൻ



സൂസൻ ചാക്കോ



കെ. സി. മത്തായി



ഇടിക്കുള തോമസ്



അനിതാ നാരായണൻ



വറുഗീസ് ചെറിയാൻ



കെ. ജെ. മറിയാമ്മ, സെക്രട്ടറി

# സമഗ്രവികസനരേഖയുടെ പിന്നിൽ

## എഡിറ്റോറിയൽ ബോർഡ്

1. ശ്രീ കെ.എം. കൊച്ചുകുഞ്ഞ്(പഞ്ചായത്ത് പ്രസിഡന്റ്)
2. ശ്രീ. വറുഗീസ് ഉമ്മൻ (വൈസ് പ്രസിഡന്റ്)
3. ശ്രീ. എം.പി. ഗോപിമോഹനൻ (സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ)
4. ശ്രീ. കെ.കെ തങ്കപ്പൻ(പഞ്ചാ. മെമ്പർ)
5. ശ്രീമതി കെ.ജെ. മറിയാമ്മ

## സബ്കമ്മിറ്റി അംഗങ്ങൾ

1. ശ്രീമതി അമ്മിണി ചാക്കോ
2. ശ്രീമതി സൂസൻ ഫിലിപ്പ്
3. ശ്രീമതി സൂസൻ ചാക്കോ
4. ശ്രീ. കെ.സി. മത്തായി
5. ശ്രീ. ഇടിക്കുള തോമസ്
6. ശ്രീമതി അനിതാ നാരായണൻ
7. ശ്രീ. വറുഗീസ് ചെറിയാൻ

## കീ റിസോഴ്സ് പേഴ്സൺസ്

1. ശ്രീമതി മറിയാമ്മ സൈമൺ
2. ശ്രീ. റ്റി. എം. വറുഗീസ്

## ജില്ലാ റിസോഴ്സ് പേഴ്സൺസ്

1. പ്രൊഫ. പി. സദാനന്ദൻ
2. ശ്രീ. റ്റി.എൻ വിജയൻനായർ
3. ശ്രീ. വി.എം. കോശി
4. പ്രൊഫ. ഏബ്രഹാം സി കോശി
5. ശ്രീ. കെ ആർ പ്രസാദ്
6. ശ്രീ. സുരേഷ് ഓതറ
7. ശ്രീ. റ്റി.ജി. തങ്കപ്പൻ

## കവർ & സ്കെച്ചസ്

ശ്രീ. റ്റി.ജി. തങ്കപ്പൻ

## വികസനസമിതി കൺവീനർമാർ

| | | |
|---|---|---|
| 1. | സ്വാഗതസംഘം | ശ്രീ. എം.പി, ഗോപിമോഹനൻ |
| 2. | ഫിനാൻസ് | ശ്രീ. വറുഗീസ് ഉമ്മൻ |
| 3. | പബ്ലിസിറ്റി | ശ്രീ. കെ.കെ തങ്കപ്പൻ |

# ഉ ള്ള ട ക്കം

1. ആമുഖം
2. പഞ്ചായത്ത് പൊതുവിവരണം
3. സാമൂഹ്യസാംസ്കാരിക ചരിത്രം
4. വികസനമേഖലകൾ
    1. കൃഷിയും ജലസേചനവും
    2. മൃഗസംരക്ഷണവും മത്സ്യബന്ധനവും
    3. വ്യവസായം
    4. വിദ്യാഭ്യാസം
    5. കുടിവെള്ളവും പൊതുജനാരോഗ്യവും
    6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
    7. പാർപ്പിടവും സാമൂഹ്യക്ഷേമവും
    8. സംസ്കാരം
    9. വനിത
    10. സഹകരണം
    11. പട്ടികജാതി/പട്ടികവർഗ്ഗക്ഷേമം
    12. വിഭവസമാഹരണം
5. പ്രവർത്തനസംഗ്രഹം............
6. ഉപസംഹാരം.............................
7. നന്ദിപൂർവ്വം.................................

# I

# ആമുഖം

ഭാരതം സ്വതന്ത്രയായതിനുശേഷം സർവ്വതോന്മുഖമായ വികസനം ലക്ഷ്യമാക്കികൊണ്ട് പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കി. എട്ടു പഞ്ചവത്സര പദ്ധതികളും മൂന്നു വാർഷിക പദ്ധതികളും കഴിഞ്ഞ് ഒൻപതാം പദ്ധതിയുടെ പടിവാതിൽക്കൽ നാം എത്തി നില്ക്കുന്നു. പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളിൽ കുറെയൊക്കെ നേട്ടങ്ങൾ കൈവരിയ്ക്കാൻ നമുക്കു കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്തുണ്ടായ വളർച്ചയുടെ സൽഫലങ്ങൾ സാമാന്യ ജനങ്ങളിൽ എത്തിയ്ക്കാൻ നമുക്ക് ഇനിയും സാധിച്ചിട്ടില്ല. വികസനം കുറെ രംഗങ്ങളിൽ ഉണ്ടായി എങ്കിലും സാമൂഹ്യ നീതി ഉറപ്പുവരുത്തുന്നതിൽ ഭരണകർത്താക്കൾ പരാജയപ്പെട്ടു. ഇതിന്റെ പ്രധാനകാരണം മുകളിൽനിന്നും അടിച്ചേല്പിക്കപ്പെട്ട ആസൂത്രണണമായിരുന്നു. ജനങ്ങളുടെ ആവശ്യങ്ങൾ ജനങ്ങളാൽ തീരുമാനിയ്ക്കാനും നടപ്പിലാക്കാനുമുള്ള പുതിയ ആസൂത്രണ പ്രസ്ഥാനം ആവിഷ്കരിച്ചു നടപ്പിലാക്കാൻ കേരളാ സർക്കാർ തീരുമാനിച്ചത് ഈ പശ്ചാത്തലത്തിലാണ്. പുത്തൻ വികസന സംസ്കാരം ലക്ഷ്യമാക്കുന്നത് അടിത്തട്ടിൽനിന്നും മുകൾ തട്ടിലേക്ക് ആസൂത്രണം എന്ന ആശയമാണ്. പഞ്ചായത്ത് രാജ് നടപ്പാക്കുക എന്നതാണ് ഗവൺമെൻറ് ഇതിനായി സ്വീകരിച്ചിരിക്കുന്ന മാർഗ്ഗം. പ്രത്യേകമായ രാഷ്ട്രീയ ലക്ഷ്യമില്ലാതെ എല്ലാ വിഭാഗം ജനങ്ങൾക്കും തുല്യ പങ്കാളിത്തം ഉറപ്പുവരുത്തികൊണ്ട് ജാതിമതഭേതമെന്യേ ആസൂത്രണ പ്രക്രിയ മുമ്പോട്ടു കൊണ്ടുപോകാൻ കഴിയണം.

അധികാരത്തോടൊപ്പം ധനവും പഞ്ചായത്തിന് നൽകികൊണ്ട് (35-40%) ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനാണ് 9ാം പദ്ധതിയിലൂടെ സർക്കാർ ശ്രമിക്കുന്നത്. ഇത് ആസ്രൂത്രണത്തിൽ ജനങ്ങളുടെ വിശ്വാസം വളർത്തുവാൻ സഹായിക്കുമെന്നതിന് സംശയമില്ല. പൊതുജനപങ്കാളിത്വം ഫലപ്രദമാകുമെങ്കിൽ നിലവിലുള്ള പദ്ധതികളുടെയും പുതിയതായി ഏറ്റേടുക്കാൻ കഴിയുന്ന പദ്ധതികളുടെയും നടത്തിപ്പ് കാര്യക്ഷമവും അഴിമതിരഹിതവും ആക്കിമാറ്റാൻ കഴിഞ്ഞേക്കും ഇത്തരത്തിലുള്ള ഒരു പുത്തൻ വികസന ആസൂത്രണ സംസ്കാരം ബഹുജന പങ്കാളിത്വത്തോടുകൂടി ആവിഷ്ക്കരിച്ച് നടപ്പാക്കാനാണ് ഓരോ പഞ്ചായത്തും ശ്രമിക്കേണ്ടത

ചുരുങ്ങിയ കാലയളവിനുള്ളിൽ വികസന പരിപാടികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പഞ്ചായത്ത് അധികൃതർ ബഹുജന പങ്കാളിത്വത്തോടുകൂടി ആരംഭിച്ചു. ആസുത്രണ സംബന്ധമായ ജില്ലാതല ബ്ലോക്ക് പഞ്ചായത്ത് തലപരിശീലനം പൂർത്തിയാക്കി. വിവിധ വിഷയങ്ങളിലുള്ള സർവ്വേകൾ നടത്തിയും സ്ഥിതിവിവിര കണക്കുകൾ ശേഖരിച്ചും തയ്യാറാക്കിയ വികസന റിപ്പോർട്ടാണ് ഇത്.

നമ്മുടെ ഗ്രാമത്തെ സമ്പൽസമൃദ്ധിയിലേക്കും പുത്തൻ വികസന സംസ്ക്കാരത്തിന്റെയും പ്രകാശത്തിലേയ്ക്കും നയിക്കുന്നതിന് പഞ്ചാത്തിന്റെ സമസ്ത മേഖലകളെയും സ്പർശിക്കുന്ന വികസന നിദ്ദേശങ്ങൾ ഉൾപ്പടുത്തിയിട്ടുണ്ട്. വികസനത്തിനുതുകുന്ന ജനകീയ പദ്ധതി രൂപികരിക്കുവാൻ നമുക്ക് കഴിയുമെന്നുള്ള പ്രത്യാശയോടുകടി ഇരവിപേരൂർ പഞ്ചാത്തിന്റെ വികസനരേഖ ജനസമക്ഷം സമർപ്പിക്കുന്നു.

# 2

# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | | ഇരവിപേരൂർ ഗ്രാമ പഞ്ചായത്ത് |
| പഞ്ചായത്ത് ഓഫീസ് ആസ്ഥാനം | | കോഴിമല |
| ഉൾപ്പെടുന്ന വില്ലേജ് | | ഇരവിപേരൂർ |
| ബ്ളോക്ക് പഞ്ചായത്ത് | | കോയിപ്രം ബ്ളോക്ക് പഞ്ചായത്ത് |
| താലൂക്ക് | | തിരുവല്ല |
| അസംബ്ലി മണ്ഡലം | | കല്ലൂപ്പാറ |
| ലോകസഭാമണ്ഡലം | | മാവേലിക്കര |
| വിസ്തീർണ്ണം | | 6.5 sq miles |
| വാർഡുകൾ | | 11 |
| അതിരുകൾ | | വടക്ക്-കല്ലൂപ്പാറ പഞ്ചായത്ത്, പടിഞ്ഞാറ്-കവിയൂർ കുറ്റൂർ പഞ്ചായത്തുകൾ, കിഴക്ക്-കോയിപ്രം പഞ്ചായത്ത്, തെക്ക്- ചെങ്ങന്നൂർ നഗരസഭ |
| ജനസംഖ്യ | - | 24,558 |
| പുരുഷൻമ്മാർ | - | 12049 |
| സ്ത്രീകൾ | - | 12509 |
| ആകെ വീടുകൾ | - | ~~7197~~ 7152 Nos |
| സ്ഥാപനങ്ങൾ | | |
| വില്ലേജ്ഓഫീസ് | - | 1 |
| കൃഷിഭവൻ -1 | | |
| മൃഗാശുപത്രി | - | 1 |
| I.C.D.P സെന്റർ | - | 1 |
| ഗ്രാമവികസന ഓഫീസുകൾ | - | 3 |
| P.H സെന്റർ | - | 1 |
| ആയുർവേദാശുപത്രി | - | 1 |
| ഹൈസ്കൂളുകൾ | - | 3 |
| യു.പി. സ്കൂളുകൾ | - | 6 |
| എൽ.പി. സ്കൂളുകൾ | - | 8 |
| നഴ്സറി സ്കൂളുകൾ | - | 3 |
| ബാലവാടികൾ | - | 2 |
| മഹിളാ സമാജങ്ങൾ | - | 5 |

| | | |
|---|---|---|
| സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ | - | 1 |
| ലൈബ്രറി (പഞ്ചായത്തു വക) | - | 1 |
| സഹകരണ അർബ്ബൻ ബാങ്ക് | - | 1 |
| ബ്രാഞ്ചുകൾ | - | 3 |
| സർവീസ് സഹകരണ ബാങ്ക് | - | 2 |
| സൊസൈറ്റികൾ | - | 1 |
| ഹരിജൻ സൊസൈറ്റി | - | 1 |
| ക്ഷീരോല്പാദന സംഘങ്ങൾ | - | 3 |
| ദേശസാൽകൃത ബാങ്കുകൾ | - | 5 |
| റേഷൻ കടകൾ | - | 10 |
| സഹകരണ മാവേലി സ്റ്റോർ | - | 1 |
| പോസ്റ്റോഫീസ് | - | 3 |
| സബ്ബ് പോസ്റ്റോഫീസ് | - | 4 |
| P.W.D ഓഫീസുകൾ | - | 1 |
| ഇലക്ട്രിസിറ്റി ഓഫീസ് | - | 1 |
| P.I.P ഓഫീസ് | - | 1 |
| പഞ്ചായത്ത് സ്ഥാപിതമായതു സംബന്ധിച്ച നോട്ടിഫിക്കേഷൻ നമ്പരും തീയതിയും | - | G.P.L.S.7. 9755/50 EHF dated 20-9-1951 |

## ഇരവിപേരൂർ ഗ്രാമ പഞ്ചായത്ത്

| വാർഡ് | സ്പെഷ്യൽ ഗ്രാമസഭകൾ നടന്ന സ്ഥലം തീയതിയും സമയവും |
|---|---|
| വാർഡ് I | 21-10-1996 തിങ്കൾ 1.30 pm മുതൽ മേതൃക്കോവിൽ ഗവ. L.P.S |
| വാർഡ് II | 18-10-1996 വെള്ളി 1.30 pm മുതൽ ഇരവിപേരൂർ ഗവ. Y.M.C.A ഹാൾ |
| വാർഡ III | 22-10-1996 ചൊവ്വ 1.30 pm മുതൽ മുരിങ്ങശ്ശേരിൽ ഗവ. L.P.S |
| വാർഡ് IV | 20-10-1996 ഞായറാഴ്ച്ച 1.30 pm മുതൽ വള്ളംകുളം ഗവ. U.P.S |
| വാർഡ് V | 26-10-1996 ശനിയാഴ്ച്ച 1.30 pm മുതൽ വള്ളംകുളം ഗവ. L.P.S |
| വാർഡ് VI | 19-10-1996 ശനിയാഴ്ച്ച 1.30 pm മുതൽ D.V.L.P.S വള്ളംകുളം |
| വാർഡ് VII | 21-10-1996 തിങ്കൾ 9.00 A.M മുതൽ തോട്ടപ്പുഴ സൺണ്ടേസ്ക്കൂൾ |
| വാർഡ് VII | 26-10-1996 ശനി 9.00 A.M മുതൽ കോഴിമല സെന്റ്മേരീസ് U.P.S |
| വാർഡ് IX | 28-10-1996 തിങ്കൾ 9.00 A.M മുതൽ ഓതറ സർവ്വീസ് സഹകരണസംഘം |
| വാർഡ് X | 28-10-1996 തിങ്കൾ 1.30 pm മുതൽ കിഴക്കനോതറ കോളാട്ടിൽ L.P.S |
| വാർഡ് XI | 25-10-1996 വെള്ളി 1.30 pm മുതൽ കിഴക്കനോതറ പുലയർ മഹാ സഭാ ഹാൾ, മാമ്മൂട് ജംഗ്ഷൻ |

# ഇരവിപേരൂർ ഗ്രാമപഞ്ചായത്ത്
## സ്ഥാപന വിവരങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെപേര് | ഇനം | കെട്ടിടം സ്വന്തം വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം | സ്ഥാപനപരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|---|
| 1 | പി.എച്ച്.സെന്റർ കിഴക്കനോതറ | അലോപ്പതി | ഗവ. (Donated by the public) | 19 | 1951 ൽ പ്രവർത്തനം ആരംഭിച്ചു. | 50കിടക്കകൾ, കുടിവെള്ളം, രോഗികൾക്കുള്ള ഭക്ഷണം, പോസ്റ്റ് മാർട്ടം ഷെഡ്, 2 Male doctor, 1 lady doctor, Staff quarter ആംബുലൻസ് വാൻ etc.വേണം |
| 2. | ഗവ. ആയുർവേദ ഡിസ്പെൻസറി, നന്നൂർ വള്ളംകുളം | ആയുർവേദിക് | | 4 | 1940 ൽ പ്രവർത്തനം ആരംഭിച്ചു. | |

## ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് ആരോഗ്യ സ്ഥിതിവിവരങ്ങൾ

**1.** ആകെ വീടുകൾ 7152
- കോൺക്രീറ്റ് 1926
- ഓടിട്ടത് 3776
- ഓലമേഞ്ഞത് 1450

**2** കുടിവെള്ള സ്രോതസ്
- സാനിറ്ററിവെൽ ഇല്ല
- സാധാരണ കിണർ 6250
- കുളം 36
- പൈപ്പ് 788
- പൊതുവിവരണം 155
- നദി 2

**3.** കമ്പോസ്റ്റു കുഴി
- ഉള്ളത് ഇല്ല
- ഇല്ലാത്തത് 7152

**4.** വൈദ്യുതി
- വൈദ്യുതീകരിച്ചവ 5312
- അല്ലാത്തവ 1926

**5.** ജനസംഖ്യ
- പുരുഷന്മാർ 11715
- സ്ത്രീകൾ 12843

**6.** പ്രായടിസ്ഥാനത്തിൽ ദമ്പതിമാർ സ്ത്രീയുടെ പ്രായക്രമം

| | | | |
|---|---|---|---|
| a. | 15 | - | 19 |
| b. | 20 | - | 24 |
| c. | 25 | - | 29 |
| d. | 30 | - | 34 |
| e. | 35 | - | 39 |
| f. | 40 | - | 44 |

7. അമ്മമാരുടെ എണ്ണം (ജീവിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)
- 1 കുട്ടി 628
- 2 കുട്ടികൾ 1377
- 2 ൽ കൂടുതൽ കുട്ടികൾ 547

8. കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ച അമ്മമാർ
(ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ)

| | |
|---|---|
| 1 കുട്ടി | 131 |
| 2 കുട്ടികൾ | 977 |
| 2 ൽ കൂടുതൽ | 776 |

9. അംഗവൈകല്യമുള്ളവർ

| | |
|---|---|
| അന്ധർ | - |
| ബധിരർ | 5 |
| മൂകർ | 4 |
| ബധിര മൂകർ | 2 |

ചലനവൈകല്യങ്ങൾ -7

10. മന്ദബുദ്ധികൾ എണ്ണം

| | പ്രായം | |
|---|---|---|
| a. | 0 - 5 | 1 |
| b. | 6 - 10 | 1 |
| c. | 11 - 15 | ഇല്ല |
| d. | 16 ന് മേൽ | 3 |

11. സ്ഥായിയായ രോഗബാധിതർ

| | |
|---|---|
| a.രക്തസമ്മർദ്ദം | 65 |
| b.പ്രമേഹം | 44 |
| c.ക്യാൻസർ | - |
| d.കുഷ്ഠം | - |
| e.ക്ഷയം | 1 |
| f.ഹൃദ്രോഗം | 2 |

12. ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം. -192
പ്രതിരോധകുത്തി വയ്പ് നടത്തിയവർ -192

13. ആകെ ഗർഭിണികൾ -194

## 7.3 ജനനമരണ വിവരങ്ങൾ

| വർഷം | ജനനം | മരണം | ചാപിള്ള ജനനം |
|---|---|---|---|
| 1993-[redacted] | 77 | 136 | ——— |
| 1994-[redacted] | 11 | 129 | ——— |
| 1995-[redacted] | 9 | 109 | ——— |
| 1996-[redacted] | 8 | | ——— |

## 7.4 പകർച്ചവ്യാധികൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993 - 94 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 1994 - 95 | " | " | " | " |
| 1995 - 96 | " | " | " | " |

## 7.5 മറ്റ് ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും വിവരം ശേഖരിക്കൽ

| വർഷം | ഇൻപേഷ്യന്റ് എണ്ണം | ഔട്ട്പേഷ്യന്റ് എണ്ണം | രോഗങ്ങൾ സംബന്ധിച്ചവിവരങ്ങൾ | | | | | |
|---|---|---|---|---|---|---|---|---|
| | | | ത്വക്ക് | വാതരോഗം | പകർച്ച വ്യാധികൾ | വിഷ ചികിത്സ | മറ്റുള്ള രോഗങ്ങൾ | ആകെ |
| 199293 | ഇല്ല | 6000 | 200 | 1600 | 25 | ഇല്ല | 35175 | 36000 |
| 199394 | ഇല്ല | 28000 | 180 | 1700 | 30 | ഇല്ല | 26090 | 28000 |
| 199495 | ഇല്ല | 32000 | 220 | 1680 | 20 | ഇല്ല | 30080 | 32000 |
| 199596 | ഇല്ല | 30000 | 310 | 1800 | 20 | ഇല്ല | 27870 | 300000 |
| | | | | | | | | |

# 3

# സാമൂഹ്യസാംസ്കാരിക ചരിത്രം

നമ്മുടെ പഞ്ചായത്തായ ഇരവിപേരൂർ പണ്ട് ഇരവിപുരം ആയിരുന്നതായി പറയപ്പെടുന്നു. ഏ.അ .10-ാം നൂറ്റാണ്ടിനും മുമ്പ് പാഴൂർ രാജവംശം എന്ന രാജകുടുംബംവും പത്തോളം ബ്രാഹ്മണ ഇല്ലങ്ങളും ഇവിടെ പ്രസിദ്ധിയാർജ്ജിച്ചിരുന്നതായാണ് ഐതിഹ്യം. പാഴൂർ രാജവംശത്തിലെ കീർത്തിമാനായ ഇരവി രാജാവിന്റെ കാലത്താണ് ഈ സ്ഥലത്തിന് ഇരവിപുരം എന്ന പേരുണ്ടായത്. പില്കാലത്ത് ഇരവിപുരം ആണ് ഇരവിപേരൂർ എന്നായി മാറിയത് .ഏ.ഡി പന്ത്രണ്ടാം നൂറ്റാണ്ടിൽ പാഴൂർ രാജവംശം മുവാറ്റുപുഴ താലൂക്കിൽ കുടിയേറി പാർത്തതായി പറയപ്പെടുന്നു. ചിങ്ങമാസത്തിലെ പൂരാടം നാളിൽ പൂരാടധർമ്മം (പുരാടം കൊടുക്കൽ) ഈ പ്രദേശത്ത് ഇന്നും ആചരിച്ചുവരുന്നു. പാഴൂർ മനയുടെ വടക്കു വശം കോയിക്കൽ തമ്പുരാന്റെ വക വസ്തുക്കൾ ആയിരുന്നു. കോയിക്കൽ തമ്പുരാന്റെ ആരാധന മൂർത്തിയായ പരമ ശിവന്റെ നാമത്തിൽ പണി കഴിപ്പിച്ച ക്ഷേത്രം ആണ് മേത്യക്കോവിൽ ക്ഷേത്രം. ആറ്റുതീരത്ത് താമസിച്ചിരുന്ന സ്ത്രീകൾ വിറകു ശേഖരിക്കാനായി ആറ്റിൽ നിന്നു തടി പിടിച്ചു കയറ്റിയപ്പോൾ തടിയിൽ ഒരു ബാലസുബ്രമണ്യന്റെ രൂപം കണ്ടു എന്നും ആ സ്ഥലത്ത് സുബ്രമണ്യന്റെ ക്ഷേത്രം പണിതു എന്നും അങ്ങനെ പൂവപ്പുഴ ക്ഷേത്രം ഉണ്ടായി എന്നുമാണ് ഐതിഹ്യം. തിരു പുവപ്പുഴ ക്ഷേത്രത്തിലെ ദാരു ശില്പങ്ങൾ പഴമ കൊണ്ടും വൈഗദ്ധ്യം കൊണ്ടും ശ്രദ്ധേയങ്ങളാണ്.

ഗ്രാമത്തിന്റെയും ദേശ വഴിയുടെയും അടിസ്ഥാനകേന്ദ്രം ക്ഷേത്രങ്ങളായിരുന്നു. പഴയ കണക്കനുസരിച്ച് താന്ത്രിക വിഭജന രീതിപ്പകാരം വള്ളംകുളം ചെങ്ങന്നൂർ ഗ്രാമത്തിലും ഇരവിപേരൂർ തിരുവല്ല ഗ്രാമങ്ങളിലുമാണ് ഉൾപ്പെട്ടിരുന്നത്. ഇരവിപേരൂർ കരക്കാരുടെ വകയായി പള്ളിയോടം ഉണ്ടായിരുന്നു. രാമയ്യർ ദളവയുടെ കാലത്ത് കണ്ടെഴുത്തു നടത്തിയ ഈ പ്രദേശം പണ്ടാരവക ഗവൺമെന്റ് സ്ഥലങ്ങളും ജന്മി സ്ഥലങ്ങളും ആയിരുന്നു. അടുത്തകാലം വരെ ജന്മിക്കരം പിരിക്കുന്ന ഏർപ്പാട് ഇവിടെ നിലനിന്നിരുന്നു.

ടിപ്പുവിന്റെ പടയോട്ടകാലത്ത് ആലത്തൂർ മാമ്പറ്റ ഇല്ലവും മറ്റ് ഒൻപത് വിഭാഗങ്ങളും തെക്കൻ മലബാറിൽ പലായനം ചെയ്ത് ഓതറ പുതുക്കുളങ്ങര എത്തി താമസം ആരംഭിച്ചു എന്നതിനുള്ള ചെപ്പേടു പന്നിവിഴ ഓതറ കളരിയിൽ ഉണ്ടായിരുന്നു. മാമ്പറ്റ ഇല്ലത്തോടൊപ്പം ഇടശ്ശേരി നായന്മാർ ,വെളുത്തേടത്ത് നായർ, ഗണക, ക്ഷുരക സമുദായങ്ങൾ, കണക്കെഴുത്തുപിള്ള തുടങ്ങയവരും വന്നിരുന്നുവത്ര. വടക്കുനിന്നുവന്നവർ വിശ്രമത്തിനായി നോക്കുമ്പോൾ തറ കണ്ടുവെന്നും ഓം തറ എന്നു പറഞ്ഞുവെന്നും അങ്ങനെ ഓതറ എന്ന പേരുണ്ടായി എന്നും പറയപ്പെടുന്നു. പുതുക്കുളങ്ങര ക്ഷേത്രത്തിലെ പടയണി വളരെ പ്രസിദ്ധമാണ്. 10001 പാളിയിൽ എഴുതിതീർക്കുന്ന അതിമനോഹരമായ ഭൈരവി കോലം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വിദേശങ്ങളിൽ നിന്നും ഉള്ള ആളുകളെ ഉത്സവ ദിവസങ്ങളിൽ ഇവിടേക്ക് ആകർഷിക്കുന്നു.

പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറുഭാഗം തിരുവാമനപുരം എന്ന സ്ഥലമാണ്. ഇവിടെ അതിപ്രശസ്തമായ ഒരു വൈഷ്ണവക്ഷേത്രം ഉണ്ടായിരുന്നതായി കരുതപ്പെടുന്നു. അതിന്റെ അവശിഷ്ടങ്ങൾ ഇന്നും കാണുന്നുണ്ട്. 'ശ്രീ വാമനപുരം' ആണ് തിരുവാമനപുരം ആയത് എന്നാണ് ഐതിഹ്യം. ചെങ്ങന്നൂർ ക്ഷേത്രത്തിലെ 281/2 ദേവന്മാരിൽ അരദേവൻ ശ്രീവാമനനാണെന്നും, വാമനന്റെ പുരം എന്ന നിലയ്ക്ക് തിരുവാമനപുരം എന്ന് പേരുണ്ടായി എന്നും പറയപ്പെടുന്നു. അന്യാദൃശ്യമായ വട്ടശ്രീകോവിൽ ഈ ക്ഷേത്രത്തിന്റെ പ്രത്യേകതയായി കണക്കാക്കപ്പെട്ടിരുന്നു. ക്ഷേത്രാവശിഷ്ടങ്ങളായ വൻ ഒറ്റക്കല്ലുകൾ ഇപ്പോഴും ഇവിടെ കാണപ്പെടുന്നു.

തിരുവാമനപുരം പാലത്തിന്റെ പടിഞ്ഞാറുവശം 'തുരുത്തി'യാണ്. തുരുത്ത് ആയിരുന്നതുകൊണ്ട് തുരുത്തി എന്നുപേരുണ്ടായി. ഇരവിപേരൂർ പഞ്ചായത്തിന്റെ വടക്കുപടിഞ്ഞാറായിട്ടാണ് വള്ളംകുളം ഗ്രാമം. നാലുവശവും വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുന്നതുകൊണ്ട് വെള്ളംകുളം'എന്നും പിന്നീട് അത് വള്ളംകുളം എന്നായി എന്നും വിശ്വസിക്കപ്പെടുന്നു. തിരുവാറന്മുള ഭഗവാന്റെ പ്രസിദ്ധമായ ഉത്രട്ടാതി വള്ളംകളിയിൽ പങ്കെടുക്കുന്ന പള്ളിയോടം ഈ കരയ്ക്ക് ഉണ്ടായിരുന്നു. കാലപ്പഴക്കത്തിൽ അത് ജീർണ്ണിച്ചുപോയി.

ദേശവാസികൾക്ക് ഐശ്വര്യവും അനുഗ്രഹവും സമാധാനവും നൽകിക്കൊണ്ട് നന്നൂർ ഭഗവതിക്ഷേത്രം സ്ഥിതി ചെയ്യുന്നു. ക്ഷേത്രോല്പത്തിയുടെ കഥ ഒരു ചേരമർ സ്ത്രീയുമായി ബന്ധപ്പെട്ടിരിയ്ക്കുന്നു. നന്നൂർ ഭഗവതിഗ്രാമപരദേവതയാണ്.

മദ്ധ്യതിരുവിതാംകൂറിലെ പ്രസിദ്ധമായ ഒരു ശിവക്ഷേത്രമാണ് പുത്തൻകാവുമല മഹാദേവക്ഷേത്രം. മലമേൽ എന്നു പേരുള്ള ഈ ക്ഷേത്രം പുത്തൻകാവുമല എന്നു പേരിട്ടു. ക്ഷേത്രം നില്ക്കുന്ന സ്ഥലം എന്ന നിലയ്ക്ക് പുത്തൻകാവുമല എന്ന് ഈ സ്ഥലത്തിന് പേരുണ്ടായി എന്നു പറയപ്പെടുന്നു.

ഹൈന്ദവാരാധനാലയങ്ങൾപോലെതന്നെ ഈ ഗ്രാമത്തിന്റെ സാംസ്ക്കാരിക ചരിത്രത്തിൽ സ്ഥിര പ്രതിഷ്ഠ നേടിയിട്ടുള്ള ആരാധനാലയങ്ങളാണ് പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി തലയുയർത്തി നില്ക്കുന്ന പള്ളികൾ.

എ.ഡി. 345ൽ ക്നായിത്തോമ്മായുടെ നേതൃത്വത്തിൽ കേരളത്തിൽ കുടിയേറിപ്പാർത്തവരാണ് ക്നാനായക്കാർ 1893 നവംബർ 2-ാം തീയതി ആരംഭിച്ച ഏറ്റവും പുരാതനമായ ക്രൈസ്തവദേവാലയമാണ് ഇരവിപേരൂർ സെന്റമേരീസ് ക്നാനായ പള്ളി. ഈ ദേവാലയത്തിന്റെ ശതാബ്ദി ആഘോഷിച്ചു കഴിഞ്ഞു. സ്വന്തമായ സാമൂഹ്യാചാരങ്ങളും സാമൂഹ്യ വ്യക്തിത്വവും പുലർത്തുന്ന ഒരു ജനവിഭാഗമാണ് ക്നാനായക്കാർ. ഓതറയിലുള്ള ക്നാനായ സഭയുടെ നസ്രേത്ത് ആശ്രമം തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, സാധുക്കളായ കുട്ടികളെ എടുത്തു വളർത്തുക, ഫാമിലി കൗൺസിലിംഗ് തുടങ്ങിയ രംഗങ്ങളിൽ പ്രവർത്തിയ്ക്കുന്നു. കൂടാതെ ക്നാനായ സഭയുടെ നാല് പള്ളികൾ ഈ പഞ്ചായത്തിലുണ്ട്.

ഇരവി എന്നു പേരായ ഊരിൽ പ്രകൃതിസൗന്ദര്യം നിറഞ്ഞതും ഐശ്വര്യസമൃദ്ധവും, ഫലപുഷ്ടവും, ആത്മീയ ചൈതന്യം തുളുമ്പുന്നതുമായ കുന്നിൽ മകുടകിരീടമായി പരിലസിക്കുന്ന ദേവാലയമാണ് ഇമ്മാനുവേൽ മാർത്തോമ്മാ പള്ളി. 600 ൽപരം കുടുംബങ്ങൾ ഉൾക്കൊള്ളുന്നതും ശതാബ്ദി ആഘോഷിക്കുന്നതുമായ ഈ ദേവാലയം മാർത്തോമ്മാ സഭയുടെ ചരിത്രത്തിൽ ഉന്നതമായ സ്ഥാനം അർഹിക്കുന്നു.

ഓതറ എബനേസർ മാർത്തോമ പള്ളി ശതാബ്ദിഘോഷിച്ചു കഴിഞ്ഞു. 103 വർഷം പിന്നിട്ട ഈ ദേവാലയവും മാർത്തോമാ സഭയുടെ പ്രധാന ദേവാലയങ്ങളിലൊന്നാണ്. ഇവ കൂടാതെ മാർത്തോമാ സഭയുടെ 4 ദേവാലയങ്ങൾ കൂടി ഈ പഞ്ചായത്തിലുണ്ട്.

ഓർത്തഡോക്സ് സഭയുടെ അഞ്ചുപള്ളികളും, ഒരു ദയറായും, ഒരു സന്യാസിനി മഠവും ഉണ്ട്. നിരാലംബരായിട്ടുള്ളവർക്ക് അഭയം നൽകിയും അനേകർക്ക് തൊഴിൽ പരിശീലനം നൽകിയും 4 സ്ഥാപനങ്ങൾ പ്രശംസനീയമായ രീതിയിൽ സാമൂഹ്യ സേവനം നിർവ്വഹിക്കുന്നു. നന്നൂർ ഓർത്തോഡോക്സ് പള്ളി ദേവീക്ഷേത്രത്തിന് വളരെ അടുത്ത് സ്ഥിതി ചെയ്യുന്നുവെങ്കിലും യാതൊരുവിധ സാമുദായിക സംഘർഷവും കൂടാതെ ക്രിസ്തീയ-ഹൈന്ദവ സമുദായങ്ങൾ സാഹോദര്യത്തോടെ കഴിയുന്നു എന്നത് ഈ പ്രദേശത്തിന്റെ ഉയർന്ന വിദ്യാഭ്യാസ നിലവാരത്തിന്റെയും ഉന്നതമായ സാംസ്കാരിക പാരമ്പര്യത്തിന്റെയും ഉത്തമ ദൃഷ്ടാന്തമാണ്.

C.S.I സഭയുടെ മൂന്നു ദേവാലയങ്ങൾ, മലങ്കര റീത്തിന്റെ 2 പള്ളികൾ, പെന്തക്കോസ്തു സഭയുടെയും, രക്ഷാസൈന്യത്തിന്റെയും വിശ്വാസ മന്ദിരങ്ങൾ, S.N.D.P യുടെ രണ്ടു ഗുരുമന്ദിരങ്ങൾ, ഓതറ ശുഭാനന്ദാശ്രമം തുടങ്ങിയ അസംഖ്യം ആരാധനാലയങ്ങൾ ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലനില്ക്കുന്നു. ഇവയെല്ലാം തന്നെ ഇടകലർന്ന് നില്ക്കുമ്പോഴും സമുദായ സ്പർദ്ധയുടെ നേരിയ അംശംപോലും ഈ പഞ്ചായത്തിൽ കാണാനില്ല എന്നത് എല്ലാവർക്കും സന്തോഷം നൽകുന്ന കാര്യമാണ്. കൂടാതെ N.S.S, S.N.D.P വിശ്വകർമ്മ സഭാ, സാംബവ മഹാസഭ, സിദ്ധനർ സൊസൈറ്റി, പുലയർ മഹാസഭാ തുടങ്ങിയ വിവിധ സമുദായിക സംഘടനകളും ഇവിടെ സഹവർത്തിത്വത്തോടു കൂടി പ്രവർത്തിച്ച്വരുന്നു. പ്രത്യക്ഷ രക്ഷാ ദൈവസഭയുടെ (P.R.D.S) ആസ്ഥാനം ഇരവിപേരൂരിലാണ്.

ദേശീയ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിൽ സജീവമായി പങ്കെടുത്ത ദേശാഭിമാനികളെക്കൊണ്ട് ധന്യമാണ് ഈ ഗ്രാമം. കേന്ദ്രസർക്കാരിന്റെ താമ്രപത്രം നേടിയ ഇരവിപേരൂർ കാട്ടോലിൽ ശ്രീ റ്റി. വി. രാഘവൻപിള്ള, ചിറത്തലയ്ക്കൽ സി. പി. വറുഗീസ് എന്നിവരും മഠത്തിങ്കൽ എം.റ്റി. ജോസഫ് ഇടയ്ക്കാമണ്ണിൽ പറമ്പിൽ ഇ.കെ. കുരുവിള, വട്ടംപറമ്പിൽ പി.വി. ചെറിയാൻ വടക്കും മുറിയിൽ വി.സി. ഏബ്രഹാം, ആന്റണി ജെ. കടവിൽ, കെ.സി. ഉമ്മൻ കാറ്റാനശ്ശേരിൽ തുടങ്ങിയവർ സ്വാതന്ത്ര്യ സമരത്തിന്റെ തീച്ചൂളയിൽ ചാടി കഷ്ടം അനുഭവിച്ചിട്ടുള്ളവരാണ്. പനോടിൽ അന്നമ്മ, പടിപ്പുരയ്ക്കൽ പെണ്ണമ്മ, മുടപ്പിലാങ്ങൽ സരോജനിയമ്മ തുടങ്ങിയ വനിതകളും സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തിട്ടുള്ളവരാണ്.

സാംസ്കാരിക രംഗത്ത് ഇരവിപേരൂർ പഞ്ചായത്ത് വളരെയേറെ പുരാഗതി കൈവരിച്ചിട്ടുണ്ട്. ഉയർന്ന സാക്ഷരതയും, സാമുദായിക ഐക്യവും നമ്മുടെ സാംസ്കാരിക വളർച്ചയുടെ മകുടോദാഹരണങ്ങളായി ശോഭിയ്ക്കുന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾ സാംസ്കാരിക ഉന്നമനത്തിനുവേണ്ടി അനവരതം പ്രവർത്തിച്ചുവരുന്നു. നന്നൂർ S.S.Lലൈബ്രറി, വള്ളംകുളം C.N.P പിള്ള മെമ്മോറിയൽY.M.A, ഇരവിപേരൂർ Y.M.C.A ഓതറY.M.C.A. Y's Mens Club, K.P.M.S ലൈബ്രറി, വിവധകാലാ-കായിക സംഘടനകൾ, ഓതറ അനശ്വര വായനശാല, തുടങ്ങിയ ഈ രംഗത്ത് പ്രശംസനീയമായ സംഭാവന നൽകിവരുന്നു.

# 4

# വികസന മേഖലകൾ



# 4-1

# കൃഷിയും ജലസേചനവും

ഇരവിപേരൂർ ഗ്രാമം തിരുവല്ല താലൂക്കിൽ ഇരവിപേരൂർ വില്ലേജാണ്. വളരെ ഫലഭൂയിഷ്ഠമായ ഒരു പ്രദേശമാണ് സാമാന്യമായി പറഞ്ഞാൽ പമ്പാ നദിയുടേയും, മണിമലയാറിൻേറയും മദ്ധ്യേ സ്ഥിതി ചെയ്യുന്നു. വടക്കും, പടിഞ്ഞാറെ അതിരിൻെറ പകുതി വടക്കറ്റവും മണിമലയാറാണ്. പടിഞ്ഞാറെ അതിരിൻെറ ബാക്കി തെക്കറ്റം കുറ്റൂർ പഞ്ചായത്തും തെക്കതിര് പമ്പാനദിയുടെ കൈവഴിയായ വരട്ടാറും, കിഴക്കതിര് കോയിപ്രം, പുറമറ്റം പഞ്ചായത്തുകളുമാണ്. കുന്നും, താഴ്‌വരയായ പാടശേഖരങ്ങളും ഉൾപ്പെട്ടതാണ് ഈ ഗ്രാമം. മേൽപറഞ്ഞ രണ്ടു നദികളിൽ നിന്നും മഴക്കാലത്ത് ജലപ്രവാഹമുണ്ടായി എക്കലടിഞ്ഞ് പാടശേഖരങ്ങൾ വളരെ ഫലഭൂയിഷ്ഠമായിരുന്നു. എന്നാൽ അണക്കെട്ടുകൾ കൊണ്ടും, തുടർച്ചയായി നദികളിലെ മണൽവാരൽ കൊണ്ട് റിവർ ബഡ് താഴ്ന്നതു കൊണ്ടും വെള്ളപ്പൊക്കം കുറവായി അനുഭവപ്പെടുന്നു. തന്നെയുമല്ല ജലപ്രവാഹമുണ്ടായിരുന്ന തോടുകളും, മടകളും, റോഡുകൾക്കും മറ്റുമായി നികത്തിയതു കൊണ്ട് ജലപ്രവാഹം പരിമിതമാണ്. തന്നിമിത്തം ആറ്റിൽ നിന്നും ലഭിച്ചിരുന്ന "എക്കൽ വളം" ഇപ്പോൾ ലഭ്യമാകുന്നില്ല.

**അനുബന്ധം 1**

ഭൂമി സംബന്ധിച്ച വിവരങ്ങൾ (Ref. അടിസ്ഥാന വിവര രജിസ്റ്റർ)

| ഇനം | വിസ്തീർണം |
|---|---|
| നിലം | 352.73 Hectres |
| പുരയിടം | 1413.46 Hectres |
| പുറമ്പോക്ക് | 80 Hectres |
| കൃഷിയോഗ്യ തരിശ് | Nil |
| കൃഷിയോഗ്യമല്ലാത്ത തരിശ് | |
| ആകെ | |

ഇവിടുത്തെ പ്രധാന കൃഷി പാടശേഖരങ്ങളിൽ നെല്ലും, ഉയർന്ന പ്രദേശങ്ങളിൽ തെങ്ങ്, റബർ, വാഴ, ചേന, കപ്പ മുതലായവയുമാണ്. പണ്ടു കാലത്ത് ജനങ്ങളുടെ ഉപജീവന മാർഗ്ഗം പ്രധാനമായും കൃഷിയും അതിനോടനുബന്ധിച്ചുള്ള മറ്റു തൊഴിൽ മേഖലയുമായിരുന്നു. കുറെ കാലങ്ങൾക്കു മുൻപ് വരെ കരിമ്പ് മറ്റൊരു പ്രധാന കൃഷിയായിരുന്നു. കൃഷി മാത്രം ജീവന മാർഗ്ഗമായിട്ടുള്ള കുടുംബങ്ങൾ ഇപ്പോൾ നാമമാത്രമായിട്ടേയുള്ളൂ. 2 ഏക്കറിൽ കൂടുതൽ ഭൂവിസ്തീർണ്ണമുള്ള ഉടമകൾ വിരളമാണ്. ഈ സ്ഥല വാസികൾ പണ്ടുകാലം മുതൽക്കേ വിദ്യാസമ്പന്നരും, സ്വദേശത്തും, ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലും സർക്കാർ ജോലി ലഭ്യമായിരുന്നവരും ലഭ്യമാകുന്നതിനു തൽപരരും, സമർത്ഥരുമായിരുന്നു. ഇപ്പോൾ ആ പ്രവണത വിദേശത്തും കൂടി വ്യാപിച്ചിരിക്കയാണ്. അതു കൊണ്ടു തന്നെ കൃഷി പ്രധാന ജീവിത മാർഗ്ഗമല്ലാതാവുകയായിരുന്നു.

കൈവശഭൂമി വിസ്തീർണ്ണം

| വാർഡ് നമ്പർ | നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ) | ചെറുകിട കർഷകർ (1-2 ഹെക്ടർ) | വൻകിട കർഷകർ (2 ഹെക്ടറിനു മുകളിൽ) |
|---|---|---|---|
| | 4842 | 286 | 48 |

ഫലഭൂയിഷ്ഠമായ പാടങ്ങളിൽ വളപ്രയോഗം വളരെ കുറവായിരുന്നു. പിന്നീട് ജൈവവളം മിതമായി ഉപയോഗിക്കയും, ഇപ്പോൾ രാസവള പ്രയോഗം മാത്രമായിത്തീരുകയും ചെയ്തിരിക്കയാണ്. പണ്ടു കാലത്ത് നെൽകൃഷി ശാസ്ത്രീയമായിരുന്നില്ലെങ്കിലും പരിചരണവും ശ്രദ്ധയും നല്കിയിരുന്നു. പൂർണ്ണമായും മഴയെ ആശ്രയിച്ച് മാത്രമാണ് കൃഷി ചെയ്തിരുന്നത്. കൂടാതെ കുളങ്ങൾ (ചാലുകൾ), തോടുകൾ എന്നിവ ചിറകെട്ടിയും മറ്റും വേനൽക്കാലത്ത് ജലം സംഭരിച്ച് ചക്രം, തേക്കുതോണി, തേകുകുട്ട മുതലായ ഉപകരണങ്ങൾ ഉപയോഗിച്ച് ഒറ്റക്കും കൂട്ടായും നെൽ കൃഷിക്ക് ജലസേചനം നടത്തിയിരുന്നു. കീട നിയന്ത്രണത്തിന് എലികളെ നശിപ്പിക്കാൻ മുളക്കുറ്റി കെണി, പലക കെണി, തുടങ്ങിയവും ചില കീടങ്ങൾക്ക് "ചാര്" മരത്തിൻെറ കമ്പും ഇലയും പാടത്തിട്ടും, ചാഴിക്ക് വെണ്ണീറു പറപ്പിച്ചുമുള്ള നാടൻ രീതികൾ

ഉപയോഗിച്ചിരുന്നു. അന്ന് മൂപ്പു കൂടുതലുള്ള സ്വാദിഷ്ടവും, രോഗ പ്രതിരോധശക്തി കൂടുതലുള്ളതുമായ ആര്യൻ, പൊന്നാര്യൻ, കുളപ്പാല, ചെന്നെല്ല്, വൈക്കത്താര്യൻ, മുണ്ടകൻ, ചമ്പാവ്, മൂപ്പ് കുറവുള്ള മൈല കൊച്ചു വിത്ത് എന്നീയിനം നെൽ വിത്തുകളാണ് ഉപയോഗിച്ചു വന്നത്. അത്യുൽപാദന ശേഷിയുള്ള ഇപ്പോഴത്തെ ഇനങ്ങളെ അപേക്ഷിച്ച് പഴയ ഇനം വിത്തിന് വിളവുണ്ടായിരുന്നില്ല. നെല്ല് കതിരായും, കച്ചി (വൈക്കോൽ)യായും രണ്ടായി മുറിച്ച് കതിരു മാത്രമുള്ള കെട്ട് തൊഴിലാളികൾ ചവുട്ടി മെതിച്ച് ഉണക്കി ഒരുക്കി തല ചുമടായി ഭൂവുടമയുടെ വീട്ടിൽ എത്തിക്കുകയായിരുന്നു പതിവ്. അതിനു പ്രതിഫലം പതം ആയിരുന്നു (അളവനുസരിച്ച് വിഹിതം) അതു കൊണ്ട് ഓരോ കൃഷി കഴിയുമ്പോഴും തൊഴിലാളികൾക്ക് വിഹിതമായി കിട്ടുന്ന ധാന്യം അവർക്ക് മാസങ്ങളോളം ഉപയോഗത്തിനു മതിയാകും. കണികൃഷി (ഒന്നാം വിള) മുണ്ടകൻ അഥവാ മകര കൃഷി (രണ്ടാം വിള) പുഞ്ച അഥവാ (മൂന്നാം കൃഷി) എന്നിങ്ങനെ ആണ്ടിൽ മൂന്ന് വിളവെടുപ്പുള്ളതു കൊണ്ട് കൃഷി തൊഴിലാളികൾക്ക് വിഹിതമായി കിട്ടുന്ന ധാന്യം മിക്കവാറും ഒരു വർഷത്തേക്കു തികയുമായിരുന്നു. അതു കൊണ്ട് കൃഷിപ്പണിക്ക് തൊഴിലാളികൾ സുലഭമായിരുന്നു. നെൽകൃഷിക്ക് ശേഷം ഉയർന്ന പാടങ്ങൾ ചാമ, പഞ്ഞപ്പുല്ല്, കപ്പ, മധുരക്കിഴങ്ങ് മുതലായവയും വേനൽക്കാല കൃഷികളും ധാരാളം ചെയ്തിരുന്നു. പച്ചക്കറി കൃഷി ഒഴിച്ചുള്ളവയ്ക്കും പ്രതിഫലം "പത"മായിരുന്നതു കൊണ്ട് തൊഴിലാളികൾ തൃപ്തരായിരുന്നു. എന്നാൽ ഭൂവിസ്തൃതി ക്കുറവും, തൊഴിലാളികളുടെ ആദായവും കൂലിക്കൂടുതലും മേൽ പറഞ്ഞ കൃഷികൾ വിരളമാണ്.

ഇപ്പോഴത്തെ സ്ഥിതി അതല്ല. 2–ാം ലോക മഹായുദ്ധത്തോടനുബന്ധിച്ചുണ്ടായ രാജ്യവ്യാപകമായ ദാരിദ്ര്യം കൊണ്ടും മറ്റും അഭ്യസ്തവിദ്യരും അല്ലാത്തവരും ജോലി തേടി ഇന്ത്യയിലെ ഇതര പട്ടണങ്ങളിലേക്കും മറ്റും ചേക്കേറി. അതോടൊപ്പം മലബാറിലും, ഹൈറേഞ്ചിലും കുടിയേറ്റം വ്യാപകമാകയാൽ വളരെ അധികം കുടുംബങ്ങൾ കുടിയേറ്റക്കാരായിത്തീർന്നു. കൃഷിപ്പണി ഒഴിച്ചുള്ള തൊഴിലുകൾക്ക് കൂലി കൂടുതൽ ലഭ്യമായി തുടങ്ങിയതോടെ കൃഷി ചെയ്യാൻ തൊഴിലാളികൾ ലഭ്യമല്ലാതെ വന്നിരിക്കയാണ്.

ഗ്രാമത്തിലെ കരിമ്പു കൃഷി വളരെ ആദായകരമായിരുന്നു. കരിമ്പ് വെട്ടി നാടൻ ചക്കുകളിൽ ആട്ടി നീരെടുത്ത് വറ്റിച്ച് ശർക്കരയുല്പാദിപ്പിച്ചിരുന്നു. പമ്പാ ഷുഗർ മില്ലിന്റെ ആരംഭത്തോടു കൂടി പുതിയ ഇനം കരിമ്പ് കൃഷി ചെയ്തു തുടങ്ങി. അതിന് ശർക്കര തോതു കൂടുതലാണെങ്കിലും ചതയ്ക്കുന്നതിന് നാടൻ ചക്ക് അപര്യാപ്തമായതു കൊണ്ട് ചെറുകിട കർഷകർ കരിമ്പു കൃഷിയിൽ നിന്നും പിൻവാങ്ങി. തന്നെയും അതിലേക്ക് ആവശ്യമായ വിറക് തുടങ്ങിയവയുടെ ദൗർബ്ബല്യവും ഒരു കാരണമാണ്. ഇതോടൊപ്പം പമ്പാ ഇറിഗേഷൻ പ്രോജക്ട് ഈ ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും, മെയിൻ കനാലിലും, സബ് കനാലിലും ലഭ്യമായതോടെയും 1964ൽ ഉണ്ടായ ഭക്ഷ്യക്ഷാമം കൊണ്ടും കരിമ്പു കൃഷിക്കാർ നെൽ കൃഷിയിലേക്ക് വീണ്ടും മടങ്ങി വന്നു. ഇപ്പോൾ കരിമ്പു കൃഷി നാമ മാത്രമായിട്ടേയുള്ളൂ.

P.I.P. യിലെ ജലസേചനം അനുഗ്രഹമായി കരുതി നെൽകൃഷിക്ക് താല്പര്യം കാട്ടിയ കർഷകർ നിരാശരായി. വളരെ ചുരുങ്ങിയ കാലം മാത്രം P.I.P. ജലം കൃഷിക്ക് ഉപകരിച്ചു. എന്നാൽ അതേ സമയം P.I.P. ഉറവ കാരണം പല പാടങ്ങളും കൃഷിക്കുപയുക്തമല്ലാതായി തീർന്നു. അത്യുല്പാദന ശേഷിയുള്ള നെൽ വിത്തുകൾ ലഭ്യമായതോടെ നെല്ലുൽപാദനം വർദ്ധിച്ചു. എന്നാൽ കൃഷി സംരക്ഷണ ചിലവ് അധികമായി. കൂടാതെ P.I.P. യിലെ ജലം എല്ലായിടത്തും ആവശ്യാനുസരണം യഥാ സമയം ലഭിക്കാതെ വരികയും കനാലുകളുടെ യഥാസമയ പരിചരണക്കുറവും ജലചേനത്തെ സാരമായി ബാധിക്കയും ചെയ്തു. P.I.P. യുടെ ആവിർഭാവത്തോട് ഗ്രാമത്തിൽ നിലവിലുണ്ടായിരുന്നു Light Irrigation പൂർണ്ണമായി നിർത്തലാക്കുകയാൽ ജലസേചന സൗകര്യം ഇല്ലാതായി ത്തീർന്നു. നെൽകൃഷിക്ക് ജൈവവള പ്രയോഗം സാധാരണയായിരുന്നു. ഇപ്പോൾ ജൈവവളം ലഭിക്കുന്നില്ല. മാർക്കറ്റിൽ കിട്ടുന്ന ജൈവവളത്തിന്റെ ഗുണമേന്മയെപ്പറ്റി കൃഷിക്കാർ ആശങ്കാകുലർ ആകയാലും, അതിന്റെ വിലക്കൂടുതലും കാരണം രാസവള പ്രയോഗമാണ് കൃഷിക്കാർ അവലംബിച്ചിരിക്കുന്നത്. തുടർച്ചയായി നിയന്ത്രണമില്ലാതെയുള്ള രാസവള പ്രയോഗം മണ്ണിന്റെ ഘടനയെത്തന്നെ സാരമായി ബാധിക്കയും കൃഷിക്ക് അനുയോജ്യമല്ലാത്ത അവസ്ഥയിലും എത്തിച്ചേർന്നിരിക്കയാണ്.

## നെൽകൃഷി :

ജലസേചനത്തിന് സൗകര്യമില്ലാത്തതു കൊണ്ട് 3 കൃഷി ചെയ്യാവുന്ന പാടശേഖരങ്ങളിൽ പോലും ഇപ്പോൾ ഒരു കൃഷിയെ സാമാന്യ നിലയിൽ നടക്കുന്നുള്ളൂ. അത്യുൽപാദന ശേഷിയുള്ള പുതിയ ഇനം വിത്തുകളായ ജ്യോതി, ത്രിവേണി, ജയ മുതലായ 4 മാസം കൊണ്ട് വിളവെടുക്കാവുന്നവയാകയാൽ ജലസേചന നിർഗ്ഗമ മാർഗ്ഗങ്ങൾ ഉണ്ടെങ്കിൽ രണ്ടും മൂന്നും വീതം കൃഷി ചെയ്ത് വിളവ് വർദ്ധിപ്പിക്കാവുന്നതാണ്. P.I.P. യുടെ ജലസേചനത്തകരാറു കൊണ്ട് ഉണ്ടാകുന്ന വിള നഷ്ടം പരിഹരിച്ച് കൂടുതൽ നെല്ലുൽപാദനം അനിവാര്യമാണ്. നിലം നികത്ത് ഗ്രാമത്തിൽ ഉണ്ടായിട്ടുണ്ടെങ്കിലും വ്യാപകമായിട്ടില്ല.

## തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | തെങ്ങ് എണ്ണം | | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| | തെങ്ങ് കൃഷി വിസ്തീർണ്ണം | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| | 585 Hetr | 52600 | 61180 | 113780 | 9175 | 10110 | 4570 | — | — | 23855 |

ഈ ഗ്രാമപഞ്ചായത്തിലെ മലമ്പ്രദേശങ്ങളിൽ പുരാതീന കാലം മുതൽക്കേ തെങ്ങായിരുന്നു പ്രധാന കൃഷി. കപ്പ, വാഴ, ചേന തുടങ്ങിയ കിഴങ്ങു വർഗ്ഗങ്ങളും ഇടവിളയായി കൃഷി ചെയ്തിരുന്നു. 2-ാം ലോക മഹായുദ്ധം അവസാനിക്കയും ദാരിദ്ര്യം കൂടികൊള്ളുകയും ചെയ്തതോടു കൂടി തരിശിടാതെ മലമ്പ്രദേശത്ത് കൃഷികാം തുടങ്ങി. P.I.Pയുടെ ജലസേചനം പ്രതീക്ഷിച്ച് തെങ്ങുകൃഷിയും, വാഴ കൃഷിയും വികസിപ്പിച്ചു. എന്നാൽ P.I.P. യുടെ ചോർച്ച കാരണം വാഴകൃഷിയും, നീർക്കെട്ടുകാരണം പലയിടത്തും തെങ്ങ് കൃഷിയും ഫലപ്രദമല്ലാതയും വന്നു. മേൽ കാരണങ്ങൾ കൊണ്ടും കർഷക തൊഴിലാളികളുടെ കൂലി കൂടുതൽ കൊണ്ടും, അഭാവം കൊണ്ടും റബ്ബർ കൃഷിയിലേക്ക് കർഷകർ തിരിഞ്ഞു. നാളികേരത്തിന്റെ വിലക്കുറവും, റബറിന്റെ വിലയും മറ്റൊരു കാരണം കൂടിയാണ്. ഇപ്പോഴും 20 സെന്റ് ഭൂമി വരെ കൈവശമുള്ളവർ റബർ കൃഷിയിലേക്ക് നീങ്ങിയിരിക്കയാണ്.

റബ്ബർ ബോർഡിന്റെ ഉപദേശ പ്രകാരം ഒരു റബ്ബർ ഉല്പാദക സംഘം 1990ൽ നിലവിൽ വരികയും റബ്ബർ ബോർഡ് അംഗീകരിക്കയും ചെയ്തിട്ടുണ്ട്. ലോക ബാങ്കിന്റെ സഹായത്തോടെ സംഘാംഗങ്ങൾക്ക് വളവും കീടനാശിനിയും റബ്ബർ ബോർഡിൽ നിന്നും സൗജന്യ നിരക്കിൽ എല്ലാ വർഷവും സംഘം മുഖേന വിതരണം ചെയ്യുന്നുണ്ട്. ഈ ഗ്രാമ പഞ്ചായത്തിലെ കര ഭൂമിയുടെ പകുതിയിൽ കൂടുതലും റബ്ബർ കൃഷി വ്യാപിച്ചു കഴിഞ്ഞു. മണ്ണും ഇലയും പരിശോധിച്ച് വള പ്രയോഗത്തിന്റെ രീതിയും അളവും റബ്ബർ ബോർഡിൽ നിന്നും ഉപദേശിക്കുന്നുണ്ട്. കർഷകർ റബ്ബർ ഉല്പാദിപ്പിക്കുന്നു എങ്കിലും ഗുണമേന്മയനുസരിച്ച് ന്യായമായ വില ലഭിക്കുന്നില്ല. അതിനുള്ള സംവിധാനവും ഇല്ല.

## നിർദ്ദേശങ്ങൾ

### ജലനിർഗമനം

മണിമലയാറ്റിൽ നിന്നും, വരാപ്പാലത്തിനടിയിൽ ക്കൂടിയും, പാടത്തു പാലത്തിനടിയിൽ കൂടിയും, മാടപ്പള്ളിൽ ഭാഗത്തുള്ള പുത്തൻ തോട്ടിൽ നിന്നുമാണ് ഗ്രാമത്തിലേക്ക് ആറ്റു വെള്ളം വർഷകാലത്ത് പ്രവേശിക്കുന്നത്. 1, 2, 3–ഉം വാർഡിന്റെ ഏതാനും ഭാഗം 4–ാം വാർഡ് 5, 6, 7 എന്നീ വാർഡുകളിലെ ഏതാനും ഭാഗത്തേയും മഴക്കാലത്തെ വെള്ളം സംഭരിക്കുന്നത്. കൊല്ലക്കേരി പാടശേഖരത്തും, കരികുളം പുഞ്ചയിലുമായിട്ടാണ് രണ്ട് പാടശേഖരവും ചേർന്നു കിടക്കുന്നത്. ജൂൺ മുതൽ ആഗസ്റ്റ് വരെയും സെപ്തംബർ, ഒക്ടോബർ മാസങ്ങളിലും ഈ അവസ്ഥയാണ്. ഇവിടുത്തെ വെള്ളം സുഗമമായി ഒഴിഞ്ഞു പോയാൽ 1–ാം വിളയും 2–ാം വിളയും സമൃദ്ധമാകും, അതുപോലെ കരികുളം പുഞ്ചയുടെ ഉയർന്ന ഭാഗത്ത് 2 കൃഷി സുഗമമായി ചെയ്യാവുന്നതാണ്. ഈ ജലം ഒഴിഞ്ഞു പോകാൻ ഒരേ ഒരു മാർഗ്ഗമേ ഉള്ളൂ. കണ്ണാട് കലുങ്കിനടിയിൽ കൂടി. ഈ കലുങ്കിനും വീതി കുറവായതു കൊണ്ടും അതിന്റെ Bed ഉയർന്നതാക കൊണ്ട് ജല നിർഗ്ഗമനത്തിന് കാലതാമസമുണ്ടാകും. തൻനിമിത്തം നെൽകൃഷി ഒന്നും രണ്ടും വിളകാം നശിച്ചു പോകുന്ന അനുഭവമാണുണ്ടായിട്ടുള്ളത്. എന്നാൽ കലുങ്കിന്റെ Bed താഴ്ത്തിയാൽ പുഞ്ചക്ക് വരാംച്ചയുണ്ടാകാം. അതിന് ചെറുതോട് ഭാഗത്ത് ചീപ്പ് നിർമ്മിച്ച് ജലം സംഭരിക്കണം. (200 ഏക്കർ നിലം).

ഇതേ മാതിരി തന്നെ 2, 3 വാർഡുകളിലെ മഴവെള്ളവും, വരാപ്പാലത്തിൻ കിഴിലുള്ള രണ്ടാം വെള്ളവും P.I.P. കനാൽ ചോർച്ച മൂലമുള്ള വെള്ളവും മണ്ണാട്ടു പാടം, കോമങ്കേരി പാടം, തോട്ടപ്പുഴ, പന്നുക, തിരുവാനപുരം പാടം തുടങ്ങിയ പാടശേഖരങ്ങളിൽ സംഭരിച്ച് എക്കാലവും ജലാശയം മാതിരി കിടക്കുന്നതു കൊണ്ട് കൃഷി അസാദ്ധ്യമായിരിരിക്കയാണ്. ഈ ജലം നിർഗ്ഗമിക്കാൻ മണ്ണാട്ടുപാടം മുതൽ കോമങ്കേരി, തോട്ടപ്പുഴ, പന്നുക, തിരുവാനപുരം എന്നീ പാടങ്ങളിൽ ഇപ്പോഴുള്ള തോട് വിതി കൂട്ടിയും ആഴം കൂട്ടിയും ഇരുവശവും ബലമായികെട്ടി നില നിരപ്പിൽ നിന്നും ഉയർത്തി കെട്ടി മണിമലയാറ്റിലേക്ക് ഒഴുക്കാവുന്നത് എത്രയോ ഏക്കർ സ്ഥലത്ത് നെൽകൃഷി ചെയ്യാനാവുന്നതുമാകുന്നു.

ഓതറ പുത്തൻതോട്ടിൽ ചീപ്പ് നിർമ്മിച്ച് നരയൻ കണിപാടം (110 ഏ) ഇരുപ്പൂനിലമാക്കാവുന്നതാണ്. P.I.P. യുടെ ഉറവ ജലം നിർഗ്ഗമിക്കാൻ ഈ പാടത്ത് കരത്തോടു വെട്ടി വെള്ളം പമ്പയാറ്റിലേക്ക് ഒഴുക്കുക. പൂതക്കുഴി ചാലിൽ നിന്നും വരട്ടാറ്റിൽ തയ്യിൽപടി ഭാഗത്തേക്കുള്ള തോട് വിസ്തൃതി കൂട്ടി ബലപ്പെടുത്തി ചീപ്പ് പുനർ സ്ഥാപിക്കുക. ഓതറ വാളോത്തി ചാലിൽ നിന്നും പമ്പയാറ്റിലേക്ക് തോട് വെട്ടുക.

## ജലസേചനം :

മാടപ്പള്ളി പറമ്പിലുണ്ടായിരുന്ന വള്ളംകുളം ലിഫ്റ്റ് ഇറിഗേഷൻ, കാരിമന ലിഫ്റ്റ് ഇറിഗേഷൻ എന്നിവ പുനഃസ്ഥാപിക്കണം. 4–ാം വാർഡിലെ പാടത്തു ചാൽ, വാളോത്തി ചാൽ, മണിമലയാറ്റിൽ 9–ാം വാർഡിൽ ഭൂതക്കുഴി ചാലിലും 11–ാം വാർഡിലെ ആറ്റു പുറത്തു പുരയിടത്തിലും Lift Irrigation സ്ഥാപിക്കുക. അതിലേക്കു ചാലുകൾ താഴ്ത്തി വശങ്ങൾ കെട്ടി ഉറപ്പാക്കണം. ചെമ്പുക ചാലും മുട്ടാറ്റു ചാലും തമ്മിൽ യോജിപ്പിക്കാൻ നിലവിലുള്ള തോട് വീതി കൂട്ടണം. കൊല്ലക്കേരി മുതൽ മുറ്റു ചാൽ വരെയുള്ള തോട് (ആലോലിൽ തോട്) വീതികൂട്ടി അടി കല്ലു കെട്ടി പ്ലാസ്റ്റർ ചെയ്താൽ ഏതു വിധേന ലഭിക്കുന്ന വെള്ളവും നിലം കുടിക്കാതെ കർഷകർക്ക് ഉപയോഗിക്കാം. പടിഞ്ഞാറ്റു മുണ്ടകത്തിൽ നിന്നും ആലോലിൽ തോട്ടിലേക്ക് കനാൽ നിർമ്മിക്കണം (300 മീറ്റർ) ഇത് ജലനിർഗ്ഗമനത്തിനും അവശ്യം വേണ്ടതാണ്. ഭൂതക്കുഴിയിലും Lift Irrigation അത്യന്താപേക്ഷിതമാണ്. ഇതിനും പുറമെ 4–ാം വാർഡിലെ വാളോത്തിചാൽ ചെമ്പു ചാൽ തുടങ്ങി ഗ്രാമത്തിലെ കുളങ്ങൾ വശങ്ങൾ കെട്ടി താഴ്ത്തി സൂക്ഷിച്ചാൽ പച്ചക്കറി കൃഷിക്ക് ഉപയുക്തമായിരിക്കും. P.I.P. യുടെ ജലപ്രവാഹം സുഗമമല്ലാത്തതു കൊണ്ടും, അത് പരിഹരിക്കുക എന്നത് ദുഷ്കരമാക കൊണ്ടുമാണ് മേൽപറഞ്ഞ ജലസേചന സൗകര്യം അനിവാര്യമായി വന്നിട്ടുള്ളത്.

| വാർഡ് നമ്പർ | പൊതു ജലസേചന കിണർ | കുഴൽ കിണർ | കുളം | ക്രോസ് ബാർ | ആയക്കെട്ട (ഹെക്ടർ) |
|---|---|---|---|---|---|
| 1 | | | | | |
| 2 | | | | | |
| 3 | | | 3 | | |
| 4 | | | | | |
| 5 | | | | | |
| 6 | | | | | |
| 7 | Nil | 2 | | | 23 Hetres |
| 8 | | | | | |
| 9 | | 2 | | | |
| 10 | | | | | |
| 11 | | 2 | | | |
| 12 | | | | | |
| 13 | | | | | |
| 14 | | | | | |
| 15 | | | | | |

## ഗ്രൂപ്പ് ഫാമിംഗ് :

1989, 90, 91 കാലയളവിൽ ഗ്രൂപ്പ് ഫാമിംഗ് ചില യിടങ്ങളിൽ നിലവിൽ വന്നു. എന്നാൽ പ്രവർത്തന രഹിതമാണ്. ഗ്രൂപ്പ് ഫാമിംങ്ങ് പുനരുദ്ധരിച്ച് സർക്കാരിൽ നിന്നുമുള്ള ആനുകൂല്യങ്ങൾ ഗ്രൂപ്പ് ഫാമീംഗ് മുഖേന കർഷകരിൽ എത്തിക്കുക. കാളപ്പൂട്ട് ഒരോർമ്മയായി മാത്രം ഈ പഞ്ചായത്തിൽ അവശേഷിച്ചിരിക്കയാണ്. ട്രാക്ടർ, ടില്ലർ എന്നീ ആധുനിക ഉപകരണങ്ങളാണ് ഇപ്പോൾ നിലം ഉഴാൻ ഉപയോഗിക്കുന്നത്. ഈ ജോലി കർഷകർക്ക് താങ്ങാവുന്നതിൽ കൂടുതൽ ചിലവാകയാൽ ട്രാക്ടർ, ടില്ലർ എന്നിവ പാട ശേഖരങ്ങൾതോറുമോ അല്ലാതയോ കർഷക സമതികൾക്ക് സൗജന്യമായി നല്കണം. അതിലേക്ക് ആവശ്യമായ പെട്രോളിയം ഉല്പന്നവും, കർഷകർ സ്വന്ത നിലയിൽ ഉപയോഗിക്കുന്ന പമ്പ് സെറ്റുകൾക്കാവശ്യമായ പെട്രോളിയം ഉല്പന്നവും ഊർജ്ജവും സൗജന്യമായി നല്കണം.

## കീടനാശിനി :

തെങ്ങിനെ ബാധിക്കുന്ന രോഗത്തിന് നിവാരണ മാർഗ്ഗമോ, ശമന മാർഗ്ഗമോ ഇല്ലെന്നാണ് അറിവ്. മഞ്ഞളിപ്പ്, വെള്ളക്കായ് (മച്ചിങ്ങ) പൊഴിയൽ, കൂമ്പു ചീയൽ, കാറ്റുവീഴ്ച, വേരു രോഗം മുതലായ രോഗങ്ങൾക്ക് പ്രതിവിധി നിർദ്ദേശിച്ചിട്ടുമില്ല. നിർദ്ദേശിച്ചവ ഫലപ്രദമല്ലത്തതായി കാണുന്നത്. നെൽകൃഷിക്ക് ആരംഭം മുതൽ വിളവെടുപ്പിനു മുൻപു വരെ രോഗങ്ങളാണ്. അതുപോലെ പച്ചക്കറി കൃഷിക്കും രോഗ ബാധ സർവ്വ സാധാരണമാണ്. നല്ലയിനം വിത്തിനങ്ങൾ യഥാസമയം ലഭിക്കാനും അനുയോജ്യമായ കീടനാശിനികൾ സൗജന്യമായും ലഭിക്കേണ്ടത് ഉല്പാദനത്തിന് ആവശ്യമാണ്.

## ഇൻഷ്വറൻസ് :

വരൾച്ച, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതി ക്ഷോഭം കൊണ്ട് കൃഷി നാശം സംഭവിക്കുന്നവർക്ക് സർക്കാർ നഷ്ടപരിഹാരം നാമ മാത്രമായി നല്കുന്നുണ്ട്. ഈ തുക അപര്യാപ്തമാണ്. അർഹിക്കുന്ന നഷ്ട പരിഹാരം നൽകേണ്ടതും, വിള ഇൻഷ്വറൻസ് നടപ്പാക്കേണ്ടതുമാണ്. 93 – 94, 94 – 95 വർഷങ്ങളിലെ ദുരിതാശ്വാസ വിതരണം താഴെ പറയും പ്രകാരമാണ്.

## ദുരിതാശ്വാസ വിതരണം

| വർഷം | പ്രശ്നബാധിത പ്രദേശത്തിൻെറ വിസ്തീർണം (ഹെക്ടർ) | | | | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾപൊട്ടൽ | | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1993 – 94 | 120 Hetres | | | | 299 | Rs. 13446/- |
| 1994 – 95 | 146 Hetres | | | | 430 | Rs. 55974/- |
| 1995 – 96 | — | | | | — | — |

## കാർഷികോപകരണങ്ങൾ

| വാർഡ് നമ്പർ | ഉഴവുപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | | മെതി യന്ത്രം | തെങ്ങു കയറ്റ യന്ത്രം | ഷോർട്ട ബീം പമ്പുസെറ്റ് |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്ക് സ്പ്രെയർ | നാപ്സ്റ്റാക്ക് സ്പ്രെയർ | മറ്റുള്ളവ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| | 3 | — | 9 | 42 | 98 | — | — | 4 | 79 (Diesel) |

### കൃഷിഭവൻ :

ഗ്രാമപഞ്ചായത്തിൽ ഒരു കൃഷി ഭവൻ പ്രവർത്തിക്കുന്നുണ്ട്. അതിൻെറ പ്രവർത്തനം അപര്യാപ്തമാണ്. വാടക കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്ന ഈ ആഫീസ് ഗ്രാമപഞ്ചായത്തിൻെറ വടക്കു കിഴക്കെ അതിരിലാണ് സ്ഥിതി ചെയ്യുന്നത്. 1 മുതൽ 4 വരെ വാർഡുകളിലെ കൃഷിക്കാർക്ക് ഒരു പക്ഷേ സൗകര്യമാണെങ്കിലും 5 മുതൽ 11 വരെ വാർഡിലെ കൃഷിക്കാർക്ക് കൃഷി ഭവനിൽ എത്തിപെടാൻ ബഹുദൂരം സഞ്ചരിക്കണം. ആകയാൽ കൃഷി ഭവൻ ഗ്രാമപഞ്ചായത്താഫീസിനു സമീപം പ്രവർത്തിക്കുന്നത് എല്ലാ കർഷകർക്കും ഒരു പോലെ ഉപകാര പ്രദമായിരിക്കും. കൃഷിഭവനിൽ 1 ആഫീസറും 1 അസിസ്റ്റൻറും മാത്രമെ സാധാരണ ഉണ്ടാകാറുള്ളൂ. ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചെങ്കിൽ മാത്രമേ അവരുടെ സേവനം കർഷകർക്കു വേണ്ട വിധം ലഭിക്കുകയുള്ളൂ. വിളകളുടെ രോഗ വിവരം കൃഷി ഭവനിലെ ഉദ്യോഗസ്ഥർ നേരിൽ കണ്ടു മനസിലാക്കി ശമന മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നത് ഉചിതമാണ്. അതിലേക്ക് കൃഷി ഉദ്യോഗസ്ഥർ നിർദ്ദിഷ്ട ദിവസങ്ങളിൽ നിർദ്ദിഷ്ട സ്ഥലത്ത് സന്നിഹിതരാകുമെന്നുള്ള സ്ഥിതി വിശേഷം കർഷകർക്ക് അവരുമായി ആശയവിനിമയം നടത്താൻ സൗകര്യമുണ്ടായിരിക്കുന്നതാണ്. എല്ലാവിധ വിത്തിനങ്ങളും കാലാകാലങ്ങളിൽ കർഷകർക്ക് ലഭ്യമാക്കാൻ കൃഷിഭവൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പച്ചക്കറി വിത്തിനങ്ങൾ യഥാസമയം ലഭ്യമായാൽ അടുക്കളത്തോട്ടങ്ങൾ ഗ്രാമപഞ്ചായത്തിൽ വ്യാപകമാകും. കഴിഞ്ഞ 3 കൊല്ലമായി കൃഷി ഭവൻ മുഖേന വിതരണം ചെയ്ത നടീൽ വസ്തുക്കൾ.

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993 – 94 | 1994 – 95 | 1995 – 96 |
| തെങ്ങ് | 200 | 710 | 1225 |
| കശുമാവ് | — | — | — |
| കുരുമുളക് | 4500 | 10000 | 6960 |
| കവുങ്ങ് | — | — | — |
| വാഴവിത്ത് | 2080 | — | — |
| Mango graft | 251 | 100 | 25 + 43 |
| Jack graft | 45 | 112 | 25 + 43 |
| Mangostene | 20 | — | — |
| Rambutan | — | 95 | 43 + 10 |
| Sapota graft | — | — | 12 + 43 |
| Guava layer | — | — | 43 |
| Nutmeg | — | 650 | — |
| Clove | — | 165 | — |

## വിപണനം :

ഗ്രാമപഞ്ചായത്തിൽ നെല്ല് വില്ക്കാൻ മാത്രം ഉല്പാദിപ്പിക്കുന്ന കർഷകർ വിരളമാണ്. സ്വന്തം ആവശ്യത്തിനു മാത്രം ഉല്പാദിപ്പിക്കാനുള്ള ഭൂവിസ്തൃതിയെ മറ്റു കർഷകർക്കുള്ളൂ. എന്നാൽ നാളികേരം, വാഴക്കുല, റബ്ബർ മുതലായവ മദ്ധ്യവർത്തികൾ മുഖേനയാണ് വിപണനം. തൻമൂലം കർഷകർക്ക് ന്യായമായ വില ലഭിക്കുന്നില്ല. വിപണന കേന്ദ്രം, ചങ്ങനാശേരി, ആലപ്പുഴ എന്നീ മലഞ്ചരക്കു വ്യാപാര കേന്ദ്രങ്ങളാണ്. ഗ്രാമത്തിൽ നിന്നും ദൂരെ സ്ഥിതി ചെയ്യുന്ന വ്യാപാര കേന്ദ്രത്തിൽ ചെറുകിട കർഷകർക്ക് നേരിട്ട് വിപണനം ദുഷ്കരമാണ്. ആകയാൽ ഗ്രാമപഞ്ചായത്തിൽ 2 – 3 സ്ഥലങ്ങളിൽ ന്യായമായ വിലക്ക് വിളവുകൾ വാങ്ങുവാൻ വേണ്ട സംവിധാനം ഉണ്ടാകേണ്ടതാണ്.

## വളം :

ഗ്രാമപഞ്ചായത്തിൽ രാസവള വിതരണത്തിന് രണ്ട് Co-operative Society കളും 9 സ്വതന്ത്ര വ്യക്തികളുമുണ്ട്. ജൈവവളവും ടി വ്യാപാരികളുടെ പക്കൽ ഉണ്ടെങ്കിലും അതിന്റെ ഗുണമേന്മയെപ്പറ്റി കർഷകർക്ക് പൂർണ്ണ വിശ്വാസമില്ലാത്തതിനാൽ ജൈവവളം ഉപയോഗിക്കുന്നില്ല. അധികാരികൾ ശുപാർശ ചെയ്ത് നല്ലയിനം ജൈവവളം ലഭിക്കുന്നതിന് വേണ്ടുന്ന നടപടികൾ ത്വരിതപ്പെടുത്തണം.

### രാസവള - കീടനാശിനി വിപണനം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | 1993 – 94 | | | 1994 – 95 | | | 1995 – 96 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | |
| | | കി. ഗ്രാം | ദ്രവം | ഖരം | കി. ഗ്രാം | ദ്രവം | ഖരം | കി. ഗ്രാം | ദ്രവം | ഖരം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| | Fertiliser Pesticider സഹകരണം 2 2 | | | | | | | | | |
| 1. | SCS 1929 Eraviperoor | N 19 Ton | | | N 27Ton | | | N 28 Ton | | |
| 2. | SCB 2163 Vallamkulam | P 12 Ton | 153 ltr. | 442 kgs. | P 20 Ton | 65 ltr. | 644 kgs. | P 19 Ton | 94 ltr. | 468 kgs. |
| | | K 17 Ton | | | K 29 Ton | | | K 26 Ton | | |
| | Fertiliser Pesticider സ്വകാര്യം 9 – 4 | | | | | | | | | |

## നേഴ്സറികൾ :

ധാരളം വിപണണനന സാദ്ധ്യതയുള്ള ഫ്ളോറി കംച്ചറൽ ഓർക്കിഡും, അന്തുറിയം, കുറ്റിമുല്ല എന്നിവക്ക് നേഴ്സറികരം ആവശ്യമാണ്. അതിലേക്ക് താല്പര്യമുള്ള സ്ത്രീ – പുരുഷന്മാരെ സംഘടിപ്പിച്ച് അവർക്ക് വേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും നല്കി നേഴ്സറികളും, കൃഷിയും വർദ്ധിപ്പിക്കണം. നേഴ്സറി നടത്തുന്നവർക്ക് ധനസഹായം ചെയ്യേണ്ടതുമാണ്. പുരോഗമിച്ചു വരുന്ന റബ്ബർ കൃഷിക്കു പ്രേരകമായി റബ്ബർ നേഴ്സറി നടത്തുന്ന കർഷകർക്കും ധനസഹായം ചെയ്യേണ്ടതാണ്.

കർഷകർക്ക് സമൂഹത്തിൽ അംഗീകാരമില്ലാത്ത ഒരവസ്ഥയാണ് ഇപ്പോരം ഉള്ളത്. ഓരോ ഇനം കൃഷിക്കും വാർഡടിസ്ഥാനത്തിൽ നല്ല കർഷകരെ നിഷ്പക്ഷമായി തെരഞ്ഞെടുത്ത് അവാർഡുകരം നല്കിയും അവരെ പ്രോത്സാഹിപ്പിച്ചാൽ സമൂഹത്തിൽ അംഗീകരിക്കപ്പെടുന്നതിന് ഇടയാവുകയും ചെയ്യും.



# 4-2
# മൃഗസംരക്ഷണവും മത്സ്യബന്ധനവും

## ആമുഖം

ഇരവിപേരൂർ പഞ്ചായത്ത് മുഖ്യമായും കാർഷിക മേഖലയിൽപെടുന്ന പ്രദേശമാണ്. ഇവിടുത്തെ മുഖ്യമായ ഉപതൊഴിൽ കന്നുകാലി വളർത്തലും കോഴി വളർത്തലുമാണ്. കന്നുകാലി വളർത്തൽ പോലെ ഇരവിപേരൂർ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ആടു വളർത്തലും പ്രാധാന്യം അർഹിക്കുന്നു. ഈ പഞ്ചായത്തിൽ മത്സ്യബന്ധനത്തിനുള്ള സാദ്ധ്യത കുറവാണെന്നു തന്നെ പറയാം. ഈ പഞ്ചായത്തിൽപ്പെട്ട ഭൂരിഭാഗം വീടുകളിലും ഒരു പശുവും 5 – 6 കോഴികളും ഉണ്ടാകും. താറാവ് വളർത്തൽ കുറെപേരുടെ എങ്കിലും മുഖ്യ തൊഴിൽ ആണ്.

മൃഗസംരക്ഷണ രംഗത്ത് താഴെ തട്ടിൽ നിന്നുള്ള ആസൂത്രണം കണക്കിൽ എടുക്കുമ്പോൾ താഴെ പറയുന്ന ഘടകങ്ങൾക്ക് പ്രാധാന്യം നൽകേണ്ടതുണ്ട്.

1. സാമ്പത്തിക അടിത്തറ – സാമ്പത്തിക ശേഷിയില്ലാതെ മൃഗങ്ങളെയോ പക്ഷികളേയോ വാങ്ങുക സാദ്ധ്യമല്ലല്ലോ ?
2. പക്ഷി – മൃഗ സമ്പത്തിന്റെ ലഭ്യത.
3. തീറ്റയുടെ ലഭ്യത.
4. പ്രജനനത്തിനുള്ള സൗകര്യം.
5. പക്ഷി – മൃഗാദികളുടെ ശാസ്ത്രീയ സംരക്ഷണം.
6. ചികിത്സാ സൗകര്യം.

ഇപ്പോൾ ഇരവിപേരൂർ പഞ്ചായത്തിൽ 1261 കറവ പശുക്കളും, കറവ ഇല്ലാത്ത 556 പശുക്കളും, 878 ആടും, 28 ഉഴവ് മാടുകളും, 21 എരുമകളും ഉണ്ട്. കൂടാതെ 16749 കോഴികളും, 3344 താറാവുകളും ഉണ്ട്. ചുരുക്കം ചില വീടുകളിൽ മുയലുകളെ വളർത്തുന്നുണ്ട്. പ്രത്യുല്പാദനശേഷി വളരെ കൂടുതൽ ആയതിനാൽ ഇറച്ചിയ്ക്കു വേണ്ടി മുയലിനെ വളർത്തുകയാണെങ്കിൽ ലാഭകരമായിരിക്കും.

ഏറ്റവും ഒടുവിൽ ലഭ്യമായ കണക്കുകൾ പ്രകാരം പ്രതിദിനം ഈ പഞ്ചായത്തിൽ 6000 ലിറ്റർ പാൽ ഉൽപ്പാദിപ്പിയ്ക്കുന്നുണ്ട്. ഇരവിപേരൂർ പഞ്ചായത്തിൽ മൂന്ന് ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിയ്ക്കുന്നുണ്ട്. പാൽ സംഭരണ വിതരണ സംവിധാനം എല്ലാ വാർഡുകളിലും ലഭിയ്ക്കത്തക്ക രീതിയിൽ ടി സംഘങ്ങളുടെ പ്രവർത്തനം വ്യാപിപ്പിയ്ക്കേണ്ടതുണ്ട്. കാലിത്തീറ്റയുടെ വില വർദ്ധനവ്, വൈക്കോലിന്റെയും, പുല്ലിന്റെയും ലഭ്യത കുറവ്, ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത തുടങ്ങിയവ കാലിവളർത്തലിനെ പ്രതികൂലമായി ബാധിയ്ക്കുന്ന ഘടകങ്ങളാണ്.

പട്ടിക

| മൃഗങ്ങളുടെ ഇനം | വളർത്തു മൃഗങ്ങൾ | പക്ഷികളും |
|---|---|---|
| പശു | 1817 | |
| കന്നുകാലികൾ | 1268 | |
| എരുമ | 21 | |
| കാള (ഉഴവ്) | 28 | |
| ആട് | 878 | |
| കോഴി | | 16749 |
| താറാവ് | | 3344 |
| മറ്റ് പക്ഷികൾ | | 173 |

മൃഗസംരക്ഷണ മൃഗചികിത്സ രംഗത്ത് ഈ പഞ്ചായത്തിൽ ഓതറയിൽ ഒരു മൃഗാശുപത്രിയും നന്നൂരും നെല്ലാട്ടും ഓരോ ബീജസങ്കലന ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. കാലികളിൽ പൊതുവെ കണ്ടു വരുന്ന രോഗങ്ങൾ അകിട് വീക്കം, കുളമ്പ് രോഗം, ഉപാപചയ (Metabolic) രോഗങ്ങൾ, മുടന്തൻ പനി, വന്ധ്യത മുതലായവയാണ്.

## പ്രധാന പ്രശ്നങ്ങൾ :

1. കാലിതീറ്റയുടെ അമിതമായ വില.
2. പുല്ല്, വൈയ്ക്കോൽ എന്നിവയുടെ ലഭ്യത കുറവ്.
3. മൃഗചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത.
4. കോഴി രോഗം ഫലപ്രദമായി തടയാനുള്ള സംവിധാനത്തിന്റെ അപര്യാപ്തത.
5. ക്ഷീര വിപണന സൗകര്യക്കുറവ്.
6. പേപ്പട്ടി ശല്യം നിയന്ത്രിയ്ക്കുന്നതിനുള്ള സംവിധാനങ്ങളുടെ കുറവ്.

## സാദ്ധ്യതകൾ :

1. ഇരവിപേരൂർ പഞ്ചായത്തിൽ ഇപ്പോഴും മൂന്ന് ക്ഷീരോല്പാദക സഹകരണ സംഘങ്ങളും പ്രവർത്തിയ്ക്കുന്നു. ടി. സംഘങ്ങളുടെ പാൽ സംഭരണ കേന്ദ്രങ്ങളും വിപണന സൗകര്യം ഇല്ലാത്ത വാർഡുകളിൽ ആരംഭിക്കുക. മിച്ചം വരുന്ന പാൽ ഉല്പന്നങ്ങളായി മാറ്റുവാൻ സൗകര്യം ഏർപ്പെടുത്തുക.

2. സഹകരണ സംഘങ്ങളും മുഖേന കുറഞ്ഞ വിലക്ക് കാലിതീറ്റ ലഭ്യമാക്കുക. തീറ്റപ്പുല്ല് കൃഷിക്ക് വിത്തും വളവും സൗജന്യമായി നൽകുക.

3. ഈ പഞ്ചായത്തിൽ ഓതറയിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിയുടെ സേവനം പ്രധാനമായും 8, 9, 10, 11 വാർഡുകളിലുള്ള ക്ഷീര കൃഷിക്കാർക്കാണ് ലഭിക്കുന്നത്. നന്നൂരുള്ള ബീജസങ്കലന ഉപകേന്ദ്രം പ്രവർത്തിക്കുന്നത് സർക്കാർ വക സ്ഥലത്താണ്. ടി. സ്ഥലത്ത് ഒരു കെട്ടിടം പണിത് ഉപകേന്ദ്രം ഡോക്ടറുടെ തസ്തികയോടു കൂടിയ മൃഗാശുപത്രിയായി ഉയർത്തിയാൽ പ്രധാനമായും 4, 5, 6, 7 വാർഡുകളിലെ കർഷകർക്ക് പ്രയോജനമായിരിക്കും. നെല്ലാട്ട് പ്രവർത്തിക്കുന്ന ഉപകേന്ദ്രം 1, 2, 3 വാർഡുകളിലെ ക്ഷീര കർഷകർക്ക് പ്രയോജനപ്പെടത്തക്ക വിധം മാറ്റി സ്ഥാപിക്കേണ്ടതാണ്.

4. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ക്ഷീരകർഷകർക്ക് കാലിത്തൊഴുത്ത് പണിയുന്നതിന് സബ്സിഡി അനുവദിച്ച് പ്രോത്സാഹനം നൽകുക.



5. ഗോബർ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകിയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നു ലോൺ അനുവദിച്ചും സഹായിക്കുക.

6. പഞ്ചായത്ത് പ്രദേശത്തുള്ള എല്ലാ സങ്കരവർഗ്ഗ കന്നുകാലികളേയും മാസ്റ്റർ പോളിസി മുഖേന സൗജന്യ നിരക്കിൽ ഇൻഷ്വർ ചെയ്യുക.

7. പശു വളർത്തൽ മുഖ്യതൊഴിലായി സ്വീകരിക്കാൻ തയ്യാറുള്ള കർഷകർക്ക് മൂന്ന് പശുവും ഒരു തൊഴുത്തും ഒരു യൂണിറ്റായി കണക്കിലെടുത്ത് സബ്സിഡി, ലോൺ എന്നിവ നൽകുക.

8. ആട് വളർത്തലിൽ താല്പര്യമുള്ളവർക്ക് 5 ആടും ഒരു കൂടും യൂണിറ്റായി കണക്കാക്കി സബ്സിഡിയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോൺ നൽകുക.

9. മുട്ടകോഴി കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വിതരണം നടത്തുന്നതിന് പഞ്ചായത്തിൽ ഒരു ഇഗ്ഗർ നഴ്സറി സ്ഥാപിക്കുക. മുട്ടകോഴി വളർത്തലിൽ താല്പര്യമുള്ളവർക്ക് അത്യുല്പാദന ശേഷിയുള്ള കോഴി കുഞ്ഞുങ്ങളും ഒരു കൂടും ലഭ്യമാക്കുക.

10. ഇറച്ചികോഴി വളർത്തലിൽ താല്പര്യം ഉള്ളവർക്ക് 500 കോഴികുഞ്ഞുങ്ങളും ഒരു കൂടും ഒരു യൂണിറ്റായി കണക്കാക്കി അതിനു വേണ്ട സബ്സിഡി, ലോൺ എന്നിവ അനുവദിക്കുക.

11. താറാവ് വളർത്തലിൽ താല്പര്യമുള്ളവർക്ക് 250 താറാവും ഒരു കൂടും ഒരു യൂണിറ്റായി കണക്കാക്കി സബ്സിഡി, ലോൺ എന്നിവ അനുവദിക്കുക.

12. പഞ്ചായത്തിലുള്ള മുഴുവൻ കോഴികളേയും പ്രതിരോധ കുത്തിവയ്പ് നടത്താൻ സൗകര്യം ഏർപ്പെടുത്തുക.

13. മുയൽ വളർത്തലിൽ താല്പര്യമുള്ള കർഷകർക്ക് 5 ജോടി മുയൽ കുഞ്ഞുങ്ങളും ഒരു കൂടും വാങ്ങുന്നതിന് സഹായിക്കുക.

14. പേപ്പട്ടി ശല്യം തടയുക, വളർത്തു നായ്ക്കളെ മുഴുവൻ പ്രതിരോധ കുത്തിവയ്പ് നടത്തി ലൈസൻസ് നിർബന്ധമാക്കുക. അലഞ്ഞ് തിരിയുന്ന നായ്ക്കളെ നശിപ്പിക്കുവാൻ സംവിധാനം ഉണ്ടാക്കുക.

## മത്സ്യബന്ധനവും മീൻ വളർത്തലും :

മീൻ വളർത്തൽ മുഖ്യതൊഴിലായി സ്വീകരിക്കുവാൻ കുറെ ആളുകൾ മുൻപോട്ടു വന്നിരിക്കുന്ന സാഹചര്യത്തിൽ 10 സെൻറ് വിസ്തൃതിയുള്ള ഒരു കുളം ഒരു യൂണിറ്റായി കണക്കാക്കി 25,000 രൂപ സബ്സിഡി ഉൾപ്പെടെ ലോണായി നൽകേണ്ടതാണ്. മത്സ്യ ബന്ധനം മുഖ്യ തൊഴിലാക്കിയിട്ടുള്ള ചെറിയൊരു വിഭാഗം ആളുകൾ ഈ പഞ്ചായത്തിൽ ഉണ്ട്. അവർക്ക് മൂന്നുപേർ ഒരു യൂണിറ്റായി കണക്കാക്കി വള്ളവും വലയും വാങ്ങുന്നതിന് 15,000 രൂപ സബ്സിഡി ഉൾപ്പെടെ ലോൺ അനുവദിക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽപെട്ട ചാലുകളും, കുളങ്ങളും വികസിപ്പിച്ച് മത്സ്യക്കുഞ്ഞുങ്ങളെ വളർത്തുന്നതിന് ഉപയുക്തമാക്കാവുന്നതാണ്.

# 4-3
# വ്യവസായം

ഇരവിപേരൂർ പഞ്ചായത്ത് വ്യാവസായ മേഖലയിൽ പണ്ടു മുതൽക്കേ തുടക്കമിട്ടെങ്കിലും കാര്യമായ നേട്ടം ഇതുവരെ ഈ രംഗത്ത് ഉണ്ടായിട്ടില്ല. ഈ പഞ്ചായത്തിനെ സംബന്ധിച്ച് വ്യവസായ വളർച്ചയ്ക്കാവശ്യമായിട്ടുള്ള അനുകൂല ഘടകങ്ങളായ ഉയർന്ന തോതിലുള്ള സാക്ഷരത, ഉയർന്ന ആരോഗ്യ നിലവാരം, വാർത്താ വിനിമയ സൗകര്യങ്ങൾ, ഉയർന്ന ഉപഭോഗ നിലവാരം. സുഖ സൗകര്യങ്ങളോടെ ജീവിക്കാനുള്ള പ്രവണത എന്നിവയെല്ലാം ഉണ്ടെങ്കിലും വേണ്ട രീതിയിൽ വ്യവസായ വളർച്ച കൈവരിക്കാൻ കഴിയാത്തത് പ്രധാനമായും താഴെ പറയുന്ന കാരണങ്ങൾ കൊണ്ടാണ്.

1. മുഖ്യ കാർഷികോൽപന്നമായ കരിമ്പ്, നെല്ല് ഇവയുടെ ഉൽപാദനരംഗത്ത് പുരോഗമനമില്ല. കരിമ്പിന് ഉന്മൂലനാശം വന്നുവെന്നു തന്നെ പറയാം. കരിമ്പിന്റെ വിലക്കുറവും, പാടങ്ങൾ വർങ്ങളായി വെള്ളം കെട്ടികിടക്കുന്നതും കരിമ്പു കൃഷിയെ കാര്യമായി ബാധിച്ചു.
2. ചൂരൽ, ഈറ തുടങ്ങിയ കൊണ്ടുള്ള സഹകരണ മേഖല വർഷങ്ങളായി നടന്നു വന്നെങ്കിലും ചൂരൽ, ഈറ ഇവയുടെ വില കൂടുതലും കൂടിയ കൂലിയും ഈ വ്യവസായത്തെ തളർത്തി.
3. സാങ്കേതിക പരിജ്ഞാനക്കുറവ്.
4. ധനസഹായം കിട്ടാനുള്ള ബുദ്ധിമുട്ട്.
5. വിപണന സാദ്ധ്യത കുറവ്.
6. പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴിലാളികൾക്കും കൈത്തൊഴിലുകാർക്കും പരിശീലനം ലഭിക്കാൻ സാദ്ധ്യത കുറവ്.
7. സാങ്കേതിക പരിശീലനം ലഭിച്ച തൊഴിൽ രഹിതർക്കു തൊഴിൽ നൽകാനുള്ള സാദ്ധ്യതയില്ല.
8. ഒരു സംരംഭകന് അത്യാവശ്യമായി വേണ്ടുന്ന മാനസീക തയ്യാറെടുപ്പിന്റെ ശക്തമായിട്ടുള്ള പ്രേരണ കുറവ്.
9. വ്യവസായ മേഖലയുമായുള്ള സമ്പർക്ക കുറവ്.
10. വ്യവസായ വികസനവുമായി ബന്ധപ്പെട്ട ശാസ്ത്രീയ ബോധവൽക്കരണകുറവ്.
11. മരവ്യവസായത്തിനാവശ്യമായ തടി ലഭിക്കാനുള്ള ബുദ്ധിമുട്ട്.
12. അസംസ്കൃത വസ്തുക്കളും സാങ്കേതിക തൊഴിലാളികളെയും കിട്ടാനുള്ള ബുദ്ധിമുട്ട്.

## വൈദ്യുതിയും വിതരണവും :

പഞ്ചായത്തിൽ കൂടുതൽ ശക്തിയുള്ള ട്രാൻസ്ഫോർമർകൾ സ്ഥാപിച്ചും സബ് സ്റ്റേഷൻ നിർമ്മിച്ചും വ്യവസായ പുരോഗതിക്കാവശ്യമായ വൈദ്യുതിയുടെ അപര്യാപ്തത പരിഹരിക്കാം.

നല്ല നിലവാരമുള്ള ജനറേറ്ററുകൾ നൽകിയും അവ വാങ്ങുവാൻ സബ്സിഡി കൊടുത്തും വ്യവസായ യൂണിറ്റുകൾ പ്രവർത്തന നിരതമാക്കാം.

ഇരവിപേരൂരിൽ വ്യവസായ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 104 യൂണിറ്റുകൾ ഉണ്ട്. ഇതിൽ വനിതാ യൂണിറ്റുകളും സൊസൈറ്റികളും ഉൾപ്പെടും.

## മിനി വ്യവസായ എസ്റ്റേറ്റ് :

ഭാവിയിൽ സ്ഥലത്തിന്റെ ലഭ്യത കുറയുവാൻ സാദ്ധ്യതയുള്ളതിനാൽ ചുരുങ്ങിയത് അഞ്ചേക്കർ സ്ഥലമെങ്കിലും പഞ്ചായത്ത് എറ്റെടുത്ത് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആക്കണം. ഗതാഗതവും വാർത്താവിനിമയ സൗകര്യവും വെള്ളവും ലഭ്യമാകുന്ന സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് ഉണ്ടാക്കാൻ പഞ്ചായത്ത് ശക്തമായി മുൻപോട്ടു വരണം. മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് ലഭ്യമായ സ്ഥലം ഇരവിപേരൂർ റ്റി.കെ. റോഡിൽ Petrol Pump–ന് മുൻവശം മലങ്കടവ്ചാൽ വരെ വ്യാപിച്ചു കിടക്കുന്ന നിലം പഞ്ചായത്ത് വിലകൊടുത്ത് നികത്തി വേണ്ട നടപടികൾ എടുക്കേണ്ടതാണ്.

## മറ്റു ഗ്രാമ സഭാ നിർദ്ദേശങ്ങൾ :

1. ക്ഷീരോല്പാദന സഹകരണ സംഘം
2. സിമൻറ് ഇഷ്ടിക നിർമ്മാണം
3. തഴപായ്, കുട്ട, പാഴ്തടി കൊണ്ടുള്ള ഫർണിച്ചർ, വുഡൻ ടോയ്സ് മറ്റു കരകൗശല വസ്തുക്കൾ ഇവ ഉണ്ടാക്കുന്നതിനുള്ള കേന്ദ്രങ്ങൾ തുറക്കണം.
4. റബ്ബർ പാൽ സംഭരണ കേന്ദ്രവും അതിനോടനുബന്ധമായി റബ്ബർ ഉല്പ്പന്നങ്ങൾ (കുഷ്യൻസ്, മാറ്റ്, കൈയ്യുറകൾ, ചെരുപ്പ് മുതലായവ) ഇവയ്ക്കുള്ള യൂണിറ്റുകൾ തുടങ്ങണം.
5. നോട്ടുബുക്ക് നിർമ്മാണവും ബുക്ക് ബൈൻഡിംഗും സ്ത്രീകൾക്കായി തുടങ്ങാം.
6. കുറ്റിമുല്ല, ആന്തൂറിയം, ഓർക്കിഡ് മുതലായവ വിപുലമായി കൃഷിചെയ്ത് export ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കണം.
7. കൂടുതൽ വനിതകൾക്ക് തയ്യലിൽ താല്പര്യം ഉള്ളതുകൊണ്ട് വസ്ത്ര നിർമ്മാണ യൂണിറ്റുകൾ തുടങ്ങാവുന്നതാണ്.
8. പഴങ്ങൾ ധാരാളമായി കിട്ടുന്ന സീസണിൽ അവ ശേഖരിച്ച് ജാം, സ്കാഷ്, ഡ്രൈ ഫ്രൂട്ട്സ്, അച്ചാറുകൾ തുടങ്ങിയവ ഉണ്ടാക്കാനുള്ള യൂണിറ്റുകൾ തുടങ്ങാം.
9. തേനീച്ച വളർത്തൽ, കോഴി വളർത്തൽ, ആടു വളർത്തൽ മുതലായ തൊഴിലില്ലായ്മ പരിഹരിക്കുവാൻഉതകുന്ന പദ്ധതികളാണ്.
10. വീടുകളിൽ ഉപയോഗ ശുന്യമായ തൊണ്ടുകൾ ഉപയോഗിച്ച് കോക്കനട്ട് ഫൈബർ യൂണിറ്റ് തുടങ്ങാൻ സാദ്ധ്യത വളരെയുണ്ട്.
11. പ്ലാസ്റ്റിക് ഇൻഡസ്ട്രീ-പ്ലാസ്റ്റിക് പാത്രങ്ങൾ ഡപ്പികൾ, ബക്കറ്റ്, ടോയ്സ് മുതലായവ ഉണ്ടാക്കുക.

## നിർദ്ദേശങ്ങൾ :

വ്യവസായം തുടങ്ങുന്നതിന് താല്പര്യമുള്ളവരുടെ ഒരു പട്ടിക പഞ്ചായത്തിൽ ശേഖരിക്കുന്നതിനാവശ്യമായ പരസ്യം നൽകുകയും അതിൽ നിന്ന് വ്യവസായ സംരംഭകരെ വാർത്തെടുക്കുന്നതിന് പരിശീലനം നൽകുകയും പരിശീലനം നൽകുന്നതിന് താഴെപറയുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഒരു സ്ഥിര പരിശീലന കേന്ദ്രം ജില്ലാ തലത്തിൽ തുടങ്ങുകയും വേണം.

1. District Industries Centre, Kozhencherry P.O.
2. Women Industrialists Association, Pathanamthitta
3. Centre for Management Development, Trivandrum
4. Kerala Productivity Council, Kalamassery.
5. Common Fecility Service Center, Changanassery
6. Indian Institute of Fashion Technology, Madras.

1974-75-ൽ ഇരവിപേരൂരിൽ ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കാൻ തോട്ടപ്പുഴ ഭാഗത്ത് ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറ് വേണ്ട നടപടികൾ എടുത്തതാണ്. പിന്നീട് ആ സ്ഥലം ലക്ഷം വീടു കോളനിയാക്കി മാറ്റി. പണ്ടു മുതൽക്കേ ഇരവിപേരൂരിൻെറ സ്വപ്നമായിരുന്നു. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വർഷങ്ങളായി പാഴ്നിലമായികിടന്ന 350 ഏക്കർ പാടം ഇതിനായി വിനിയോഗിക്കാവുന്നതാണ്. ഇരവിപേരുരിൻെറ ഉയർച്ചയ്ക്കും വ്യവസായ പുരോഗതിയ്ക്കും ഇത് നല്ലതാണ്.

T.K. റോഡിൽ പെട്രോൾ പമ്പിനുമുൻവശം ഷോപ്പിംഗ് കോംപ്ലക്സ്.

തറയശ്ശേരിഭാഗം ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

ബാക്കിഭാഗം മീൻവളത്തൽ കേന്ദ്രം

വനിതകളെ സ്വന്തം കാലിൽ നിർത്താനും അവരുടെ ഉന്നമനത്തിനുമായി കൂടുതൽ വനിതായൂണിറ്റുകൾ ഉണ്ടാകേണ്ടതാണ്. പരമ്പരാഗത തൊഴിലുകളായ ഈറ, ചൂരൽ ഇവകൊണ്ടുള്ള ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുവാൻ, പഞ്ചായത്ത് മുൻപോട്ടുവരേണ്ടതാണ്. ഈറ, ചൂരൽ, മെഴുക് ഇവ ഗവ. Quota- യിൽ ലഭ്യമായാൽ മിതമായ വിലക്ക് ഇവകൊണ്ടുള്ള ഉല്പന്നങ്ങൾ വിറ്റഴിക്കാൻസാധിക്കും, മെഴുക് പല യുണിറ്റുകളും Govt. Quota-യിൽ വാങ്ങി വിലകൂടുതലിന് വെളിയിൽ വിറ്റഴിക്കുന്നുണ്ട്.

ഇരവിപേരൂരിനെ സംബന്ധിച്ചിടത്തോളം കൂടുതൽ വിദേശമലയാളികൾ ഉണ്ടെങ്കിൽ പോലും പണം മുടക്കി risk എടുക്കാൻ തല്പരരല്ല. അവരെ മുൻപോട്ടുകൊണ്ടുവരാനും കുടുതൽ ഇൻഡസ്ട്രീസ് തുടങ്ങുവാനും അവർക്ക് വ്യവസായ സംരംഭങ്ങളെപ്പറ്റിയുള്ള ആശങ്ക അകറ്റുവാനും വിജയകരമായ വ്യവസായം നടത്തിക്കൊണ്ടുപോകുന്ന വ്യവസായികളുമായി ആശയ വിനിമയം നടത്തുവാനും പര്യാപ്തമായ രീതിയിൽ സെമിനാറുകളും പഠനയാത്രയും സംഘടിപ്പിക്കണം. കുടാതെ

വ്യവസായ ഡിപ്പാർട്ടുമെൻറിൽ നിന്നുള്ള ആനുകൂല്യങ്ങൾ കരസ്ഥമാക്കാനും ക്ലാസ്സുകൾ നടത്തണം. വ്യവസായ രംഗത്തേക്ക് വരുന്നവർക്ക് വൈദ്യുതി ഉറപ്പു വരുത്തുന്നതിന് നിലവിലുള്ള എല്ലാ വൈദ്യുതി ലൈനുകളും ത്രീ ഫെയ്സ് ആക്കി മാറ്റണം. കൂടാതെ സമർത്ഥരായ തൊഴിലാളികളേയും ബോധവൽക്കരിക്കണം.

കണ്ടെത്തുന്ന വ്യവസായ സംരംഭകരെ നിരന്തരമായി പ്രോത്സാഹിപ്പിച്ച് വ്യവസായങ്ങൾ തുടങ്ങുവാനും യുവാക്കൾക്ക് വ്യവസായം നടത്തുവാൻ loan അനുവദിച്ചാൽ areawise Bank–കൾ പ്രത്യേകിച്ച് Eraviperoor Federal Bank–ഉം, Vallamkulam Catholic Syrian Bank. പല കാരണങ്ങൾ പറഞ്ഞ് loan കൊടുക്കുന്നില്ല. ആയതിനാൽ ചെറിയ വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ പറ്റാതെ പലരും വിഷമിക്കുന്നു. Collateral Security ഇല്ലാതെ അനുവദിക്കുന്ന ഈ ലോൺ ഇവിടുത്തെ കൊമേഴ്സ്യൽ ബാങ്കുകൾ നിരസിക്കുന്നു. കൂടാതെ 25% നാഷണൽ ഇക്വിറ്റി ഫണ്ടായി 1% സർവ്വീസ്



ചാർജ്ജോടു കൂടിയ മാർജിൻ മണിയും ആർക്കും വേണ്ടത്ര രീതിയിൽ ലഭ്യമാക്കുന്നില്ല. പുതിയ വ്യവസായ സംരംഭകരെ കോമേഴ്സ്യൽ ബാങ്കുകാർ നിരുത്സാഹപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇതിൽ പഞ്ചായത്ത് മുൻപോട്ടു വന്ന് പരിഹാരം കണ്ടെത്തണം. എങ്കിൽ മാത്രമേ പുതിയ വ്യവസായങ്ങൾ ഉണ്ടാവൂ. ചെറിയ തോതിൽ തുടങ്ങിയ പല വ്യവസായങ്ങളും ഇന്ന് വൻകിട വ്യവസായങ്ങളായി മാറിയിട്ടുണ്ടെന്ന് ചരിത്രം നമ്മളെ പഠിപ്പിക്കുന്നു.

പ്രസ്തുത രംഗത്തെ നല്ല നിലയിൽ പ്രാവർത്തികമാക്കാനുമുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുവാൻ ഒരു സ്ഥിരം മോണിറ്ററിംഗ് കമ്മറ്റിയെ രൂപീകരിക്കുയും വേണം. 'വ്യവസായ കേരളം' എന്ന മാസിക പഞ്ചായത്തുകളിലും, ലൈബ്രറികളിലും നിലവിലുള്ള എല്ലാ യൂണിറ്റുകളിലും വരുത്തണം.

Prime Ministers Rosgar Yojana (PMRY) Scheme –ൽ task force – ൽ 35 വയസ്സിൽ താഴെയുള്ള യുവതി

# 4-4
# വിദ്യാഭ്യാസം

പത്തനംതിട്ട ജില്ലയിൽ തിരുവല്ല താലൂക്കിൽ, തിരുവല്ലയിൽ നിന്നും ഏഴു കി. മീ. കിഴക്ക് തിരുവല്ല – കോഴഞ്ചേരി റോഡിന് ഇരുവശങ്ങളിലുമായിട്ടാണ് ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. ഈ പഞ്ചായത്ത് വിദ്യാഭ്യാസരംഗത്ത് ഉന്നത നിലവാരം പുലർത്തുന്നു. ഇരവിപേരൂർ പഞ്ചായത്ത് നിവാസികൾക്ക് കോളേജ് വിദ്യാഭ്യാസത്തിനു വേണ്ടി തിരുവല്ലാ, ചങ്ങനാശ്ശേരി, പരുമല, ചെങ്ങന്നൂർ, കോഴഞ്ചേരി, മല്ലപ്പള്ളി (തുരുത്തിക്കാട്) എന്നീ സ്ഥലങ്ങളിലുള്ള കോളജുകളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. മേൽപ്പറഞ്ഞ കോളജുകളെ എത്തിച്ചേരുന്നതിന് പത്തു മുതൽ ഇരുപതു വരെ കിലോമീറ്റർ ബസ് യാത്ര നടത്തേണ്ടിയിരിക്കുന്നു. രണ്ടും മൂന്നും ബസുകൾ കയറിയിറങ്ങിയാൽ മാത്രമേ പ്രസ്തുത കോളജുകളിൽ എത്തിച്ചേരുവാൻ കഴിയുകയുള്ളു. സമയത്തിനു കോളജുകളിൽ എത്തിച്ചേരുകയെന്നത് വളരെ ദുഷ്കരമാണ്.

130 വർഷം പഴക്കമുള്ളതും മഹാകവി വെണ്ണിക്കുളം ഗോപാലക്കുറുപ്പ് പ്രാഥമിക വിദ്യാഭ്യാസം ചെയ്തതുമായ വള്ളംകുളം ഗവൺമെൻറ് യു. പി. എസ്. ഈ പഞ്ചായത്തിലാണ്. നൂറിലധികം വർഷം പഴക്കമുള്ള മറ്റു വിദ്യാലയങ്ങളും ഈ പഞ്ചായത്തിലുണ്ട്. എന്നാൽ കോളജ് വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഈ പഞ്ചായത്തിലില്ല. തന്മൂലം സാധാരണക്കാർക്ക് കോളജ് വിദ്യാഭ്യാസം വളരെ ദുഷ്കരമാണ്.

മൂന്ന് ഹൈസ്ക്കൂളുകളും ഒരു ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടും ആറ് അപ്പർ പ്രൈമറി സ്കൂളുകളും എട്ട് ലോവർ പ്രൈമറി സ്കൂളുകളും ആറ് ഇംഗ്ലീഷ് മീഡിയം അൺ–എയ്ഡഡ് സ്കൂളുകളും ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. എന്നാൽ ഗവൺമെൻറ് മേഖലയിൽ ഒറ്റ ഹൈസ്ക്കൂൾ പോലും ഈ പഞ്ചായത്തിലില്ല. 1964നു മുമ്പ് ഈ പഞ്ചായത്തിൽ ഉള്ളവർക്ക് ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനുള്ള ഏകാവലംബം പഞ്ചായത്തിൻെറ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന സെൻറ് ജോൺസ് ഹൈസ്ക്കൂൾ ആയിരുന്നു. സാമ്പത്തികശേഷിയുള്ള അപൂർവ്വം ചിലർ തിരു
വല്ല എസ്. സി. എസ്. ഹൈസ്ക്കൂളിനെയും
ച്ചിരുന്നു.

തിരുവിതാംകൂറിൽ ഇംഗ്ലീഷ് വിദ്യാഭ്യാസ
ത്തിൽ വന്ന കാലഘട്ടത്തിലാണ് ഇരവിപേരൂ
ജോൺസ് ഹൈസ്ക്കൂൾ ആരംഭിച്ചത്. പഞ്ചാ
ള്ള ഹൈസ്ക്കൂളിലെ ബോധനമാദ്ധ്യമം മല
എന്നാൽ ഇരവിപേരൂർ സെൻറ് ജോൺസ് ഹൈ
ളിൽ 5–ാം സ്റ്റാൻഡേർഡ് മുതൽ രണ്ടു
നുകളും വള്ളംകുളം നാഷണൽ ഹൈസ്ക്കൂ
ക്ലാസ്സു മുതൽ ഒരു ഡിവിഷനിലും ഇംഗ്ലീഷ്
ക്ലാസുകൾ നടത്തി വരുന്നുണ്ട്. വള്ളംകുളം ന
ഹൈസ്ക്കൂളിൽ 5 മുതൽ 10 വരെയുള്ള ക്ലാ
സംസ്കൃത ഭാഷയും താല്പര്യമുള്ളവർക്ക്
തിനുള്ള സൗകര്യമുണ്ട്. പഞ്ചായത്തിലുള്ള
പ്രൈവറ്റ് എയ്ഡഡ്, അൺ–എയ്ഡഡ് എ
ലകളിൽ പ്രവർത്തിച്ചു വരുന്ന വിദ്യാലയങ്ങ
അവയിലുള്ള അദ്ധ്യാപകരുടെയും വിദ്യാർത
യും സ്ഥിതിവിവരക്കണക്ക് അനുബന്ധമായി
രിക്കുന്നു.

### അനുബന്ധം എ – 1

പ്രൈവറ്റ് മേഖലയിൽ പ്രവർത്തിച്ചു വ
ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മാത്ര
പഞ്ചയത്തിലുള്ളത്. സെൻറ് ജോൺസ് ഇംഗ്ല
സ്ക്കൂളിലെയും, നാഷണൽ ഇംഗ്ലീഷ് ഹൈ
ലെയും എസ്. എസ്. എൽ. സി. വിജയ
സാമാന്യം തൃപ്തികരമാണ്. എന്നാൽ ഓതറ
എൻ. എസ്. എസ്. ഹൈസ്ക്കൂളിലെ വിജയ
തൃപ്തികരമല്ല. പ്രസ്തുത സ്കൂളിൻെറ പ
ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു
എസ്. എൽ. സി. വിജയകളിൽ 50 ശതമാനത്ത
കം പേർ കോളജ് വിദ്യാഭ്യാസത്തിന് പോകുന്നു
റ്റൂ, പോളി ടെക്നിക്, ഐ. ടി. ഐ. കമ്പ്യൂ
നിംഗ് സെൻറർ തുടങ്ങിയവയൊന്നും പഞ്ചാ
ല്ല. അതിനാൽ ഇത്തരം തൊഴിലധിഷ്ഠിത കോ

ക്കായി വിദ്യാർത്ഥികൾ വിദൂരസ്ഥലങ്ങളിലേക്ക് പോകേണ്ടി വരുന്നു. പതിനൊന്നു വാർഡുകളുള്ള ഈ പഞ്ചായത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന മൂന്ന് ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മാത്രമാണുള്ളത്. അതും ഇംഗ്ലീഷിനു മാത്രം. ഒൻപതാം വാർഡിൽ ഓതറ നസ്രേത്ത് ആശ്രമം വകയായി നഴ്സറി, തൊഴിലധിഷ്ഠിത കോഴ്സുകൾ എന്നിവ നടത്തി വരുന്നു. മൂന്ന് ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂളുകളും മൂന്ന് മലയാളം മീഡിയം നഴ്സറി സ്കൂളുകളും സാമാന്യം നന്നായി പ്രവർത്തിച്ചു വരുന്നു. പഞ്ചായത്തിലെ 7–ാം വാർഡിൽ വിദ്യാഭ്യാസ സ്ഥാപനം, ഓർത്തഡോക്സ് പള്ളിവകയായി നടത്തുന്ന ഒരു നഴ്സറി സ്കൂൾ മാത്രമാണ്. ബധിരരും, മൂകരും, അംഗവൈകല്യമുള്ളവരുമായ കുട്ടികൾക്ക് വിവിധ തരം തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകി വരുന്നു കാർത്തികാ നായർ മെമ്മോറിയൽ റിഹാബിലിറ്റേഷൻ സെൻറർ 6–ാം വാർഡിൽ പ്രവർത്തിച്ചു വരുന്നു. കേരളത്തിൻെറ വിവിധ സ്ഥലങ്ങളിൽ നിന്നുമുള്ള ആൺകുട്ടികളും പെൺകുട്ടികളും ഇവിടെ താമസിച്ച് സൗജന്യമായി അദ്ധ്യായനം നടത്തുന്നു.

പഞ്ചായത്തിലുള്ള എല്ലാ സ്കൂളുകളിലും ഓരോ വർഷവും കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നു. പഞ്ചായത്തിനു പുറത്തുള്ള എസ്. സി. എസ്., എം. ജി. എം., സെൻറ് മേരീസ്; ബാലികാമഠം, ബഥനി അക്കാഡമി, തിരുമൂലപുരം യു. പി. എസ്., ചിന്മയാ മിഷൻ തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വാഹനങ്ങൾ പഞ്ചായത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കേണ്ട കുട്ടികളെ അവരുടെ സ്ഥാപനങ്ങളിലേക്ക് കൊണ്ടു പോകുന്നുണ്ട്. സാമ്പത്തിക ശേഷിയുള്ള രക്ഷകർത്താക്കൾ തങ്ങളുടെ കുട്ടികളെ ഇത്തരം സ്കൂളുകളിൽ അയച്ചു പഠിപ്പിക്കുവാൻ താല്പര്യം കാട്ടുന്നു.

## ആവശ്യങ്ങൾ :

1. പഞ്ചായത്തിൽ സർക്കാർ തലത്തിൽ കോളേജ് ആരംഭിക്കുക.
2. ഒരു ടി.ടി.ഐ, പോളി ടെക്നിക്, എന്നിവ സ്ഥാപിക്കുക.
3. സെൻറ് ജോൺസ് ഹൈസ്കൂളിൽ ഒരു പ്ലസ് ടു കോഴ്സ് ആരംഭിക്കുക.
4. വള്ളംകുളം യു.പി. എസ്; യു.പി.ജി.എസ്. ഇരവിപേരൂർ എന്നീ സ്കൂളുകളിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ കോഴ്സുകൾ നടത്തുക.
5. നാലാം വാർഡിൽ തിരുവല്ലാ കോഴഞ്ചേരി റോഡിൻെറ അരുകിൽ സ്ഥിതി ചെയ്യുന്ന വള്ളംകുളം യു.പി. സ്കൂളിൻെറ ചുറ്റുമതിൽ കെട്ടുകയും (ബാക്കി ഭാഗം) സ്കൂളിനു മുൻപിലുള്ള റ്റി.കെ. റോഡിൽ കൂടിയുള്ള വാഹനങ്ങളുടെ വേഗത നിയന്ത്രിക്കുന്നതിന് ആവശ്യമായ സൈൻ ബോർഡുകൾ സ്ഥാപിക്കുകയും ചെയ്യുക.
6. അഞ്ചാം വാർഡിൽ വള്ളംകുളം ഗവ. എൽ.പി. എസി.ൻെറ മുൻവശംത്ത് തട്ടുതട്ടായി കിടക്കുന്ന സ്ഥലം മണ്ണെടുത്ത് താഴ്ത്തി ലവൽ ചെയ്ത് കളിസ്ഥലമായും സ്കൂൾ അസംബ്ലി കൂടുന്നതിനു ഉപയോഗപ്രദമാക്കുക.
7. വള്ളംകുളം ഗവ.എൽപിഎസ്സ് ൻെറ റോഡിനു കിഴക്കുവശത്തുള്ള കെട്ടിടത്തിനു പുറകുവശം മതിൽ കെട്ടി സുരക്ഷിതമാക്കുക
9. കോഴിമല സെൻറ് മേരീസ് യു.പി.എസ്; ഓതറ സി.എം.എസ്, എൽ.പി.എസ് എന്നിവയ്ക്കു ചുറ്റുമതിൽ ആവശ്യമാണ്.
10. പ്രൈമറി സ്കൂളുകളിലെ അദ്ധ്യായന നിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടി പ്രാഥമാദ്ധ്യാപകരെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കുക.
11. എൽ.പി.; യു.പി. സ്കൂളുകളിൽ ഡ്രോയിംഗ്, ഡ്രിൽ, സംഗീതം തുടങ്ങിയ വിഷയങ്ങൾ പഠിപ്പിക്കുവാൻ നിശ്ചിത യോഗ്യതയുള്ള സ്പെഷ്യൽ ടീച്ചേഴ്സിനെ നിയമിക്കുക.
12. പെൻഷൻ, സ്ഥലംമാറ്റം എന്നിവമൂലമുണ്ടാകുന്ന അദ്ധ്യാപക ഒഴിവുകൾ യഥാസമയം നികത്തുക.
13. എല്ലാ യു.പി. സ്കുളുകളിലും ലൈബ്രറി സൗകര്യവും ലാബോറട്ടറി സൗകര്യവും ഏർപ്പെടുത്തുകയും അവ ഫലപ്രദമായി ഉപയോഗിക്കാൻ ശ്രദ്ധിക്കുയും ചെയ്യുക.
14. പ്രാഥമികാവശ്യങ്ങൾക്കുള്ള മൂത്രപ്പുര, കക്കൂസ് എന്നിവ ആവശ്യമുള്ള സ്ഥാപനങ്ങളിൽ ഏർപ്പെടുത്തുകയും കുടിവെള്ളക്ഷാമം പരിഹരിക്കുകയും ചെയ്യുക.
15. നിലത്തെഴുത്ത് കളരി ആശാൻമാരുടെ ഗ്രാൻഡ് വർദ്ധിപ്പിക്കുകയും ഗ്രാൻഡില്ലാതെ പ്രവർത്തിക്കുന്ന ആശാൻമാർക്ക് ഗ്രാൻഡ് അനുവദിക്കുകയും ചെയ്യുക.

## നിർദ്ദേശങ്ങൾ :

1. പഞ്ചായത്തിൽ ഭേദപ്പെട്ട നിലവാരത്തിലുള്ള ഒരു സ്റ്റേഡിയം സ്ഥാപിക്കുക.
2. യു.പി. സ്കൂളുകൾ മുതൽ വിനോദ പഠന യാത്രകൾ നിർബ്ബന്ധമാക്കുക.
3. പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലും അർഹരായവർക്ക് ഉച്ചക്കഞ്ഞി നൽകുകയും പഞ്ചായത്തിൽ നിന്നും നൽകിവരുന്ന ധനസഹായം വർദ്ധിപ്പിക്കുകയും ചെയ്യുക.
4. ജൂൺ മാസത്തിനു മുൻപായി മുഴുവൻ സ്കുളുകളുടെയും അറ്റകുറ്റപ്പണികൾ നടത്തുകയും ഉപകരണങ്ങളുടെ അപര്യാപ്തത പരിഹരിക്കുകയും ചെയ്യുക.
5. എല്ലാ .സ്കുളുകളിലും യുണിഫോം ഏർപ്പെടുത്തുക
6. റേഡിയോ ഇല്ലാത്ത സ്കുളുകളിൽ അവ വിതരണം ചെയ്യുക.
7. എല്ലാ സ്കുളുകളിലും പി.ടി.; മാതൃസംഘം എന്നിവ നിർബ്ബന്ധമാക്കുക.
8. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി സ്പെഷ്യൽ ക്ലാസുകൾ സംഘടിപ്പിക്കുക.
9. പ്രശസ്ത വിജയികൾക്ക് അവാർഡ് നൽകി ആദരിക്കുക.
10. സാക്ഷരതാ പ്രവർത്തനം പുനരാരംഭിക്കുക.
11. കായിക പരിശീലനത്തിനുള്ള സ്ഥലസൗകര്യം എല്ലാ എൽ.പി, യുപി. സ്കുളുകളിലും സജ്ജമാക്കുക.

മേൽ സൂചിപ്പിച്ച ആവശ്യങ്ങളും നിർദ്ദേശങ്ങളും പഞ്ചായത്തിലെ വിവിധ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നവയാണ്..



## സ്കൂളുകളുടെ സ്ഥിതിവിവരകണക്ക്
## ഹൈസ്കൂളുകൾ

| ക്രമ നമ്പർ | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേര് | ഗവ./എയ്ഡഡ് | വിദ്യാർത്ഥികൾ | | | SC/ST വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. | സെന്റ് ജോൺസ് ഹൈസ്ക്കൂൾ ഇരവിപേരൂർ | എയ്ഡഡ് | 880 | 531 | 1411 | 125 | 50 | 175 | 8 | 36 | 44 |
| 2. | നാഷണൽ ഹൈസ്ക്കൂൾ | ടി | 257 | 264 | 521 | 62 | 91 | 153 | 8 | 18 | 26 |
| 3. | ഡി.വി.എൻ.എസ്.എസ്. ഹൈസ്ക്കൂൾ, ഓതറ | ടി | 45 | 40 | 85 | 28 | 21 | 49 | 4 | 2 | 6 |

(അവലംബം സർവ്വേറിപ്പോർട്ട്)

## സ്കൂളുകളുടെ സ്ഥിതിവിവരകണക്ക്
## യു. പി. സ്കൂൾ

| ക്രമ നമ്പർ | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേര് | ഗവ/എയ്ഡഡ് | വിദ്യാർത്ഥികൾ | | | SC/ST വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | സെന്റ് മേരീസ് യു.പി.ജി.എസ്. ഇരവിപേരൂർ | എയ്ഡഡ് | - | 148 | 148 | 2 | 3 | 5 | 0 | 5 | 5 |
| 2 | ഗവ. യു. പി. ജി. എസ്. ഇരവിപേരൂർ | ഗവ. | 28 | 32 | 60 | 4 | 3 | 7 | 2 | 5 | 7 |
| 3 | ഗവ. യു. പി. എസ്. വള്ളംകുളം | ഗവ. | 74 | 79 | 153 | 5 | 7 | 12 | 2 | 10 | 12 |
| 4 | കെ. എച്ച്. എം. യു. പി. എസ്. വള്ളംകുളം | എയ്ഡഡ് | 12 | 15 | 27 | 5 | 3 | 8 | - | 3 | 3 |
| 5 | സെന്റ്. മേരീസ് യു. പി. എസ്. കോഴിമല | ടി | 266 | 252 | 518 | 60 | 42 | 102 | - | 13 | 13 |
| 6 | എൻ.എസ്.എസ്.കെ.യു.പി.എസ്. കിഴക്കനോതറ | ടി | 15 | 16 | 31 | 9 | 7 | 16 | 2 | 4 | 6 |

(അവലംബം സർവ്വേറിപ്പോർട്ട്)

## സ്കൂളുകളുടെ സ്ഥിതിവിവരകണക്ക്
## എൽ. പി. സ്കൂളുകൾ

| ക്രമ നമ്പർ | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേര് | ഗവ./എയ്ഡഡ് | വിദ്യാർത്ഥികൾ | | | SC/ST വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | സെന്റ് ജോൺസ് എൽ.പി.എസ്. ഇരവിപേരൂർ | എയ്ഡഡ് | 58 | 49 | 107 | 0 | [illegible] | 1 | 1 | 3 | 4 |
| 2 | ഇ. എ. എൽ. പി. എസ്. തേവർകാട് | ടി | 27 | 30 | 57 | 6 | 7 | 13 | 1 | 2 | 3 |
| 3 | എൽ. പി. ജി. എസ്. ഇരവിപേരൂർ | ഗവ. | 19 | 13 | 32 | - | - | - | - | 3 | 3 |
| 4 | എൽ. പി. എസ്. ഇരവിപേരൂർ | ടി | 34 | 42 | 75 | 13 | 11 | 24 | 2 | 2 | 4 |
| 5 | ഡി. വി. എൽ. പി. എസ്. വള്ളംകുളം | ടി | 59 | 56 | 115 | 18 | 20 | 38 | 1 | 4 | 5 |
| 6 | ഗവ. എൽ. പി. എസ്. വള്ളംകുളം | ടി | 43 | 39 | 82 | 2 | 1 | 3 | - | 4 | 4 |
| 7 | എൽ. പി. എസ്. കിഴക്കനോതറ | എയ്ഡഡ് | 40 | 46 | 86 | 4 | 3 | 7 | 1 | 3 | 4 |
| 8 | സി.എം.എസ്.എൽ.പി.എസ്.ഓതറ | ടി | 27 | 39 | 66 | 14 | 10 | 24 | 1 | 3 | 4 |

(അവലംബം സർവ്വേറിപ്പോർട്ട്)

## ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്
## കിഴക്കനോതറ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഗവ./എയ്ഡഡ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. | റ്റി. റ്റി. ഐ. കിഴക്കനോതറ | എയ്ഡഡ് | 24 | 20 | 44 | | | 7 |

അവലംബം സർവ്വേ റിപ്പോർട്ട്

## C. S. I. Vocational Training centre for Deaf

| Sl. No. | സ്ഥാപനത്തിന്റെപേര് | ഗവ./എയിഡഡ് | വിദ്യാർത്ഥികൾ | | | അധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | C. S. I. Vocational Training centre for Deaf | എയിഡഡ് | 25 | 25 | 50 | | | 6 |

(അവലംബം സർവ്വേ റിപ്പോർട്ട്)

## ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ സ്ഥിതിവിവരക്കണക്ക്

| | വിദ്യാലയത്തിന്റെ പേര് | ഗവ./പ്രൈവറ്റ് | വിദ്യാർത്ഥികൾ | | | അധ്യാപകർ | | | Sc/St | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. | സെന്റ്മേരീസ് ഇംഗ്ലീഷ്മീഡിയം വള്ളംകുളം | പ്രൈവറ്റ് | 40 | 20 | 60 | - | 6 | 6 | 8 | 6 | 14 |
| 2. | O. E. M. പബ്ലിക്സ്കൂൾ | പ്രൈവറ്റ് | 198 | 177 | 375 | 1 | 20 | 21 | 1 | 3 | 4 |
| 3. | ഇമ്മാനുവേൽ ഇംഗ്ലീഷ് മീഡിയം | പ്രൈവറ്റ് | 115 | 107 | 222 | - | 9 | 9 | - | - | - |
| 4. | കിന്റർഗാർട്ടൻ ഇംഗ്ലീഷ് മീഡിയം | പ്രൈവറ്റ് | 50 | 44 | 94 | - | 4 | 4 | 2 | 3 | 5 |
| 5. | ബാലഭവൻ ഇംഗ്ലീഷ്മീഡിയം സ്കൂൾ ഇരവിപേരൂർ | പ്രൈവറ്റ് | 238 | 186 | 424 | - | 23 | 23 | - | - | - |
| 6. | വിവേകാനന്ദ ഇംഗ്ലീഷ് മീഡിയം | പ്രൈവറ്റ് | 66 | 59 | 125 | 1 | 6 | 7 | - | - | - |

(അവലംബം സർവ്വേ റിപ്പോർട്ട്)

## കാർത്തികാനായർ മെമ്മോറിയൽ പുനരധിവാസകേന്ദ്രം.
### (For Handicaped)

| Sl. | സ്ഥാപനത്തിന്റെപേര് | ഗവ./എയിഡഡ് | വിദ്യാർത്ഥികൾ | | | Sc/st | | | അധ്യാപകർ | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ. | ആൺ | പെൺ | ആകെ | പു. | സ്ത്രീ. | ആകെ |
| | കാർത്തികാനായർ മെമ്മോറിയൽ പുനരധിവാസകേന്ദ്രം (For Handicaped) | എയിഡഡ് | 28 | 24 | 52 | 4 | 3 | 7 | 4 | 5 | 9 |

(അവലംബം വിദ്യാഭ്യാസ സർവ്വേ റിപ്പോർട്ട്)

## ഭൗതികസാഹചര്യങ്ങൾ

| സ്കൂളിന്റെ പേര് | കെട്ടിടം | കളിസ്ഥലം | ഉപകരണങ്ങൾ | ലൈബ്രറി | ലബോറട്ടറി | റേഡിയോ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി | ചുറ്റുമതിൽ |
|---|---|---|---|---|---|---|---|---|---|---|---|
| 1. സെന്റ്ജോൺസ് ഹൈസ്കൂൾ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട്. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2. നാഷണൽ ഹൈസ്കൂൾ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 3. ഡി. വി.എൻ.എസ്സ്. എസ്സ്. ഹൈസ്കൂൾ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 4. സെന്റ്മേരീസ് യു. പി. എസ്സ്. ഇരവിപേരൂർ | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 5. ഗവ. യു. പി. എസ്സ്. വള്ളംകുളം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 6. ഗവ. യു. പി. ജി. എസ്സ് ഇരവിപേരൂർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 7. കെ. എച്ച്. എം. യു. പി. എസ്സ് വള്ളംകുളം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 8. സെന്റ്മേരീസ് യു. പി. എസ്. കോഴിമല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 9. എൻ. എസ്സ്. എസ്സ്. കെ. യു. പി. എസ്സ് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 10. സെന്റ് ജോൺസ്. എൽ. പി. എസ് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 11. ഇ. എ. എൽ. പി.എസ്. തേവർകാട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 12. എൽ. പി. ജി. എസ്സ്. ഇരവിപേരൂർ | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 13. എൽ. പി. ജി. എസ്സ്. ഇരവിപേരൂർ | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 14. ഡി. വി. എൽ. പി. എസ്സ്. വള്ളംകുളം | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 15. ഗവ. എൽ. പി. എസ്സ്. വള്ളംകുളം | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 16. എൽ. പി. എസ്സ്. കിഴക്കനോതറ | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 17. സി. എം. എസ്സ്. എൽ. പി. എസ്സ്. ഓതറ | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| **Un aided English Medium** | | | | | | | | | | | |
| 1. വിവേകാനന്ദ ഇംഗ്ലീഷ് മീഡിയം | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 2. സെന്റ്മേരീസ് ഇംഗ്ലീഷ് മീഡിയം | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 3. ഒ. ഇ. എം. പബ്ലിക്ക്സ്കൂൾ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 4. ഇമ്മാനുവേൽ ഇംഗ്ലീഷ് മീഡിയം | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 5. കിന്റർഗാർട്ടൺ ഇംഗ്ലീഷ് മീഡിയം ഓതറ | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 6. ബാലഭവൻ ഇരവിപേരൂർ | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |

(അവലംബം സർവ്വേ റിപ്പോർട്ട്)

# 4-5
# കുടിവെള്ളവും പൊതുജനാരോഗ്യവും

## ഇരവിപേരൂർ പഞ്ചായത്ത് റൂറൽ വാട്ടർസപ്ലൈ സ്കീം

കേന്ദ്ര ഗവ:സഹായത്തോട് ഇരവിപേരൂർ പഞ്ചായത്തിന് മാത്രമായി വിഭാവനം ചെയ്ത ഒരു വാട്ടർ സപ്ലൈ സ്കീം ആണ് ഇത്. P. I. P കനാലിന്റെ കവിയൂർ ബ്രാഞ്ച് കനാലിൽ കൂടിവരുന്ന വെള്ളത്തിന്റെ ഒരു ഭാഗം മണിമലയാറ്റിൽ ഒഴുകുകയാണ്. ഈ പദ്ധതിയുടെ വാട്ടർസോഴ്സ്. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ഈ കനാലിന്റെ അറ്റകുറ്റപണിയുടെ താമസം പഞ്ചായത്തിലെ ജലവിതരണത്തെ സാരമായി ബാധിച്ചു. പഞ്ചായത്തിൽ പല ഭാഗത്തു വെള്ളത്തിന്റെ ബുദ്ധിമുട്ട് അനുഭവപ്പെട്ടു. കുടിവെള്ളത്തോടൊപ്പം കൃഷിയ്ക്കും കവിയൂർ ബ്രാഞ്ച് കനാലിൽ കൂടി വെള്ളം ഒഴുക്കേണ്ടത് അത്യാവശ്യമാണ്. ജനുവരി മാസം മുതൽ മെയ് മാസംവരെ കനാൽവെള്ളം ഒഴുക്കേണ്ടതാണ്.

P. I. P കനാലിൽ കൂടി ഒഴുകേണ്ട വെള്ളം കാർബോറാണ്ടം യൂണിവേഴ്സൽ എന്ന പ്രൈവറ്റ് കമ്പനിക്ക് വൈദ്യുതി ഉൽപ്പാദനത്തിനായി കൊടുത്തിരിയ്ക്കുന്നതായി അറിയുന്നു. പദ്ധതിയുടെ ആരംഭത്തിൽനിന്നും വെള്ളം തിരിച്ച് ഈ പ്രദേശത്ത് കുടിവെള്ള ക്ഷാമവും കൃഷിക്കു വേണ്ടിയുള്ള വെള്ളത്തിനും രൂക്ഷമായ പ്രശ്നമാണ് ഇതു മൂലം ഉണ്ടായിരിക്കുന്നത്. ആയതിനാൽ മണിയാർ ഡാമിൽ നിന്നു വേനൽക്കാലത്ത് വെള്ളം നിയന്ത്രിക്കാൻ സർക്കാർ തലത്തിൽ സ്വീകരിക്കേണ്ടതാണ്. P.I.P കനാലിൽ വെള്ളം ഇല്ലാതെ വന്നാൽ പരോക്ഷമായി ഇത് കുട്ടനാട് വാട്ടർ സപ്ലൈ സ്കീമിനെയും ബാധിക്കുന്നതാണ്.

അടിയന്തിരമായി ഈ വർഷംതന്നെ മണിമലയാറ്റിൽ വാട്ടർ സപ്ലൈ സ്കീമിന്റെ കിണറിന് താഴെയായി ഒരു തടയണ കെട്ടേണ്ടതാണ്. കൂടാതെ പുറമറ്റം പഞ്ചായത്തിനും, കുറ്റൂർ പഞ്ചായത്തിനും ഈ സ്കീമിൽ നിന്നും വെള്ളം കൊടുക്കുന്നത് ഈ പഞ്ചായത്തിനെ പ്രതികൂലമായി ബാധിക്കുന്നു. ഈ രണ്ട് പഞ്ചായത്തുകളിലും മറ്റ് സ്കീമിനോട് ചേർത്ത് വെള്ളം വിതരണം നടത്തുകയോ, ഈ രണ്ടു പഞ്ചായത്തുകൾക്കും പുതിയ പദ്ധതികൾ നടപ്പിലാക്കുകയോ ചെയ്ത് ഇരവിപേരൂർ പഞ്ചായത്തിലെ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ പൈപ്പ്ലൈൻ നീട്ടി വെള്ളം വിതരണം നടത്തേണ്ടതാണ്.

ആവശ്യമുള്ള ഭാഗങ്ങളിൽ പ്രഷർകൺട്രോൾ സിസ്റ്റം സ്ഥാപിക്കുക.

ആവശ്യമുള്ള ഭാഗങ്ങളിൽ Air release Valves കൊടുക്കുക.

കൺട്രോൾ വാൽവ് കൊടുത്ത് ഫ്ലോ നിയന്ത്രിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

ഇരവിപേരൂർ പഞ്ചായത്തിലെ വാട്ടർ സപ്ലൈസ്കീമിന് വേണ്ടി പഞ്ചായത്തിന്റെ പണമുപയോഗിച്ചും വസ്തു ഉടമസ്ഥർ സ്വമേധയാ തന്നെ സ്ഥലങ്ങളും കേരളവാട്ടർ അതോറിറ്റിയ്ക്ക് കൈമാറ്റം ചെയ്തതാണ്. ഇരവിപേരൂർ പഞ്ചായത്തിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുമ്പോൾ മറ്റു പഞ്ചായത്തുകൾക്ക് ഈ സ്കീമിൽ നിന്നും വെള്ളം നല്കുന്നത് ന്യായീകരിക്കാവുന്നതല്ല.

മണിമലയാറ്റിൽ നിന്നു മണൽ വാരുന്നതുകാരണം ആറ്റിലെ വാട്ടർ ലെവൽ താണുപോയിരിക്കുന്നു. വേനൽക്കാലത്ത് സമീപപ്രദേശങ്ങളിലെ കിണറുകൾ വറ്റുന്നു. ആയതിനാൽ മണിമലയാറ്റിലെ മണൽലേലം നിർത്തിവെയ്ക്കേണ്ടതാണ്.

ഓതറ പ്രദേശത്ത് ശുദ്ധജലവിതരണത്തിന്റെ സുഗമമായ നടത്തിപ്പിന് പത്താം വാർഡിലെ ചേന്നനാത്ത് പുതിയ തായി പമ്പു ഹൗസും ട്രീറ്റ്മെന്റ്പ്ലാന്റും സ്ഥാപിച്ച് ഇപ്പോൾ നിലവിലുള്ള ഇരിഞ്ഞിമോടി ടാങ്കിലേക്ക് പമ്പ് ചെയ്ത് ജലവിതരണം നടത്താവുന്നതാണ്.

നന്നൂർ വള്ളംകുളം ഭാഗത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ അഞ്ചാം വാർഡിലെ അമ്മനത്ത് കടവിൽ പമ്പു ഹൗസും ട്രീറ്റ് മെന്റ് പ്ലാന്റും സ്ഥാപിച്ച് ഇപ്പോൾ നിലവിലുള്ള പുത്തൻകാവ് മലടാങ്കിലേക്ക് പമ്പ് ചെയ്താൽ 4,5,6 വാർഡുകളിലെ ജലക്ഷാമത്തിനും പരിഹാരം ഉണ്ടാക്കാം.

കോഴിമലയിൽ പുത്തോട്ട് കടവിൽ ഒരു കിണർ കുഴിച്ച് പുന്നാട്ട കുന്നുമലയിൽ ഒരു ടാങ്ക് നിർമ്മിച്ച് അതിലേക്കു വെള്ളം നിറച്ചാൽ എട്ടാം വാർഡിലെ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

കറ്റോട് വാട്ടർ സപ്ലൈ പമ്പ് ഹൗസിനു താഴെ തടയണ നിർമ്മിച്ചാൽ ആ പ്രദേശത്തെ കിണറുകളിലെ വെള്ളം വേനൽക്കാലത്ത് വറ്റാതെ സൂക്ഷിക്കാവുന്നതാണ്.

# പൊതുജനാരോഗ്യം

ആരോഗ്യരംഗത്ത് ഇപ്പോൾ താഴെപറയുന്ന സംവിധാനങ്ങൾ പ്രവർത്തിക്കുന്നു.

അലോപ്പതി ആശുപത്രി -1, സ്വകാര്യശുപത്രി -3, മാതൃശിശുസംരക്ഷണകേന്ദ്രങ്ങൾ -3, സർക്കാർ ആയുർവേദാശുപത്രി-1, ഹോമിയോ ഡിസ്പൻസറികൾ-3, ശുചീകരണ പ്രവർത്തനങ്ങൾക്കായി 4 ജോലിക്കാരുണ്ട്.

അധികാരം ജനങ്ങളിലേക്ക്. ജനങ്ങൾ ജനങ്ങളാൽ ഭരിക്കപ്പെടുന്നു. ഒരു ഭരണം ആഗ്രഹിച്ച ജനങ്ങൾക്ക് ഇന്നു അതു സാദ്ധ്യത ആകുകയാണ്. ഇതിനു ജനപങ്കാളിത്വം അനിവാര്യമാണ്. ജനങ്ങളുടെ നിസ്വാർത്ഥമായ സഹകരണം ലഭിച്ചാൻ ഈ ചിരാഭിലാക്ഷം പ്രാവർത്തികമാകും. ആരോഗ്യവകുപ്പിന്റെ തലത്തിൽ മാത്രമുള്ള പ്രവർത്തനം കൊണ്ട് അതിന്റെ പേരായ്മകളും പരാധീനതകളും പരിഹരിക്കപ്പെടുവാൻ സാദ്ധ്യമല്ല, ആയതിനാൽ ഇപ്പോൾ നമുക്ക് ലഭിച്ചിരിക്കുന്ന ഈ അസുലഭ സന്ദർഭം പ്രാവർത്തികമാക്കുവാൻ നമുക്ക് ഒന്നായി പ്രവർത്തിക്കാം. അതിനുവേണ്ടി ത്യാഗമനോഭാവത്തോടുകുടി പ്രവർത്തിക്കാം. ജനങ്ങളെ പങ്കാളികളാക്കാം.

## വാർഡ് 1

ഇരവിപേരൂർ പഞ്ചായത്തിൽ ഒന്നാം വാർഡിന്റെ ആവശ്യങ്ങളും പരാധീനതകളും താഴെചേർക്കുന്ന ഈ വാർഡിൽ ഒരു പ്രത്യേക "ആരോഗ്യകേന്ദ്രമോ ഫാമിലി പ്ലാനിംഗ് വെൽഫെയർ സെന്ററോ ഇല്ല. ഇവയിൽ ഏതെങ്കിലും ഒന്നു സ്ഥാപിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമാറകണം. പല ഭവനങ്ങളിലും കക്കൂസ് ഇല്ല. ജനപങ്കാളിത്വത്തോടുകൂടി കക്കൂസില്ലാത്ത ഭവനങ്ങൾക്ക് അവ നിർമ്മിച്ച് കൊടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. സാമ്പത്തിക ബുദ്ധിമുട്ടാണ് ഇപ്രകാരം കക്കൂസില്ലാത്തതിനു കാരണം. നെല്ലാട് കവലയ്ക്കു സമീപം പൊതുഉപയോഗത്തിനായി ഒരു മൂത്രപ്പുര നിർമ്മിച്ച് പൊതു ജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കേണ്ടതാണ്.

ആരോഗ്യബോധവൽക്കരണ പരിപാടിയുടെ ഭാഗമായി ഫിലിംഷോ, സെമിനാറുകൾ ഇവ നടത്തി മലിനീകരണം, രോഗപ്രതിരോധം, പോഷകാഹാരകുറവു ഇവയെ കുറിച്ച് അറിവുതരികയും, ശുചികരണം, ആരോഗ്യശീലം എന്നിവ വളർത്താൻവേണ്ട നടപടികൾ സ്വീകരിക്കുകയും വേണം.

നെല്ലാട് കവലയിൽ ചപ്പുചവറുകൾ ഇടുവാൻ കോൺക്രീറ്റ് പെട്ടികൾ വയ്ക്കുകയും അവ നീക്കം ചെയ്യുവാനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം. മലിനജലം ഒഴുകിപോകുവാനുള്ള ഓടകൾ നിർമ്മിച്ച് കൊതുകു നിവാരണം ഈച്ച നിവാരണം എന്നിവ നടത്തികൊടുക്കേണ്ടതുമാണ്.

## വാർഡ് 2

സെന്റ് ജോൺസ് ഹൈസ്ക്കൂളിന് പടിഞ്ഞാറുവശത്തുകൂടി വടക്കോട്ടുപോകുന്ന റോഡിൽ പൊതുജനങ്ങൾ പതിവായി മൂത്രവിസർജ്ജനം ചെയ്യുന്നതു തടയുക. ഇരവിപേരൂർ ജംഗ്ഷനു സമീപം ഒരു പൊതു മൂത്രപ്പുര നിർമ്മിക്കേണ്ടതാണ്. ഒരു പൊതുജനാരോഗ്യ കേന്ദ്രത്തിനു വാർഡിലെ ജനങ്ങൾ ആവശ്യപ്പെടുന്നു. ഹോട്ടലുകൾ, ചായകടകൾ, പൊതുനിരത്തിലുള്ള മത്സ്യ വില്പന, ഇറച്ചികടകൾ, പച്ചക്കറി, പഴവർഗ്ഗകടകൾ എന്നിവയിൽനിന്നും പുറംതള്ളപ്പെടുന്ന വസ്തുക്കൾ നിമിത്തം അവയിൽനിന്നുണ്ടാകുന്ന ദുർഗ്ഗന്ധം തടയുന്നതിനും, നീക്കംചെയ്യുന്നതിനും, ആരോഗ്യവകുപ്പിന്റെ സഹകരണത്തോട് സന്നദ്ധസംഘടനകൾ വേണ്ടക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

## വാർഡ് 3

ഈ വാർഡിൽ ആരോഗ്യസംരക്ഷണത്തിനുള്ള സംവിധാനങ്ങൾ കുറവാണ്. സാമ്പത്തിക പരാധീനതകൾ നിമിത്തം പല ഭവനങ്ങളിലും കക്കൂസുകളും മൂത്രപ്പുരകളും ഇല്ല. കിണറുകൾക്കു ചുറ്റുമതിൽ ഇല്ല. തൻനിമിത്തം കിണറുകളിലെ ജലം മലിനപ്പെടുന്നു. ഇവയ്ക്കുവേണ്ട പരിഹാരമാർഗ്ഗം കണ്ടെത്തേണ്ടതാണ്. കൊതുകു പെരുകൽ തടയുന്നതിനുള്ള സത്വരനടപടി സ്വീകരിക്കേണ്ടതാണ്. കുളി കടവുകളിൽ കന്നുകാലികളെ കുളിപ്പിക്കുന്നതും വാഹനങ്ങൾ കഴുകുന്നതും കർശനമായി തടയണം. കോളനികളിൽ കക്കൂസ് നിർമ്മിച്ച് കൊടുക്കണം. ആരോഗ്യബോധവൽക്കരണ ക്ലാസുകളും, രോഗനിർണ്ണയ ക്ലാസുകളും നടത്തി ജനങ്ങളെ ബോധവാന്മാരാക്കേണ്ടതാണ്.

## വാർഡ് 4

ഈ വാർഡിൽ 30 വീടുകൾക്കു കക്കൂസ് ഇല്ല. പൊതുജനാരോഗ്യകേന്ദ്രമോ Sub: center- കളോ ഇല്ല. ശിശുരോഗങ്ങൾ, ത്വക്കുരോഗങ്ങൾ, വയ്റസ് രോഗങ്ങൾ, പ്രമേഹം മുതലായവ സാധാരണമാണ് ചികിത്സാ സൗകര്യങ്ങൾ അപര്യാപ്തമാണ്.

മലിനജലം, ചപ്പ്ചവറുകൾ ഇവനിമിത്തം ആ പ്രദേശത്തുള്ളവർക്കു പ്രയാസങ്ങൾ നേരിടുന്നു. ഇറച്ചിക്കടകൾക്കു പ്രത്യേക Stage നിർമ്മിക്കുക. മാർക്കറ്റിൽ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുവാനുള്ള കുളിമുറി, കക്കൂസ്, മൂത്രപ്പുര ഇവ സ്ഥാപിക്കുക. മാർക്കറ്റിൽവച്ച് ആടുമാടുകളെ കൊല്ലുന്നതും, അവശിഷ്ടങ്ങൾ മാർക്കറ്റിലും പരിസരത്തും ഉപേക്ഷിക്കുന്നതും കർശനമായും തടയേണ്ടതുമാണ്. മാർക്കറ്റിൽ ശുചീകരണം കാര്യക്ഷമമാക്കുക.

## വാർഡ് 5

ഈ വാർഡിൽ ഒരു ഫാമിലി വെൽഫെയർ സെന്റർ പ്രവർത്തിക്കുന്നു. ഈ സെന്റർ P.H.C.ആയി ഉയർത്തി രോഗികളെ കിടത്തി ചികിത്സിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. കാരുവള്ളി, പുലിയപ്പാറ ഈ ഭാഗങ്ങളിൽ $1/_3$ ഭാഗം വീടുകൾക്കു കക്കൂസ് ഇല്ല. സാമ്പത്തിക പരാധീനതയാണ് ഇതിനു കാരണം. പഞ്ചായത്തിൽനിന്നും പൊതുപങ്കാളിത്വത്തോട് കക്കൂസ് നിർമ്മിച്ച് ഈ ഭാഗത്തുള്ളവരെ സഹായിക്കുക.

## വാർഡ് 6

ആറാംവാർഡിൽ ഒരു ആയൂർവേദ ആശുപത്രി നാല്പതിൽപരം വർഷമായി നിലവിൽ ഉണ്ട്. എന്നാൽ അപര്യാപ്തതയാണ് അധികവും. രോഗികളെ കിടത്തി ചികിത്സിക്കുന്നതിനോ, രോഗികൾക്കും സ്റ്റാഫിനും പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് ഒരു മൂത്രപുരയോ കക്കൂസോ ഇല്ല. ഇപ്പോൾ നിലവിലുള്ള ഈ സ്ഥാപനത്തിൽ ഒരു ലേഡി ഡോക്ടർ ഉൾപ്പെടെ 4 ജോലിക്കാർ പ്രവർത്തിയ്ക്കുന്നു. ദിവസേന 80-തിൽപരം രോഗികൾ കടന്നുവന്നു ചികിത്സ ഉപയോഗപ്പെടുത്തുന്നു. ആശുപത്രി സമയം പഴയരീതിയിൽ 8-മുതൽ 11-30 വരെയും, വൈകിട്ട് 5 മണിവരെയും ആക്കി പ്രവർത്തിക്കുവാൻ നാട്ടുകാർ ആവശ്യപ്പെടുന്നു. പ്രസ്തുത ആശുപത്രി വിഷചികിത്സയോടുകൂടിയ 50 കിടക്കകൾ എങ്കിലും ഉള്ള ഒരു ആശുപത്രിയായി ഉയർത്തി നാട്ടുകാരുടെ ചികിത്സാ സൗകര്യം വർദ്ധിപ്പിച്ച് കൊടുക്കേണ്ടതാണ്.

കക്കൂസ് ഇല്ലാത്ത വീടുകളുടെ എണ്ണം വളരെ കൂടുതലാണ്. സാമ്പത്തിക ബുദ്ധിമുട്ടാണ് കാരണം. പൊതുജനസഹകരണത്തോടും പഞ്ചായത്തിന്റെ സഹായത്തോടുംകൂടി കക്കൂസുകൾ നിർമ്മിച്ച് ഈ പ്രശ്നം പരിഹരിക്കേണ്ടതാണ്. വള്ളംകുളം നന്നൂർ ജംഗഷനിൽ റോഡരികിൽ ഉള്ള മത്സ്യവ്യവസായം നിമിത്തം പലരോഗങ്ങളും ഉണ്ടാകുവാൻ സാദ്ധ്യത ഉണ്ട്. മത്സ്യവ്യവസായത്തിനു പ്രത്യേക സ്ഥലം കണ്ടുപിടിച്ച് അവിടേക്കു മാറ്റേണ്ടതും റോഡരികിൽ ഉള്ള ചപ്പുചവറുകൾ ഇടുവാൻ പ്രത്യേകം സംവിധാനം ഉണ്ടാകേണ്ടതും റോഡരികിലുള്ള ചപ്പുചവറുകൾ ഇടുവാൻ പ്രത്യേകം സംവിധാനം ഉണ്ടാകേണ്ടതും എല്ലാ ദിവസവും അതു മാറ്റുവാൻ ഏർപ്പാട് ചെയ്യേണ്ടതുമാണ്.

കെട്ടികിടക്കുന്ന ജലവും മറ്റും നിമിത്തം കൊതുകും, ഈച്ചയും വർദ്ധിക്കുന്നു. അവയെ നശിപ്പിക്കുവാൻവേണ്ട നടപടികൾ സ്വീകരിയ്ക്കണം.

അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുവാൻവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാർഡിൽ ഹോട്ടലുകളുടെയും ചായ കടകളുടെയും ശുചീകരണം സംബന്ധിച്ച് ബന്ധപ്പെട്ട ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥന്മാർ ശ്രദ്ധകേന്ദ്രീകരിക്കേണ്ടതാണ്.

## വാർഡ് 7

വാർഡിൽ ഒരു ഫാമിലിവെൽഫെയർ സെന്റർ പ്രവർത്തിക്കുന്നു. എല്ലാ സമയത്തും ചികിത്സ ലഭിക്കത്തക്കവിധം ഡോക്ടർമാരുടെയും ഉദ്യോഗസ്ഥന്മാരുടെയും സേവനം ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത വാർഡിൽ ചെങ്കണ്ണ്, മഞ്ഞപ്പിത്തം, ചിക്കൻപോക്സ് എന്നീ സാംക്രമികരോഗങ്ങൾ സാധാരണയായി കണ്ടുവരുന്നു. നെടുമ്പ്രത്തുമല, മോടിയിൽമല ലക്ഷംവീട് കോളനി എന്നിവിടെ മിക്ക വീടുകൾക്കും കക്കൂസ് ഇല്ല. പൊതുകക്കൂസ് ടാങ്ക് പൊട്ടി ദുർഗന്ധം വമിക്കുകയും സാംക്രമികരോഗങ്ങൾക്കു കാരണമാകുകയും ചെയ്യും. പ്രസ്തുത ടാങ്ക് നന്നാക്കുവാനുള്ള നടപടി എത്രയും വേഗം സ്വീകരിക്കുകയും കക്കൂസ് ഇല്ലാത്ത വീടുകൾക്കു അവ നിർമ്മിക്കുവാൻവേണ്ട ധനസഹായമോ, കക്കൂസ് പണിതുകൊടുക്കുവാൻവേണ്ട ഏർപ്പാടുകൾ ചെയ്യുകയും, മലിനജലം കെട്ടികിടക്കുന്ന കൈചാൽ മുട്ടാറ്റുചാലുകൾ ഇവ വൃത്തിയാക്കി പൊതുജന ഉപയോഗപ്രദമാക്കി തീർക്കേണ്ടതും കോളനിയോട് അടുത്തുകിടക്കുന്ന തടിചീയിയ്ക്കൽ നിമിത്തം ഉണ്ടാകുന്ന മലിനജലം തടയുവാൻ വേണ്ട നടപടി സ്വീകരിയ്ക്കുക. ഒരു കുടുംബക്ഷേമ കേന്ദ്രം വാർഡിൽ ആവശ്യമാണ്.

## വാർഡ് 8

വാർഡിൽ ആരോഗ്യപരമായ പ്രവർത്തനങ്ങൾ ഒന്നും തന്നെ ഇല്ല. വർഷത്തിൽ 2 പ്രാവശ്യമെങ്കിലും വിദഗ്ദ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ ആരോഗ്യ സെമിനാറുകൾ നടത്തുകയും, രക്തഗ്രൂപ്പ് നിർണ്ണയിച്ച് ഹെൽത്തു കാർഡ് നൽകുകയും, മെഡിക്കൽ പരിശോധന ക്യാമ്പുകൾ നടത്തി കുട്ടികൾക്കും പ്രായമുള്ളവർക്കും രോഗം നിർണ്ണയിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും വേണം.

വാർഡിന്റെ കിഴക്കുഭാഗത്ത് കെമിക്കൽ ഉപയോഗിച്ച് തടി സംസ്കരണം നടത്തുന്നതുകൊണ്ട് വാർഡിന്റെ വടക്കുഭാഗത്തുകൂടി ഒഴുകുന്നജലം മലിനമാകുന്നു. അതിനു ആവശ്യമായ പ്രതിരോധ നടപടികൾ സ്വീകരിക്കേണ്ടതാണ്. വാർഡിൽ $1/_5$ ഭാഗം വീട്ടുകാർക്കു കക്കൂസില്ല. കക്കൂസ് നിർമ്മിച്ച് കൊടുക്കുവാനുള്ള സാമ്പത്തിക സഹായം നൽകുക.

## വാർഡ് 9

ഇരവിപേരൂർ പഞ്ചായത്തിൽ ഉള്ള ഏക ആരോഗ്യ കേന്ദ്രമാണ് കിഴക്കൻ ഓതറ പി. എച്ച്. സെന്റർ. 1951ൽ പരേതനായ ബഹുമാനപ്പെട്ട പുത്തൻപുരയിൽ പി. റ്റി. മാത്യു സാർ സംഭാവനയായി നൽകിയ 60 സെന്റ്സ്ഥലവും, നാട്ടുകാരുടെ ശ്രമഫലമായി നിർമ്മിച്ച കെട്ടിടവും ഗവൺമെന്റിലേക്കു ഡിസ്പെൻസറിയ്ക്കു . കൈമാറി. അന്നു 12 കിടക്കകളോടുകൂടി രോഗികളെ കിടത്തി ചികിത്സിക്കുകയും ഭക്ഷണം നൽകുകയും ചെയ്തുകൊണ്ടി

രുന്നു. 1987-മുതൽ ഈ സ്ഥാപനം പി. എച്ച്. സെന്റർ ആയി പരിവർത്തനം ചെയ്യുകയും രോഗികളെ കിടത്തിചികിത്സിക്കുന്നതു നിർത്തുകയും ആശുപത്രി സമയത്തിനു മാറ്റം വരുത്തുകയും ചെയ്തു. ഏതാണ്ട് 12 കിലോമീറ്ററിനുള്ളിൽ രോഗികളെ കിടത്തിചികിത്സിക്കുന്ന മറ്റൊരു സ്ഥാപനവും ഇല്ല. ഈ സ്ഥാപനത്തിൽ കുറഞ്ഞതു ഒരു ലേഡിഡോക്ടർ ഉൾപ്പെടെ രണ്ട് ഡോക്ടർമാരെയും ആവശ്യത്തിനു മറ്റ് ജോലിക്കാരെയും നിയമിച്ച് എല്ലാ സമയത്തും രോഗികൾക്കു ശ്രദ്ധലഭിക്കത്തക്കവിധം 50 കിടക്കകളോടുകൂടിയ ഒരു ഉയർന്ന ആശുപത്രിയായി ലാബ്രട്ടറി സൗകര്യത്തോടുകൂടി ഉയർത്തേണ്ടതാണ്.

## വാർഡ് 10

പത്താം വാർഡിൽ ഒരു മാതൃശിശുസംരക്ഷണകേന്ദ്രം പ്രവർത്തിക്കുന്നു. F.W. centre Othera East ഇതും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്

## വാർഡ് 11

പ്രസ്തുത വാർഡിൽ ആരോഗ്യസംരക്ഷണ കേന്ദ്രങ്ങൾ ഒന്നുംതന്നെ ഇല്ല. പഴയകാവ് ചന്തയിൽ കക്കൂസും, മൂത്രപുരയും അത്യാവശ്യമാണ്. പഴയകാവ് കവലയിൽ സ്ഥിരമായി തൂപ്പുകാരെ നിയമിച്ച് ചപ്പുചവറുകൾ നീക്കം ചെയ്യേണ്ടതാണ്. ഹോട്ടലുകൾ, ചായകടകൾ ഇവയിൽ നിന്നു വരുന്ന മലിനവസ്തുക്കൾ നീക്കം ചെയ്യുവാൻ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുക. വാർഡിൽ ഒരു ഹോമിയോ ഡിസ്പെൻസറി അനുവദിക്കേണ്ടതാണ്.

ഇരവിപേരൂർ ഗ്രാമപഞ്ചായത്തിലെ ഏക സർക്കാർ ആശുപത്രി 9-ാം വാർഡിൽ സ്ഥിതിചെയ്യുന്ന കിഴക്കൻ ഓതറ പ്രാഥമികാരോഗ്യകേന്ദ്രമാണ്. ഇവിടെ ഒരു ഡോക്ടർ, ഒരു ഫാർമസിസ്റ്റ്, സ്റ്റാഫ്നേഴ്സ് 2, നേഴ്സിംഗ് അസിസ്റ്റന്റ്-1 അറ്റൻഡർ ഗ്രേഡ്വൺ-1, ക്ലാർക്ക്-1 പ്യൂൺ-1 ഫീൽഡ് വിഭാഗം ജീവനക്കാരിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്11-1 പാർട്ട്ടൈംയും-1എന്നീ ജീവനക്കാർ ഉണ്ട്. ഫീൽഡ് വിഭാഗത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 ൽ 2 ഒഴിവും, ഗ്രേഡ് II-ൽ ഒരു ഒഴിവും ഉണ്ട്. ഫീൽഡ് വിഭാഗത്തിൽ ഉള്ള ഒഴിവുകൾ നികത്താൻ സത്വരനടപടികൾ സ്വീകരിക്കണം. അതുപോലെ ലേഡി ഹെൽത്ത് ഇൻസ്പെക്ടറുടെ ഒരു Post, അറ്റൻഡർ gr.II ന്റെ post എന്നിവ ഇവിടെ ഇല്ല. ഈ രണ്ടു post കൾ ഗവൺമെന്റ് തലത്തിൽ സൃഷ്ടിക്കേണ്ടതാണ്. ഇവിടെ ഒരു ജീപ്പും, ഡ്രൈവറും വേണം. കിടത്തി ചികിത്സിക്കുവാൻ വാർഡ് പണിയണം. അതുപോലെ കുടിവെള്ളത്തിനുവേണ്ട സംവിധാനം ഉണ്ടാക്കണം. ലേഡീഡോക്ടർ ഉൾപ്പെടെ രണ്ടിൽകൂടുതൽ ഡോക്ടറുമാരും, സ്റ്റാഫ് നേഴ്സുമാരും, മറ്റു സ്റ്റാഫുകളും വേണം. അതുപോലെ സ്റ്റാഫ് കോർട്ടേഴ്സും വേണം. എങ്കിലേ കിടത്തിചികിത്സിക്കാനുള്ള സംവിധാനം ഉണ്ടാകു. മാതൃശിശു സംരക്ഷണകേന്ദ്രം 1, 2, 3, വാർഡുകളിലേക്ക് മൂന്നാം വാർഡിൽ തേവർകാട് എന്ന സ്ഥലത്ത് പ്രവർത്തിക്കുന്നുണ്ട്. 4,5,6 എന്നീ വാർഡുകൾക്കുവേണ്ടി 5-ാം വാർഡിൽ ഒരു F.W. Centre പ്രവർത്തിക്കുന്നുണ്ട്. ഇത് സർക്കാർ കെട്ടിടമാണ്. 7,8 വാർഡുകൾക്കുവേണ്ടി 7-ാം വാർഡിൽ ഒരു മാതൃശിശുസംരക്ഷണകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. F.W.Centre Kozhimala ഇതും വാടകകെട്ടിടത്തിലാണ്. 9-ാം വാർഡിൽ പ്രഥമികാരോഗ്യകേന്ദ്രത്തിൽ ഒരു മാതൃശിശു സംരക്ഷണകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. F. W. Centre Othera East എന്നിവയ്ക്ക് പഞ്ചായത്തിൽനിന്നും കെട്ടിടം നിർമ്മിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ഒരു ഗവ. ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്നതിനു വേണ്ട സത്വരനടപടികൾ സ്വീകരിക്കണം.

### പ്രകൃതി ചികിത്സ

പ്രകൃതി ചികിത്സാരീതികൾക്ക് പ്രചാരമേറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പ്രകൃതി ചികിത്സാരീതിക്ക് പ്രചാരണം നല്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളണം.

### ഗവ.ആയൂർവേദ ഡിസ്പെൻസറിയുടെ ആവശ്യങ്ങൾ

വള്ളംകുളം ദേവിവിലാസം N.S.S. കരയോഗം വക സ്ഥലത്ത് ഇപ്പോൾ വാടകയില്ലാതെ പ്രവർത്തിക്കുന്നു. പ്രസ്തുത സ്ഥലത്തോടും കുടിവെള്ള സൗകര്യത്തിനായി വറ്റാത്ത ഒരു കിണർ ഉണ്ട്. എന്നാൽ പ്രാഥമികാവശ്യങ്ങൾ നിറവേറ്റുവാൻ യാതൊരു സൗകര്യവും പ്രസ്തുത സ്ഥാപനത്തിൽ ഇല്ല. ഈ സ്ഥാപനത്തിൽ ഇപ്പോൾ ഒരു ലേഡി ഡോക്ടർ ഉൾപ്പെടെ 4 ഉദ്യോസ്ഥർ സേവനം അനുഷ്ഠിക്കുന്നു. അവരുടെ പ്രാഥമിക ആവശ്യങ്ങൾക്കായി ഒരു മൂത്രപുരയും, കക്കൂസും എത്രയുംവേഗം നിർമ്മിക്കേണ്ടതാണ്. പ്രതിദിനം 60 ൽ പരം രോഗികൾ കടന്നുവന്നു ചികിത്സ ലഭ്യമാക്കുന്നു.

പ്രസ്തുത ഡിസ്പെൻസറി 50 കിടക്കകളോടു കൂടി വിഷചികിത്സ ഉൾപ്പെടെ ആയൂർവേദ ആശുപത്രി ആയി ഉയർത്തേണ്ടതും ഉദ്യോഗസ്ഥന്മാർക്കു താമസിക്കുവാൻ കെട്ടിടവും നിർമ്മിച്ചുകൊടുക്കേണ്ടതാണ് എന്നു ഈ കമ്മറ്റി ഗവൺമെന്റിനോട് ശുപാർശ ചെയ്യുന്നു.

## പരിസരശുചീകരണം

പഞ്ചായത്തിൽ കക്കൂസ് ഇല്ലാത്തവർക്ക് കക്കൂസ് നിർമ്മിച്ചു കൊടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിൽനിന്നും പകർച്ചവ്യാധികൾ പലതും തടയാൻ സാധിക്കും. അതുപോലെ കക്കൂസ് ഉള്ളവർക്ക് എയർപെപ്പിന്റെ മുകളിൽ നെറ്റ് ഇട്ടുകൊടുത്താൽ കൊതുകുകളെ ഒരു പരിധിവരെ നിയന്ത്രിക്കാൻ സാധിക്കും. വെള്ളകെട്ടുകൾ ഉള്ള സ്ഥലം വൃത്തിയാക്കി കൊതുകുനശീകരണ ലായനി യഥാസമയം തളിക്കുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്യണം. ഓടകൾ വൃത്തിയാക്കി വെള്ളം ഒഴുകിപോകാനുള്ള സംവിധാനം ഉണ്ടാക്കുക. ചപ്പു ചവറുകൾ ഇടുന്നതിന് ചന്തകൾ, ജംഗ്ഷനുകൾ എന്നിവിടങ്ങളിൽ കോൺക്രീറ്റ് പെട്ടികൾ

സ്ഥാപിച്ച് യഥാസമയം നീക്കം ചെയ്യുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്യുക. ഇരവിപേരൂർ ജംഗ്ഷൻ, വള്ളംകുളം മാർക്കറ്റ്, ഓതറ മാർക്കറ്റ് എന്നിവിടങ്ങളിൽ പൊതു കക്കൂസും മൂത്രപുരയും നിർമ്മിക്കുക. പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തായി ഒരു അറവുശാല നിർമ്മിക്കേണ്ടതാണ്. വള്ളംകുളം മാർക്കറ്റ്, ഓതറ മാർക്കറ്റ് എന്നിവിടങ്ങളിൽ പഞ്ചായത്തുവക സ്റ്റാളുകൾ നിർമ്മിച്ച് കൊടുക്കേണ്ടതാണ്. മത്സ്യം വിൽക്കുന്നതിന് പഞ്ചായത്തിൽ സ്ഥലം നിശ്ചയിച്ച് കൊടുത്ത് ആസ്ഥലത്ത് വില്പന നടത്തുന്നതിനു വേണ്ട ഏർപ്പാട് ഉണ്ടാക്കുകുയും വില്പനകഴിഞ്ഞ് സ്ഥലം വൃത്തിയാക്കി Antiseptic Lotion തളിച്ച് വൃത്തിയാക്കാൻ വേണ്ടസംവിധാനം ചെയ്യേണ്ടതാണ്. ആരോഗ്യ വകുപ്പിലെ ജീവനക്കാരുമായി പഞ്ചായത്തുകാർ സഹകരിച്ച് ഹോട്ടലിലേയും, റ്റീഷോപ്പിലേയും ശുചീകരണ പ്രവർത്തനങ്ങൾ പരിശോധിച്ച് അതിനുവേണ്ട നിർദ്ദേശങ്ങൾ കൊടുക്കുകയും അത് പാലിക്കുന്നില്ലെങ്കിൽ അതിനു വേണ്ട നടപടികൾ എടുക്കേണ്ടതുമാണ്. കിണറുകളിൽ യഥാസമയങ്ങളിൽ ക്ലോറിനേഷൺ നടത്തുന്നതിനുവേണ്ട സംവിധാനം ഉണ്ടാക്കണം. വീടുകളിലെയും മറ്റും ചപ്പുചവറുകൾ എല്ലാം കമ്പോസ്റ്റ് വളങ്ങളാക്കി മാറ്റുന്നതിന് ഓരോ വാർഡിലും ബോധവൽക്കരണക്ലാസുകൾ നടത്തേണ്ടതാണ്. അതുപോലെതന്നെ സാംക്രമികരോഗങ്ങൾ ഉണ്ടാകുന്നതിനെക്കുറിച്ചുമുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്യണം.

കൊതുകുനിവാരണത്തിനും, കുടിവെള്ളം ശുദ്ധീകരിക്കുന്നതിനുമായി വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. അതിനായി ഓരോ വീടിനും സൗജന്യമായി താഴെ പ്പറയുന്ന സാധനങ്ങൾ നൽകേണ്ടതാണ്.

പ്ലാസ്റ്റിക്ക് നെറ്റ് **15 cm x 15 cm -1**
ബ്ലീച്ചിംഗ് പൗഡർ **-100 grm**
കുമ്മായം **-2 kg**



# 4-6
# ഗതാഗതം -ഊർജ്ജം -മാർക്കറ്റ്

ഒരു രാജ്യത്തിന്റെ വികസനോപാധികളിൽ പരമ പ്രധാനമായ സ്ഥാനം അവിടത്തെ ഗതാഗത മാർഗ്ഗങ്ങൾക്കുണ്ട്. മനുഷ്യശരീരത്തിൽ രക്തധമനികൾക്കുള്ള പ്രാധാന്യം ഒരു സമ്പദ്‌വ്യവസ്ഥയിൽ റോഡുകൾക്കുണ്ട്. യാത്രക്കാരെയും സാധനങ്ങളെയും ഏറ്റവും സൗകര്യപ്രദമായി കൊണ്ടുപോകുന്നതിനു നല്ല റോഡുകൾ ആവശ്യമാണ്. പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം വികസനമെന്നാൽ റോഡുവികസനം എന്ന ഒരു മിഥ്യാ ധാരണ പൊതുവേ നിലനിന്നിരുന്നു. ഇതിന്റെ ഫലമായി പൊതുഫണ്ടിന്റെ നല്ലൊരു പങ്ക് റോഡു നിർമ്മാണത്തി നുവേണ്ടി ചെലവഴിക്കപ്പെട്ടിരുന്നു. മിക്കവാറും പഞ്ചായത്തുകളിൽ റോഡ് ശൃംഖലയുടെ വ്യാപനത്തിന് ഇത് കാരണമായി.

ഗതാഗതവുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽ വന്ന ഒന്നാമത്തെ കാര്യം ഫെയർസ്റ്റേജ് നിർണ്ണയത്തിലെ അപാകതയാണ്. തിരുവല്ലായിൽനിന്നും 5.8 കിലോമീറ്റർ മാത്രമുള്ള വള്ളംകുളത്ത് വരേണ്ട രണ്ടാമത്തെ ഫെയർസ്റ്റേജ് ഇപ്പോൾ തോട്ടഭാഗത്താണ്. ഇത് സംബന്ധിച്ച് വളരെ നിവേദനങ്ങൾ നൽകിയിട്ടുണ്ടെങ്കിലും ഇതുവരെ പരിഹാരമുണ്ടായിട്ടില്ല. വള്ളംകുളത്തെ ജനങ്ങൾക്ക് ലഭിക്കേണ്ട സാമാന്യ നീതിക്കായി സമ്മർദ്ദം ചെലുത്തേണ്ട താവശ്യമാണ്. ഇരവിപേരൂരിൽ റ്റി. കെ. റോഡ് സൈഡിൽ കൃഷിക്കുപയോഗിക്കാതിരിക്കുന്ന മണ്ണാറ്റു പാടം അക്വയർ ചെയ്ത് ബസ്സ്റ്റാൻഡും ഷോപ്പിംഗ് കോപ്ലക്സും നിർമ്മിക്കുന്നത് പഞ്ചായത്തിന്റെ പുരോഗതിക്ക് പ്രയോജനപ്പെടുന്നതാണ്.

## റോഡുകൾ

22.18 കി. മീറ്റർ നീളത്തിൽ പി. ഡബ്ല്യൂ. ഡി റോഡ് ഈ പഞ്ചായത്തിലുണ്ട്. ആകെ ഈ പഞ്ചായത്തിൽ 121 കി. മീറ്റർ റോഡുകളുള്ളതിൽ PWD റോഡ് കഴിച്ച് ടാർ ചെയ്തവ 42 കി.മീറ്റർ മാത്രമാണ്. ടാർ ചെയ്ത റോഡുകളുടെ തന്നെ അറ്റകുറ്റപണികൾക്ക് ശ്രദ്ധ ചെലുത്തുന്നത് അത്തരം റോഡുകളുടെയെങ്കിലും സ്ഥിതി മെച്ചമായിരിക്കുവാൻ നല്ലതാണ്.

റോഡ് ശൃംഖല സാമാന്യം ഭേദപ്പെട്ടതാണെങ്കിലും കൂടുതൽ റോഡുകളുടെയും സ്ഥിതി ശോചനീയമാണ്. ഫണ്ടിന്റെ അപര്യാപ്തത ഒരു പ്രധാന ഘടകമാണ്. റോഡ് സംരക്ഷണത്തിനായി കൂടുതൽ തുക കണ്ടെത്തേണ്ടിയിരിക്കുന്നു. പ്രതിവർഷം പുതിയതായി റോഡ് ടാർ ചെയ്യുവാൻ 75 ലക്ഷം രൂപായും ടാർ ചെയ്ത റോഡുകളുടെ മെയിന്റനൻസിന് 20ലക്ഷം രൂപായും കണ്ടെത്തുന്നത് ഉചിതമായിരിക്കും. ടാർ ചെയ്ത റോഡുകളുടെ വിവരം പട്ടിക 1-ലും മെറ്റൽ ചെയ്ത റോഡുകളുടെ വിവരം പട്ടിക 2-ലും മെറ്റൽ ചെയ്ത് ടാർ ചെയ്യുവാനുള്ള റോഡുകളുടെ വിവരം പട്ടിക 3-ലും അനുബന്ധമായി ചേർത്തിട്ടുണ്ട്. ഇവയിലൊന്നും പെടാതെ വീതികുറഞ്ഞ റോഡുകൾ ടാർ ചെയ്യുവാൻ നിവൃത്തിയില്ലാത്ത അവസ്ഥയുണ്ട്. അവയുടെ സൈഡ് കെട്ടി ചിലഭാഗങ്ങൾ കോൺ ക്രീറ്റ് ചെയ്താൽ മതിയാകും.

ഓടകളില്ലാത്തതുമൂലം നശിച്ച റോഡുകൾ ആണ് അധികവും. പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ ഓടയ്ക്കുള്ള സൗകര്യംകൂടി കണക്കിലെടുക്കേണ്ടതുണ്ട്. മെയിൻറോഡുകളിൽ (റ്റി. കെ. റോഡ്) PWD നിർമ്മിച്ച ഓടകളിൽ സ്ലാബ് ഇടാത്തതുമൂലം ഓടകൾ മൂടിപ്പോകുകയും പരിസര മലിനീകരണം ഉണ്ടാവുകയും ചെയ്യുന്നു. വള്ളംകുളത്തും ഇരവിപേരൂരിലും നിർമ്മിച്ച ഓടകളുടെ മീതെ സ്ലാബ് ഇടുകയും റ്റി. കെ. റോഡിൽ കല്ലുമാലി മുതൽ ഇരവിപേരൂർ ജംഗ്ഷൻവരെ പുതിയതായി ഓട നിർമ്മിക്കുകയും വേണം.

## PWD ഏറ്റെടുക്കേണ്ട റോഡുകൾ

ഇരവിപേരൂർ-പുത്തൻകാവ് റോഡിന്റെ 75%ഭാഗവും ഈ പഞ്ചായത്തിലാണ്. പ്രസ്തുതറോഡ് PWD ഏറ്റെടുക്കുവാൻ ആരംഭിച്ച നടപടികൾ ഊർജ്ജിതപ്പെടുത്തണം. പഴയകാവ്-പുതുക്കുളങ്ങര-പരുമൂട്ടിൽ കടവ് റോഡ് PWD ഏറ്റെടുക്കുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തണം.

## പാലവും കലുങ്കും.

നമ്മുടെ പഞ്ചായത്തിലേക്ക് പ്രവേശിക്കുന്ന വള്ളംകുളം പാലത്തിന്റെ ശോചനീയാവസ്ഥയ്ക്ക് അടിയന്തിര പരിഹാരം കാണണം. മണിമല ആറിന് കുറുകെയുള്ള ഈ പാലം ഏതുനിമിഷവും അപകടം സംഭവിക്കാവുന്ന നിലയിലാണ്. ഇവിടെ ഏർപ്പെടുത്തിയിട്ടുള്ള ട്രാഫിക് പരിഷ്കാരം വളരെയധികം പരാതികൾക്കും ആക്ഷേപങ്ങൾക്കും ഇട നൽകിയിട്ടുണ്ട്.

രണ്ട് ജില്ലകൾ തമ്മിൽ ബന്ധിപ്പിക്കുന്ന ചേലൂർകടവ് (എട്ടൊന്നിൽ കടവ്) പാലം പണി ഉടനെ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കണം.

മണിമലയാറിന് കുറുകെ വള്ളംകുളം പടിഞ്ഞാറു നിന്നും മനയ്ക്കച്ചിറക്കുള്ള പാലം പണി ആരംഭിക്കുവാൻ നാമമാത്രമായ തുക മാത്രമേ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ളൂ.

ഈ പാലം ഒരു യാഥാർത്ഥ്യമാക്കുവാൻ 3 കോടി രൂപാ എങ്കിലും വകയിരുത്തി ഒരു നല്ല പാലം തീർക്കുന്നത് നമ്മുടെ നാടിന് വളരെ പ്രയോജനപ്പെടുന്ന ഒന്നായി മാറും. 1950-ൽ കുറ്റൂർ-മനയ്ക്കച്ചിററോഡ് തീർന്നപ്പോൾ മുതലുള്ള നിർദ്ദേശമാണ് മനയ്ക്കച്ചിറ പാലം. ഇരവിപേരൂർ കല്ലിശ്ശേരി റോഡിലെ തോട്ടപ്പുഴപ്പാലം പുതുക്കി പണിയുവാനുള്ള നടപടികൾ ആരംഭിച്ചിരുന്നുവെങ്കിലും ഇപ്പോൾ അവ മന്ദഗതിയിലാണ്. ഈ പാലം പുതുക്കിപ്പണിയുവാൻ അടിയന്തിര പ്രാധാന്യം നൽകേണ്ടതുണ്ട്.

പഴയകാവ്-പരുമൂട്ടിൽ കടവ് റോഡിലുള്ള പുത്തൻതോടിന് കുറുകെയുള്ള പാലം വീതികൂട്ടി പണിയേണ്ടത് വളരെ അത്യാവശ്യമാണ്.

വള്ളംകുളം തോട്ടപ്പുഴ റോഡിലുള്ള കണ്ണാട്ട് കലുങ്ക് വീതികൂട്ടി പണിയുവാൻ നടപടികൾ ഉണ്ടാവണം. പഞ്ചായത്തിന്റെ തെക്കു കിഴക്കേ അതിർത്തിയിലുള്ള പൂവപ്പുഴ കലുങ്ക് തകർന്നത് വീണ്ടും പണിയുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തണം.

പട്ടിക. 1

ടാറിട്ട റോഡുകൾ

| നമ്പർ | റോഡിന്റെ പേര് | ഉടമസ്ഥത | ദൂരം കി.മീ. | വീതി മീ. |
|---|---|---|---|---|
| 1. | തിരുവല്ല കുമ്പഴറോഡിലെ വള്ളംകുളം പാലം മുതൽ കല്ലുമാലിപ്പടിവരെ | P.W.D | 4.25 | 8 M |
| 2. | കല്ലിശ്ശേരി ഇരവിപേരൂർ റോഡിൽ പരുമൂട്ടിൽ കടവുമുതൽ-നെല്ലാടുവരെ | P.W.D | 5.50 | 5 M |
| 3. | ഇരവിപേരൂർ റാന്നിറോഡിൽ ഇരവിപേരൂർ ജംഗ്ഷൻമുതൽ തേക്കുണപടിവരെ | P.W.D | 1.00 | 5 M |
| 4. | വള്ളംകുളം തോട്ടപ്പുഴറോഡ് | P.W.D | 4.00 | 4 M |
| 5. | നന്നൂർ കാവുങ്കൽ പടി പുത്തൻ കടവു റോഡ് | P.W.D | 2.00 | 4.00 |
| 6. | വാര്യകാട്ടിൽപടി റോഡു മാത്തിലേട്ട് പടി-പുത്തൻപറമ്പിൽ കടവ് റോഡ് | Panchayat | 3.00 | 3.60 |
| 7. | മാത്തിലേട്ടുപടി എസ്.എൻ.ഡി.പി. റോഡ് കാരുവള്ളി ഇലഞ്ഞിമറ്റംറോഡ് | Panchayat | 2.30 | 3.60 |
| 8. | കാവുങ്കൽപടി തിരുവാനപുരം റോഡ് | P.W.D | 0.80 | 6.00 |
| 9. | നന്നൂർ-തേളൂർമല-മണിയനോടി തിരുവാനപുരം പുഞ്ചറോഡ് | Panchayat | 1.00 | 3.60 |
| 10. | പുല്ലാടിപ്പടി-വള്ളംകുളം കല്ലൂത്രപ്പടി റോഡ് | Panchayat | 1.60 | 4.00 |
| 11. | വള്ളംകുളം യു. പി. എസ്. നല്ലൂർസ്ഥാനം പൂവപ്പുഴ പോസ്റ്റാഫീസ് റോഡ് | Panchayat | 2.00 | 4.00 |
| 12. | നന്നൂർ-കണ്ണാട് റോഡ് | Panchayat | 0.30 | 3.60 |
| 13. | ഇഞ്ചേലിത്തടം പുതുക്കാട് റോഡ് (Colony) | Panchayat | 1.00 | 3.00 |
| 14. | പ്രയാറ്റുകടവ് റോഡ് വെട്ടുകുഴിപ്പടി | P.I.P | 1.00 | 3.60 |
| 15. | ഇമ്മാനുവേൽ പള്ളിപ്പടി-ഇലങ്കം റോഡ്. | Panchayat | 0.45 | 3.00 |
| 16. | ഇലങ്കത്ത് റോഡ് | Panchayat | 0.72 | 3.60 |
| 17. | പൊടിപ്പാറ വട്ടക്കോൽ റോഡ് | P.W.D | 0.75 | 4.20 |
| 18. | കല്ലുമാലി നെല്ലിമല റോഡ് | Panchayat | 0.75 | 8.00 |
| 19. | പൊയ്കയിൽപടി കൊച്ചാലുംമ്മൂട് റോഡ് | P.W.D | 1.68 | 8.00 |
| 20. | കൊണ്ടൂർപടി തോട്ടപ്പുഴറോഡ് | Panchayat | 1.50 | 3.5 |

| | | | | |
|---|---|---|---|---|
| 21. | കൊച്ചാലുംമൂട്-പഴയകാവ്റോഡ് ആൽത്തറ | P.W.D | 1.50 | 3.5 |
| 22. | പഴയകാവ്-പരുമൂട്ടിൽകടവ്റോഡ്. | Panchayat | 2.83 | 8.00 |
| 23. | പാടത്തുംപാലം-മേതൃക്കോവിൽസ്കൂൾ റോഡ് | Panchayat | 0.52 | 3.6 |
| 24. | പ്രതാപചന്ദ്രൻ റോഡ് | Panchayat | 0.50 | 3.00 |
| 25. | വള്ളംകുളം മാർക്കറ്റ്റോഡ് | Panchayat | 0.15 | 3.00 |
| 26. | കോഴിമല ആമത്തോപ്പ് പടിയറമണ്ണ് റോഡ് | Panchayat | 0.77 | 3.50 |
| 27. | കുന്നുതറപ്പടി മതിയഞ്ചിററോഡ് | Panchayat | 0.40 | 6.50 |
| 28. | ഡിംപിൾ-അംബേദ്കർ റോഡ് | Panchayat | 1.00 | 3.00 |
| 29. | പഴയകാവ്-തലപ്പാലപ്പടി റോഡ് | Panchayat | 0.25 | 6.00 |
| 30. | കുഴിത്തറപ്പടി-കോളാട്ടിൽ കല്ലുഴത്തിൽപ്പടി | Panchayat | 1.20 | 5.00 |
| 31. | കപ്പങ്ങാട്ടിൽ പടി-മുട്ടിൻപുറത്ത് ചാൽ റോഡ് | Panchayat | 0.50 | 5.00 |
| 32. | പഴയകാവ് മാമ്മൂട് റോഡ് | Panchayat | | 8.00 |
| 33. | എൻ. എസ്. എസ്. ബി. റ്റി. എസ് ഇടശ്ശേര്യത്ത് കടവ് പൂങ്കയിൽ പടി | Panchayat | 0.75 | 4.00 |
| 34. | പള്ളിപ്പടി പൂങ്കയിൽപടി താഴത്തേതിൽ പടിക്കൽ കപ്പങ്ങാട്ടിൽ പടി റോഡ് | Panchayat | 0.95 | 6.00 |
| 35. | എണ്ണിക്കാട്-എട്ടൊന്നിൽ കടവ് റോഡ് | Panchayat | 1.35 | 8.00 |

പട്ടിക 2

## മെറ്റൽറോഡ് ടാർ ചെയ്യേണ്ടത്

| നമ്പർ | വാർഡ് | പേര് | നീളം | വീതി |
|---|---|---|---|---|
| 1. | 1 | ഇരവിപേരൂർ പോസ്റ്റാഫീസ് കോടൻ കണ്ണോലിൽ റോഡ് | 0.63 | 4 |
| 2. | 2 | ഇരവിപേരൂർ ജംഗ്ഷൻ പൂവപ്പുഴ റോഡിൽ ആദ്യഭാഗം യു. പി. സ്കൂൾ വരെ | 0.30 | 6 |
| 3. | 5 | കാരുവള്ളിപ്പാറ ഇലഞ്ഞിമറ്റംറോഡ് | .45 | 5 |
| 4. | | വടികുളം എട്ടൊന്നിൽകടവ് | .65 | 8 |

പട്ടിക 3

## മെറ്റൽചെയ്ത് ടാർ ചെയ്യേണ്ട മൺറോഡുകൾ

| നമ്പർ | വാർഡ് | പേര് | നീളം | വീതി |
|---|---|---|---|---|
| 1. | 1 | മെഴുവേലിപ്പടി പൂവപ്പുഴറോഡ് | .95 | 6 |
| 2. | 1 | മോണോത്തുപടി മുരിയങ്കേരിപാടം | .43 | 4.50 |
| 3. | 1 | ശങ്കരമംഗലത്തുപടി അല്ലിമംഗലത്തുപടി | .90 | 3 |
| 4. | 1 | മടേലിൽപടി മേതൃക്കാവിൽറോഡ് | .60 | 4 |
| 5. | 1 | കിഴക്കേതിൽപടി പാലന്തറ പടി | .38 | 3 |
| 6. | 1 | തുണ്ടിയിൽപടി നല്ലൂർസ്ഥാനം | .34 | 4 |
| 7. | 1 | നെല്ലാട് കരിക്കാട്ടുപടി മേതൃക്കാവിൽ | 1.09 | 4 |
| 8. | 1 | മാനാന്തറപ്പടി മണ്ണേട്ട്കാവ് | .19 | 3 |

| | | | | |
|---|---|---|---|---|
| 9. | 1 | ഇളയിടത്തുപടി അല്ലിമംഗലത്തുപടി | .98 | 3 |
| 10. | 1 | പാറപ്പുഴമുക്ക് പാറപ്പുഴകടവ് | .13 | 5 |
| 11. | 1 | ഇരവിപേരൂർ പൂവപ്പുഴ | 1.08 | 6 |
| 12. | 2 | ഇമ്മാനുവേൽപള്ളിപ്പടി ചിറയിൽപടി(കണ്ണാട്ടുഭാഗം) | .75 | 3.50 |
| 13. | 2 | സ്വർണ്ണമാലപടി അല്ലിമംഗലത്തുപടി | .65 | 3.50 |
| 14. | 2 | കുറുന്തേൽപടി പാറോലിപുഞ്ച | .20 | 3 |
| 15. | 2 | പ്ലാമറ്റത്ത്പടി കുറുന്തേൽപടി | .47 | 3 |
| 16. | 2 | കൽക്കുളം കൊടുന്തറപടി | .30 | 3 |
| 17. | 2 | ഇമ്മാനുവേൽപള്ളിപ്പടി വടക്കോട്ടാൽ റോഡിൽ പതോടിപ്പടിമുതൽ വട്ടക്കോട്ടാൽ അതിർത്തിവരെ | .54 | 3.50 |
| 18. | 2 | ഇരവിപേരൂർ ജംഗ്ഷൻ കണതാട്ട്പറമ്പിൽ | .28 | 2.80 |
| 19. | 3 | മുരിങ്ങശ്ശേരി കൊറവുശാലയിൽപടി | .70 | 4 |
| 20. | 3 | കോളപ്രപടി മേത്രോടത്തുപടി | .70 | 3 |
| 21. | 3 | ശങ്കരമംഗലം തേവർകാട് കരിക്കാട്ടുപടി | 1.00 | 3.60 |
| 22. | 3 | പൊടിപ്പാറ ചേറ്റുകണ്ടം തറയശ്ശേരി തോട്ടപ്പുഴ | 1.50 | 3.60 |
| 23. | 3 | മന്നിക്കൽപടി പുലയകുന്ന് | 1.00 | 3 |
| 24. | 3 | വലിയതാന്നിക്കൽപടി പൊയ്ക മണ്ണാറ്റുപാടം | .50 | 3 |
| 25. | 3 | കരിന്തടിക്കൽപടി താന്നിക്കൽകോളനി | .25 | 3 |
| 26. | 3 | ഞാറ്റുകാലാപടി കൊറ്റുശാലിൽപടി | .30 | 3 |
| 27. | 3 | കല്ലുമാലി നെല്ലിമലറോഡിൽ അവസാനം | .20 | 3.60 |
| 28. | 4 | ഉഴുത്തൂലിപാലം കുന്നുകണ്ടം റോഡിൽ അവസാനം | .90 | 3 |
| 29. | 4 | കണ്ടത്തിൽപടി ചൂരല്ലൂർപടി നെടുമ്പ്രോത്തുപടി കറത്താട്ടിൽപടി റോഡ് | .52 | 3.50 |
| 30. | 4 | പാടത്തുപാലം മുരിങ്ങശ്ശേരി റോഡിൽ അവസാനം | .25 | 3.50 |
| 31. | 4 | മടേലിൽ പടി കുറ്റിയിൽപടി | .50 | 3.50 |
| 32. | 4 | വിളക്കുപാട്ടത്തിൽ പടി നന്നൂർക്ഷേത്രം കുന്നത്രാമറം റോഡ് | .71 | 3.50 |
| 33. | 4 | ചാമക്കാലാപടി കണിയാൻകടവ് | .20 | 3.50 |
| 34. | 4 | ചുങ്കത്തിൽപടി പുത്തൻകാവുമല | .40 | 3.50 |
| 35. | 4 | മേലേക്കുറ്റ്പടി മണ്ണാരത്തോട്ടിൽപടി | | |
| 36. | 4 | കണ്ണങ്കരമോടി കോളനി റോഡ് | .30 | 2 |
| 37. | 5 | ഓച്ചാലിൽപടി ചൂരയ്ക്കാട്ട്ചിറ | 1.00 | 3.5 |
| 38. | 5 | തിരുവാനപുരം തുരുത്തി | 1.25 | 3.5, 8 |
| 39. | 5 | നന്നൂർ പുത്തൻകാവുമല മഠത്തിലേട്ട്പടി | .90 | 5.50 |
| 40. | 5 | ഓച്ചാലിൽപടി കോടോലിൽ സബ്സെന്റർ | 1.10 | 4 |
| 41. | 5 | തുരുത്തിമാമ്പറമ്പ്റോഡ് | .25 | 3.50 |
| 42. | 5 | കാരുവള്ളിപ്പാറ ഇലഞ്ഞിമുറ്റംപടി | .70 | 5 |
| 43. | 5 | പുത്തൻകാവുമല മലനടപ്പാറ | .45 | 4.50 |
| 44. | 5 | പരമേശ്വരത്തുപടി-മനയ്ക്കൽപടി | .45 | 3 |
| 45. | 5 | മേമനപ്പാറ റോഡ് | .12 | 3 |
| 46. | 6 | ഇഞ്ചോലിത്തടം സബ് സെന്റർ റോഡ് | .77 | 3 |
| 47. | 6 | നന്നൂർ കണ്ണാട്ട്റോഡ് | .50 | |

| | | | | |
|---|---|---|---|---|
| 48. | 6 | മണ്ണാത്തുമല പാറക്കടവ് | .830 | 5 |
| 49. | 6 | ഇഞ്ചോലിത്തടം പുതുക്കാട്റോഡ് | .50 | 3.50 |
| 50. | 6 | കൊച്ചുപറമ്പിൽപടി അമ്പലത്തുകാലാപടി | .75 | 4 |
| 51. | 6 | തയ്യിൽപറമ്പുപടി ഇടക്കല്ലൂർറോഡ് | .30 | 3 |
| 52. | 6 | കണ്ണാട്ട് ഞുഴവട്ടം റോഡ് | .30 | 3 |
| 53. | 6 | കുരുമല കോളനിറോഡ് | .32 | 3 |
| 54. | 6 | കല്ലുവെട്ടുകുഴി പടിഞ്ഞാറ്റുംമുറി | .15 | 3 |
| 55. | 7 | മുളയകുന്നത്തുപടി തച്ചത്തുമണ്ണിൽപടി | 1.35 | 4.25 |
| 56. | 7 | കല്ലുത്തറപടി ചേറ്റുകണ്ടംറോഡ് | 1.35 | 4 |
| 57. | 7 | ഒഴുക്കുതോട് ശാബദ്പള്ളിപടി | .86 | 3 |
| 58. | 7 | ഞാറ്റുകാലാപടി കൊറ്റുശാലയിൽപടി | .92 | 3 |
| 59. | 7 | നെല്ലിമല മാർത്തോമാ കോളനി റോഡ് | .52 | 3.50 |
| 60. | 7 | നെല്ലിമല നെച്ചുവേലിൽപടി | .35 | 4 |
| 61. | 8 | ചെമ്പോലിപടി പുതുപ്പറമ്പ് | 1.45 | 4.50 |
| 62. | 8 | താമരപ്പള്ളിപതാൽ എണ്ണിക്കാട് | .50 | 3.50 |
| 63. | 8 | കോഴിമല പോസ്റ്റോഫീസ്പടി പ്ലാച്ചേരിപടി | .75 | 4 |
| 64. | 8 | കൊടിഞ്ഞൂർപടി പി. ഐ. പി. കനാൽറോഡ് | .53 | 3.50 |
| 65. | 8 | എണ്ണിക്കാട് ചർച്ച്-P.I.P കനാൽ റോഡ് | 0.25 | 3 |
| 66. | 8 | കോഴിമല മലയിൽപടി കോളനി റോഡ് | .70 | 3 |
| 67. | 8 | അഭ്രംകാലാപടി നൂറനാകുഴി റോഡ് | .35 | 3 |
| 68. | 9 | കുന്നുതറപടി തയ്യിൽപടി | .90 | 4 |
| 69. | 9 | പുതക്കുഴി കോളനി മടയ്ക്കപ്പടി റോഡ് | .65 | 3 |
| 70. | 9 | കണിച്ചേരിപ്പടി ഇരിഞ്ഞിമോടി റോഡ് | .90 | 5 |
| 71. | 9 | പുന്നവേലി ആശ്രമം റോഡ് | .60 | 3 |
| 72. | 9 | തോട്ടുമുക്കത്തുപടി താമരച്ചാൽ | .35 | 3 |
| 73. | 10 | കോയിക്കൽപടി നടുവിലേത്തുപടി | .75 | 5 |
| 74. | 10 | എൻ. എസ്. എസ് ബി.റ്റി.എസ്എട്ടൊന്നിൽകടവ് | .60 | 4 |
| 75. | 10 | ശങ്കരവിലാസത്തുപടി വടക്കേടത്തുപടി റോഡ് | .50 | 4 |
| 76. | 10 | മണക്കുപ്പി താറാപ്പുഴക്കടവ് | .30 | 4.5 |
| 77. | 11 | പഴയകാവ്കരിയിലമുക്ക്റോഡ്ൽ മൈലാടുംപാറ സ്കൂൾ- | .35 | 8 |
| 78. | 11 | ചിറ്റേടത്ത്പടി പഴയകാവ്-കരിയിലമുക്ക് റോഡിലേയ്ക്കുള്ള ലിങ്ക് റോഡ് | .35 | 3.5 |
| 79. | 11 | വടികുളം പൂവണ്ണാപ്പുഴ എട്ടൊന്നിൽ കടവ് | 1.65 | 3.5 |
| 80. | 11 | കരയോഗം U.P സ്കൂൾ തറാപ്പുഴറോഡ് | .50 | 3.5 |
| 81. | 11 | ചക്കാലയിൽപടി മണൽകണ്ടംറോഡ് | .60 | 3.5 |
| 82. | 11 | പ്ലാച്ചേരിക്കാലാ കോളനിറോഡ് | .45 | 3 |
| 83. | 11 | പുതിയിടത്തു പടി കുന്നേക്കാട് ക്ഷേത്രം | .35 | 3 |
| 84. | 11 | മണലിൽപടി ആലുംമൂട് കോവേലിൽപടി ഇലഞ്ഞിമൂട് | 1.15 | 3.5 |

പി. ഐ. പി. കനാലിനുമീതെ സ്ലാബ് ഇട്ട് സഞ്ചാരയോഗ്യമാക്കേണ്ട റോഡ്

| | | |
|---|---|---|
| 6 | ചെങ്ങാമണ്ണ് കോളനി റോഡ്. | |

## ഊർജ്ജം

ഇരവിപേരൂർ പഞ്ചായത്തിലെ വൈദ്യുതിയുടെ മേൽനോട്ടം 3 സെക്ഷനുകളിലാണ്. ഇവയുടെ മുകളിലുള്ള 2 സബ്ഡിവിഷൻ 2 ഡിവിഷന്റെ കീഴിലുമാണ്. (ചെങ്ങന്നൂർ തിരുവല്ല) ഇത് വളരെ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. ഇതൊഴിവാക്കുവാൻ ഇരവിപേരൂരിൽ ഉള്ള സബ് എൻജിനിയർ ഓഫീസ് സെക്ഷൻ ഓഫീസായി അപ്ഗ്രേയ്ഡ് ചെയ്യുകയും വള്ളംകുളം ഓതറ എന്നിവിടങ്ങളിൽ ഓരോ സബ് എഞ്ചിനിയർ ഓഫീസ് അനുവദിക്കുകയും വേണം. വോൾട്ടേജ് ക്ഷാമം ഒരു തീരാശാപമായി മാറിയിരിക്കുന്നു. ഇപ്പോൾ ഉള്ള 26 ട്രാൻസ്ഫോർമറുകൾ കൂടാതെ പുതിയതായി 3 വർഷം മുമ്പ് അനുവദിച്ച കണ്ണാട്ട് ട്രാൻസ്ഫോർമർ ഇതുവരെ സ്ഥാപിച്ചിട്ടില്ല എന്നത് ദയനീയമാണ്. അടിക്കടി വൈദ്യുതി തടസ്സങ്ങൾ ഉണ്ടാകുന്നത് ഒഴിവാക്കുവാൻ റ്റച്ചിംഗ് വെട്ടുവാൻ നിരന്തരം നടപടികൾ വേണം.

പുതിയതായി വിവിധ ഭാഗങ്ങളിൽ ട്രാൻസ്ഫോർമർ കൂടി (കണ്ണാട്ട് കൂടാതെ) സ്ഥാപിച്ചാൽ സാമാന്യം തൃപ്തികരമായി പ്രവർത്തിക്കുവാൻ കഴിയും.(മുരിങ്ങശ്ശേരി സ്കൂൾ, വാര്യാങ്കാട്ടിൽ പടി, വള്ളംകുളം പടിഞ്ഞാറ്, പുന്നവേലി) പഞ്ചായത്തിൽ 945 ബൾബുകളും 186 ട്യൂബുകളും ഉള്ളതായി കണക്ക് ഉണ്ടെങ്കിലും സ്ട്രീറ്റുലൈറ്റുകൾ എന്നത്തേക്കാളും മോശമായ സ്ഥിതിയിലാണ്. 25% പോലും ഉപയോഗയോഗ്യമല്ല. ഗുണനിലവാരം കുറഞ്ഞ ബൾബുകളാണ്. ബോർഡിൽനിന്നും വിതരണം ചെയ്യുന്നത് എന്നാണ് മനസ്സിലാക്കുന്നത്. ഇതിന് പരിഹാരം ഉണ്ടാവണം. പ്രതിമാസം 16445 രൂപയാണ് കറണ്ട് ചാർജിനത്തിൽ പഞ്ചായത്തിൽ നിന്നും ബോർഡിലേക്ക് അടയ്ക്കുന്നത് എങ്കിലും സ്ട്രീറ്റ്ലൈറ്റുകളുടെ കാര്യത്തിൽ കെ. എസ്. ഇ ബോർഡ് വേണ്ടത്ര ശുഷ്ക്കാന്തി കാണിക്കുന്നില്ല. പഞ്ചായത്തുകൾക്ക് പ്രത്യേകം മീറ്റർ വയ്ക്കുന്നത് ഗുണകരമായിരിക്കും എന്ന് അഭിപ്രായമുണ്ട്.

പുതിയതായി ആവശ്യമുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്. പഞ്ചായത്തിൽ ആകെ 7197 വീടുകൾ ഉള്ളതിൽ 2469 വീടുകളിൽ പാചകവാതകം ഉപയോഗിക്കുന്നു. 2326 വീടുകൾ മണ്ണെണ്ണ ഉപയോഗിച്ചും 240 വീടുകളിൽ വിറക് ഉപയാഗിച്ചും പാചകം ചെയ്യുന്നു. ഗോബർ ഗ്യാസിന് ഇനിയും പ്രചാരം ലഭിക്കേണ്ടിയിരിക്കുന്നു. സൗരോർജ്ജത്തിന് പ്രചാരം നൽകുവാൻ സന്നദ്ധസംഘടനകളുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്. നിയമപരമല്ലാത്ത സ്റ്റെപ്പ് അപ്പ് നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കണം.

ഇലക്ട്രിസിറ്റി ചാർജ് കുറയ്ക്കുവാൻ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കണം. തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ സോഷ്യൽ ഫോസ്ടിയുടെ സഹായത്തോടെ മരങ്ങൾ വെച്ചുപിടിപ്പിക്കുന്നത് വിറകിനെങ്കിലും പ്രയോജനപ്പെടുത്താം. പഞ്ചായത്തിൽപ്പെട്ട പ്രധാനകേന്ദ്രങ്ങളായ ഇരവിപേരൂർ വള്ളംകുളം, നന്നൂർ, ഓതറ ജംഗ്ഷനുകളിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കണമെന്നുള്ള നിർദ്ദേശം സജീവമായിട്ടുണ്ട്.

### സ്ട്രീറ്റ്ലൈറ്റുകളുടെ ആവശ്യം വാർഡടിസ്ഥാനത്തിൽ

| വാർഡ് | എണ്ണം |
|---|---|
| 1 | 40 |
| 2 | 22 |
| 3 | 41 |
| 4 | 35 |
| 5 | 34 |
| 6 | 24 |
| 7 | 21 |
| 8 | 42 |
| 9 | 47 |
| 10 | 21 |
| 11 | 34 |
| ആകെ. | **361** |

## മാർക്കറ്റ്

പഞ്ചായത്ത്വക വള്ളംകുളത്തുള്ള 56 സെന്റ് സ്ഥലത്തും ഓതറ പഴയകാവിലുള്ള 20 സെന്റ് സ്ഥലത്തും സ്വന്തമായി മാർക്കറ്റുണ്ട്. എന്നാൽ രണ്ടിടത്തെയും സൗകര്യങ്ങൾ അപര്യാപ്തമാണ്. റോഡ്, ജലഗതാഗതം, എന്നീ സൗകര്യങ്ങളുള്ള വള്ളംകുളം മാർക്കറ്റ് വിപുലമായ വികസനസാധ്യത ഉള്ളതാണ്. ഇപ്പോൾ നിലവിലുള്ള രണ്ട് ചെറിയ കെട്ടിടങ്ങൾ കൂടാതെ കിഴക്കേ അറ്റത്തായി തെക്കു വടക്ക് നല്ല രീതിയിൽ ഒരു ഇരുനില സൗകര്യത്തോടുകൂടി കെട്ടിടം പണിയാൻ കഴിയും. ഈ കെട്ടിടം നിർമ്മിക്കുന്നത് വഴി പഞ്ചായത്തിന് പ്രതിമാസ വരുമാനവും വിപണനസൗകര്യങ്ങൾ വർദ്ധിക്കുകയും ചെയ്യും. മുകളിൽ ഓഫീസുകൾക്കായി ഉപയോഗിക്കുവാനും കഴിയും. ഉദ്ദേശം 45 ലക്ഷം രൂപായെങ്കിലും ഇതിനായി വകയിരുത്തുന്നത് നന്നായിരിക്കും. ഓതറ മാർക്കറ്റിന്റെ വികസനത്തിനു 15 ലക്ഷം രൂപാവരെ വകയിരുത്തി വികസന പ്രവർത്തനങ്ങൾ നടത്തുന്നത് പ്രയോജനപ്പെടുത്താം.

ഇരവിപേരൂരിൽ 28 സെന്റ് സ്ഥലം ഉള്ളത് ശരിയാക്കി എടുത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാവുതാണ്. ഇതിന് ഉദ്ദേശം 20 ലക്ഷം രൂപ വകയിരുത്താം. വള്ളംകുളം മാർക്കറ്റിൽ ആഴ്ച ചന്തകൾ ആരംഭിക്കുവാനുള്ള എല്ലാ സാഹചര്യവും രൂപപ്പെടുത്തുവാൻ കഴിയുന്നതാണ്. വള്ളംകുളം പ്രദേശത്തിന്റെ വികസനത്തിന് ഇതൊരു നാഴികക്കല്ലായി മാറും.

# 4-7

# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

പാർപ്പിടം മനുഷ്യന്റെ മൗലികാവകാശമാണ്. ആഹാരം, വസ്ത്രം, പാർപ്പിടം ഇവ ഏതൊരു വ്യക്തിയ്ക്കും തുല്യമായ ആവശ്യങ്ങളാണ്. ഇരവിപേരൂർ വില്ലേജ് ആഫീസിന്റെ അതിർത്തികൾക്കുള്ളിൽ പൂർണ്ണമായും ഉൾക്കൊണ്ട പ്രദേശമാണ് ഇരവിപേരൂർ ഗ്രാമപഞ്ചായത്ത്. വിദ്യാഭ്യാസപരമായും സാംസ്കാരികപരമായും ഒരു നല്ല നിലവാരം പുലർത്തുന്ന ഒരു ഭൂപ്രദേശമാണ്. ഈ പഞ്ചായത്ത് 11 വാർഡുകളായി വിഭജിക്കപ്പെട്ടിരിക്കുന്നു.

ഈ പ്രദേശത്തെ സ്വകാര്യസമ്പത്തിന്റെ നല്ലൊരു പങ്ക് ഗൾഫ്/വിദേശപണമുള്ള ആളുകളുടെ കൈവശത്തിലാണ്. ഇവരെ മാറ്റിനിർത്തിയാൽ ബാക്കിയുള്ളവർ സാധാരണക്കാരും കൂലിവേലക്കാരും ആണ്. അവിടവിടായി വിദേശപണമുപയോഗിച്ച് പടുത്തുയർത്തിയിട്ടുള്ള പടുകൂറ്റൻ വീടുകളുടെ മറവിൽ ഈ ഗ്രാമപഞ്ചായത്തിന്റെ യഥാർത്ഥ ചിത്രം അദൃശ്യമായിരിക്കയാണ്. 50 ശതമാനത്തിൽ കവിഞ്ഞ ജനവിഭാഗത്തിന് സ്വന്തമായി ഒരു വീടുണ്ടാക്കാൻ ബാങ്കുകളുടേയോ ഗവൺമെന്റ് സ്ഥാപനങ്ങളുടെയോ ധനസഹായം കൂടാതെ അസാധ്യമാണ്.

ഈ പഞ്ചായത്തിൽ ആകെയുള്ള 7152 വീടുകളിൽ 1926 എണ്ണം നല്ലനിലയിലുള്ള കോൺക്രീറ്റുവീടുകളും 1500 എണ്ണം ഓടിട്ട ഇടത്തരം വീടുകളും 2276 ഓടിട്ട ചെറിയ വീടുകളും ബാക്കിയുള്ള 1450 എണ്ണം ഓലമേഞ്ഞ ചെറിയ വീടുകളും കുടിലുകളും ആണ്.

**പട്ടിക 1**

**വാർഡുകളിലെ വീടുകളുടെ തരംതിരിവ് എണ്ണം**

| വാർഡ് | ഇരുനില | ടെറസ്സ് | ഓട് | ഓല/കുടിൽ | ആകെ |
|---|---|---|---|---|---|
| 1 | 2 | 178 | 240 | 191 | 593 |
| 2 | 5 | 235 | 265 | 107 | 612 |
| 3 | 8 | 307 | 405 | 108 | 828 |
| 4 | 8 | 172 | 354 | 130 | 664 |
| 5 | 4 | 174 | 410 | 146 | 734 |
| 6 | 6 | 159 | 395 | 152 | 712 |
| 7 | 2 | 106 | 367 | 92 | 567 |
| 8 | 2 | 43 | 380 | 133 | 558 |
| 9 | 5 | 165 | 350 | 151 | 671 |
| 10 | 4 | 161 | 285 | 120 | 670 |
| 11 | 2 | 178 | 325 | 138 | 643 |
| **ആകെ** | **48** | **1878** | **3776** | **1450** | **7152** |

ഈ പഞ്ചായത്തിൽ 650 കുടുംബങ്ങൾ ഭവനരഹിതരായുണ്ട്. പിന്നോക്കം നിൽക്കുന്ന ഇവർക്ക് വായ്പയോ ഗവൺമെന്റ് ഏജൻസികളിൽനിന്നുള്ള കാര്യമായ ധനസഹായമോ കൂടാതെ പാർപ്പിടം നിർമ്മിക്കാൻ സാധിക്കയില്ല.

സർക്കാർ ഭവനനിർമ്മാണ ബോർഡുവഴി ദുർബലവിഭാഗക്കാർക്കുള്ള ഭവനവായ്പ ഒന്നുംതന്നെ ഈ പഞ്ചായത്തിൽ ലഭ്യമായിട്ടില്ല. ഭവനവായ്പാ വിഷമതകൾ പരിഹരിക്കുന്നതിന് ചില നിർദ്ദേശങ്ങൾ ചുവടെവയ്ക്കുന്നു.

1. വായ്പ ലഭ്യമാക്കുന്നതിന് നിർമ്മിക്കുന്ന വീടുമാത്രം ഈടായി സ്വീകരിക്കുക.

2 ഭവനനിർമ്മാണ ബോർഡിന്റെ അധീനതയിൽ വീടുനിർമ്മിച്ച് തവണവ്യവസ്ഥയിൽ നൽകുക.

RLEGP, NREP, LAY, MWS, JRY മുതലായ പദ്ധതികളുടെ അടിസ്ഥാനത്തിൽ ഈ പഞ്ചായത്തിനു ലഭിച്ച വീടുകളുടെ എണ്ണം തുലോം തുച്ഛമാണ്. ഈ പരിപാടികൾ മുഖേന കൂടുതൽ വീടുകൾ ഈ പഞ്ചായത്തിൽ ഉണ്ടാകുവാൻ ഗവൺമെന്റുതലത്തിൽ സമ്മർദ്ദം ചെലുത്തേണ്ടിയിരിക്കുന്നു.

### പട്ടിക II
## വിവിധ ഗവ. സ്ഥാപനങ്ങൾ മുഖേന നിർമ്മിച്ച
### വീടുകളുടെ എണ്ണം

| വാർഡ് | അപേക്ഷ സമർപ്പിച്ചവർ | വിവിധ പരിപാടി കളിലായി അനുവദിച്ച വീടുകൾ | പൂർത്തിയായ വീടുകൾ | പൂർത്തിയാകാത്ത വീടുകൾ | ഇനിയും അനുവദിക്കേണ്ട വീടുകൾ |
|---|---|---|---|---|---|
| 1 | 14 | - | - | - | 14 |
| 2 | 16 | - | - | - | 16 |
| 3 | 18 | - | - | - | 18 |
| 4 | 16 | - | - | - | 16 |
| 5 | 30 | 8 | 5 | 3 | 22 |
| 6 | 35 | 11 | 3 | 8 | 24 |
| 7 | 38 | 14 | 12 | 2 | 24 |
| 8 | 40 | 16 | 13 | 3 | 24 |
| 9 | 12 | 6 | 3 | 3 | 6 |
| 10 | 20 | 10 | 9 | 1 | 12 |
| 11 | 18 | 6 | 5 | 1 | 12 |
| **ആകെ** | **257** | **71** | **50** | **21** | **186** |

ഭവനനിർമ്മാണ വസ്തുക്കളുടെ അമിതമായ വിലക്കയറ്റംമൂലവും ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന കൂലി ചിലവുകളും നിമിത്തം വായ്പയായോ ആനുകൂല്യങ്ങളായോ ലഭിക്കുന്ന പണംകൊണ്ട് വീട് പണിയാൻ കഴിയാതെ വരുന്നു. അങ്ങനെ പാവപ്പെട്ടവന്റെ സ്വന്തമായ ഒരു വീട് എന്ന ആശയം സ്വപ്നമായിത്തന്നെ അവശേഷിക്കുന്നു.

ഇന്ന് ദിവസകൂലിനിരക്ക് വിദഗ്ദ്ധ തൊഴിലാളികൾക്ക് 130 മുതൽ 150 രൂപാവരെയും അവിദഗ്ധ തൊഴിലാളികൾക്ക് 100 മുതൽ 130 രൂപവരെയും നിലവിലുണ്ട്. ഇത് 1992-93 കാലയളവിൽ യഥാക്രമം 80 മുതൽ 90 രൂപാ വരെയും 65 രൂപ മുതൽ 75 രൂപാവരെയും ആയിരുന്നു എന്നത് ഓർമ്മിക്കേണ്ടിയിരിക്കുന്നു. അതുപോലെ കെട്ടിട നിർമ്മാണ സാമഗ്രികളായ കമ്പി, സിമന്റ്, കരിങ്കല്ല്, ഇഷ്ടിക, മണൽ മുതലായവയുടെ വില കഴിഞ്ഞ 5 വർഷങ്ങളിലായി മൂന്നും നാലും ഇരട്ടിയായി വർദ്ധിച്ചിട്ടുണ്ട്. ഈ കാരണങ്ങളാൽ സർക്കാർ വിവിധ പദ്ധതികളിലൂടെ വികസന ബ്ലോക്കുവഴി വീടിനുനൽകുന്ന RLEGP, NREP, IAY, JRY, MWS വായ്പാപരിധിയും രാജീവ് ദശലക്ഷ പാർപ്പിട വായ്പാ പരിധിയും അപര്യാപ്തമാണ്.

പാർപ്പിടരംഗത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കാൻ താഴെപറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. പഞ്ചായത്തുതലത്തിൽ ഭവനനിർമ്മാണ സഹകരണസംഘം രൂപീകരിക്കുക. എഞ്ചിനിയർ മുതൽ ലേബർ വരെയുള്ള ആളുകളെ സംഘത്തിലൂടെ നൽകുക.
2. കെട്ടിടനിർമ്മാണ സാമഗ്രികൾ ലഭ്യമാക്കാൻ സിവിൾസപ്ലൈസ് ഡിപ്പാർട്ടുമെന്റിന്റെ സഹായം തേടുക.
3. നിർമ്മാണ ചെലവ് 2 ലക്ഷം രൂപക്കു മുകളിൽവരുന്ന വീടുകൾക്ക് കർശനമായി പരിധി ഏർപ്പെടുത്തുക.
4. സർക്കാർ ലഭ്യമാക്കുന്ന വായ്പക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക.

5. ചെലവുകുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.

6. സർക്കാർ ലഭ്യമാക്കുന്ന ഭവനനിർമ്മാണ വായ്പാതുക വർദ്ധിപ്പിക്കുക.

(a) IAY, MWS, JRY, RLEGP എന്നിവയുടെ തുക 30,000 രൂപയായി ഉയർത്തുക.

(b) രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിയുടെ തുക 50,000 രൂപയായി ഉയർത്തുക.

(c) പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതി 25,000 രൂപയായി ഉയർത്തുക.

ഭവനരഹിതരുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ അവർക്ക് പ്രാഥമികമായി ഭൂമി ലഭ്യമാക്കേണ്ടതുണ്ട്. ഓരോ ഭൂമിയില്ലാത്ത ഭവനരഹിതനും 5 സെന്റുഭൂമി വീതം ദാനമായി നൽകാനുള്ള സംവിധാനം പഞ്ചായത്തുതലത്തിൽ ഉണ്ടാവണം. അവിടെ LIC മുതലായ സ്ഥാപനങ്ങളിലൂടെ ഏറ്റവും ചുരുങ്ങിയ പലിശനിരക്കിൽ വായ്പ ലഭ്യമാക്കുകയും വീടിന്റെ ചുരുങ്ങിയ ചെലവിലുള്ള നിർമ്മാണം നിർമ്മിതികേന്ദ്രം തുടങ്ങിയ ഏജൻസികളെകൊണ്ട് നടത്തുകയും വേണം.

ഭവനരഹിതരായ കുടികിടപ്പുകാർക്ക് വീടുനൽകാൻ നിയമപരമായി സാദ്ധ്യമല്ലാത്തതുകൊണ്ട് അവർക്ക് പട്ടയം ലഭ്യമാക്കാൻ സത്വരനടപടികൾ കൈക്കൊള്ളേണ്ടതാണ്. ഇപ്പോളത്തെ സ്ഥിതി ശോചനീയമാണ്. ലക്ഷംവീടുകൾക്ക് ശരിയായ അറ്റകുറ്റപണികൾ നടത്തേണ്ടതാണ്. പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

ഈ പഞ്ചായത്തിലെ 10-ാം വാർഡിൽ ഉൾപ്പെട്ട കളത്ര, മുട്ടുവരമ്പ്, തെക്കേ കള്ളിമല എന്നീ ഭാഗങ്ങൾ പട്ടികജാതി കോളനികളായി രൂപാന്തരപ്പെടുത്തുവാൻ പറ്റിയതാണ്. പുതിയ പട്ടികജാതി കോളനികൾക്കുരൂപം നൽകുമ്പോൾ ഈ പ്രദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

അടുത്തുവരുന്ന 9-ാം പഞ്ചവത്സരപദ്ധതിക്കാലത്ത് ഈ ഗ്രാമപഞ്ചായത്തിലെ പാർപ്പിടപ്രശ്നം പരമാവധി പരിഹരിക്കലാണ് നമ്മുടെ ലക്ഷ്യം ഈ ലക്ഷ്യം കൈവരിക്കുവാൻ ഒരു കൂട്ടായ ശ്രമമാണ് ആവശ്യം. ആയതിലേക്ക് ഗവൺമെന്റിന്റെയും പഞ്ചായത്തുതലം മുതൽ മേൽപോട്ടുള്ള എല്ലാ ഗവൺമെന്റുസ്ഥാപനങ്ങളുടെയും, സഹകരണ പ്രസ്ഥാനങ്ങളുടെയും, ബാങ്കുകളുടെയും സന്നദ്ധസംഘടനകളുടെയും ഗ്രാമവാസികളുടെയും ആത്മാർത്ഥമായ സഹ കരണം അനി വാര്യമാണ്. അതിനായി നമുക്ക് ഒരുമിക്കാം-പ്രയത്നിക്കാം.

## സാമൂഹ്യക്ഷേമം

ദാരിദ്ര്യനിർമാർജനം, തൊഴിലാളിക്ഷേമം, വനിതകളുടേയും ശിശുക്കളുടേയും ക്ഷേമപ്രവർത്തനങ്ങൾ, വൃദ്ധ ജനക്ഷേമം, പൊതുജനാരോഗ്യം എന്നിവകളാണ് സാമൂഹ്യക്ഷേമം എന്ന വിഷയംകൊണ്ട് ഉദ്ദേശിക്കുന്നത്.

കേന്ദ്രസംസ്ഥാനഗവൺമെന്റുകൾ മുഖേനയുള്ള ദാരിദ്ര്യനിർമാർജന പദ്ധതികളും തൊഴിലാളി ക്ഷേമബോർ ഡുമുഖേന നടപ്പാക്കുന്ന തൊഴിലാളി ക്ഷേമപദ്ധതികളുമാണ് ഇവയിൽ മുഖ്യമായുള്ളത്. ഇവകൂടാതെ പട്ടികജാതി വികസന കോർപ്പറേഷൻ, വനിതാ വികസന കോർപ്പറേഷൻ എന്നീ ഗവൺമെന്റു സ്ഥാപനങ്ങളും രംഗത്തുണ്ട്.

ഈ പദ്ധതികളിൽ ദാരിദ്ര്യനിർമ്മാർജ്ജനപദ്ധതികളാണ് ഈ പഞ്ചായത്തിൽ കുറെയെങ്കിലും നടപ്പാക്കികൊ ണ്ടിരിക്കുന്നത്.

സാമൂഹ്യക്ഷേമരംഗത്തെ അപര്യാപ്തത പ്രകടമാണ്. ഈ വക പദ്ധതികളേപ്പറ്റിയുള്ള ജനങ്ങളുടെ അറിവില്ലാ യ്മമൂലം അർഹരായവർ സഹായലഭ്യതക്കായി മുന്നോട്ടു വരുന്നില്ല. ആയതിനാൽ ഈ പദ്ധതികളേപ്പറ്റിയുള്ള ശരി യായ ബോധവൽക്കരണം ആവശ്യമാണ്. ഗ്രാമസഭകളിൽ ഇവയെപ്പറ്റിയുള്ള ചർച്ചകൾ വളരെ പ്രയോജനം ചെയ്യും.

പട്ടികജാതി വികസന കോർപ്പറേഷൻ വഴിയുള്ള ആനുകൂല്യങ്ങൾ അല്പാല്പം ലഭ്യമാക്കുന്നുണ്ടന്നാണ് അറിവ്. എന്നാൽ വനിതവികസന കോർപ്പറേഷന്റെ ആനുകൂല്യം എന്തെങ്കിലും പ്രയോജനപ്പെടുത്തിയിട്ടുണ്ടോയെന്നു തോ ന്നുന്നില്ല. വനിതാ സംഘടനകളുടെ അഭാവമാണ് കാരണം. സന്നദ്ധ വനിതാസമാജങ്ങൾ പഞ്ചായത്തിൽ ഉണ്ടാ കേണ്ടിയിരിക്കുന്നു.

കോയിപ്രം ബ്ലോക്ക് ഡവലപ്പുമെന്റ് ആഫീസാണ് ഈ പഞ്ചായത്തിൽ സാമൂഹ്യക്ഷേമപരമായ സഹായങ്ങൾ ലഭ്യമാക്കുന്നത്. ഈ രംഗത്ത് വിവിധ പദ്ധതികളിലായി ലഭ്യമായ ആനുകൂല്യങ്ങളേപ്പറ്റിയുള്ള വിവരങ്ങൾ തുടർന്നു പ്രതിപാദിക്കുന്നു.

പട്ടിക III

## IRDP സർവ്വേപ്രകാരം ദാരിദ്ര്യരേഖക്കു താഴെയുള്ളവരുടെ വിവരം

| വാർഡ് | സർവ്വേപ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST SC/ST കുടുംബങ്ങൾ | നാളിതുവരെ സഹായം ലഭിച്ചവരുടെ എണ്ണം | ഇതിൽ SC/ST | സഹായം ലഭിച്ചവഴി ദാരിദ്ര രേഖ യ്ക്ക് മുകളിൽ എത്തിയവർ | ഇപ്പോൾ ദാരിദ്ര്യ രേഖ യ്ക്കുതാഴെയുള്ള ആകെ കുടുംബങ്ങൾ |
|---|---|---|---|---|---|---|
| 1 | 87 | - | 14 | - | 10 | 77 |
| 2 | 152 | 14 | 15 | 8 | 7 | 145 |
| 3 | 180 | 53 | 20 | 16 | 4 | 176 |
| 4 | 150 | 88 | 28 | 16 | 12 | 138 |
| 5 | 174 | 32 | 18 | 9 | 4 | 170 |
| 6 | 192 | 69 | 27 | 17 | 6 | 186 |
| 7 | 148 | 32 | 20 | 11 | 8 | 140 |
| 8 | 169 | 36 | 20 | 9 | 3 | 166 |
| 9 | 157 | 61 | 34 | 2 | 34 | 123 |
| 10 | 142 | 53 | 55 | 35 | 20 | 122 |
| 11 | 110 | 27 | 32 | 9 | 23 | 87 |
| ആകെ | **1661** | **465** | **283** | **132** | **131** | **1530** |

IRDP സർവ്വേപ്രകാരം 1995-96 വർഷത്തിൽ ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 1530 ആണെന്നുകാണാം. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരെ കണക്കാക്കുന്ന മാനദണ്ഡം കാലോചിതമായി അവലോകനം ചെയ്ത് ഭക്ഷ്യവസ്തുക്കളുടെയും നിത്യോപയോഗ സാധനങ്ങളുടെയും വിലനിരക്കിനനുസൃതമായി ഉയർത്തേണ്ടതാണ്. ഇന്നത്തെ വിലസൂചിക കണക്കാക്കുമ്പോൾ ദാരിദ്ര്യരേഖയുടെ പരിധി 1800 യെങ്കിലും ആക്കി ഉയർത്തേണ്ടതാണ്.

## DWCRA സഹായലഭ്യത

സ്ത്രീകളുടെയും ഉന്നമനത്തിന്വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA.

പട്ടിക IV

## DWCRA പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

| വാർഡ് | തൊഴിൽ സംരംഭം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| 1 to 4 | മെറ്റൽ യൂണിറ്റ് | 1995-96 | 10 | 2-ാം വാർഡ് ആസ്ഥാനമായ ഈ യൂണിറ്റ്പ്രവർത്തനക്ഷമത ആയിവരുന്നതേയുള്ളൂ |
| 5 | Nil | | | |
| 6 | Nil | | | |
| 7 | NIl | | | |
| 8 | ഹോളോ ബ്രിക്സ് | 1995-96 | 10 | പ്രവർത്തിക്കുന്നുണ്ട് |
| 9 to 11 | ചപ്പൽ | 1995-96 | 10 | പ്രവർത്തിക്കുന്നില്ല |

മുകളിൽ ചേർത്തിട്ടുള്ള പട്ടിക പരിശോധിച്ചാൽ 8-ാം വാർഡിൽ ഉള്ള ഒരു ചെറിയ Hallow Brickes യൂണിറ്റു മാത്രമേ ഈ സ്കീമിൽ പ്രവർത്തിക്കുന്നുള്ളുവെന്നുകാണാം. കൂടുതൽ മഹിളകളെ സംഘടിപ്പിച്ചുകൊണ്ട് കൂടുതൽ തൊഴിൽ സംരംഭങ്ങൾ വളർത്തിയെടുക്കുവാനുണ്ട്.

## ട്രൈസം പദ്ധതി

18 വയസ്സു മുതൽ 35 വയസുവരെയുള്ള യുവതി യുവാക്കൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനു വേണ്ട പരിശീലനം നൽകുന്നതാണ് ട്രൈസം പദ്ധതി.

### പട്ടിക V

ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ എണ്ണം

| വാർഡ് | പരിശീലനം വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയ വരുടെ എണ്ണം | ഇതര തൊഴിലിൽ ഏർപ്പെട്ടവ രുടെ എണ്ണം | അവശേഷി ക്കുന്നവർ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | - | - | - | - | - |
| 2 | Plumbing | 2 | 1 | 1 | - |
| 3 | Handicraft | 1 | - | 1 | - |
| 4 | - | - | - | - | - |
| 5 | Welding | 4 | 4 | - | - |
| | Electrician | | | | |
| 6 | Handicraft TV/Radio Mech. Welding | 9 | 4 | 1 | 4 |
| 7 | - | - | - | - | - |
| 8 | Printing Handicraft and Wiring | 3 | 1 | 2 | - |
| 9 | One Year TV | 2 | - | 2 | - |
| | Radio Course | | | | |
| 10 | Plumbing | 2 | - | 2 | - |
| | Electricion | | | | |
| 11 | Printing | 1 | - | 1 | - |
| | ആകെ | **24** | **10** | **10** | **4** |

## ടൂൾകിറ്റ്

ഗ്രാമീണ കൈതൊഴിലാളികൾക്ക് നവീന തൊഴിൽ ഉപകരണങ്ങൾ നൽകുന്ന പദ്ധതിയാണിത്.

### പട്ടിക VI
### ടൂൾകിറ്റ് ലഭ്യതയുടെ വിവരം

| വാർഡ് നമ്പർ | IRDP സർവ്വേ പ്രകാരം ഗ്രാമീണ തൊഴിലുകാരുടെഎണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനിയും സഹായത്തിന് അർഹത യുള്ളവരുടെ എണ്ണം | കുറിപ്പ് |
|---|---|---|---|---|
| 1 | 4 | 1 | 3 | |
| 2 | 5 | 2 | 3 | |
| 3 | 6 | 3 | 3 | |
| 4 | 10 | 4 | 6 | |
| 5 | 6 | - | 6 | |
| 6 | 16 | - | 16 | |
| 7 | 6 | - | 6 | |
| 8 | 13 | 2 | 11 | |
| 9,10,11 | | | | Data ലഭിച്ചിട്ടില്ല |
| ആകെ | **66** | **12** | **54** | |

പഞ്ചായത്തിലെ 9 വാർഡുകളിലുള്ള അർഹരായ 66 ഗ്രാമീണ തൊഴിലുകാരിൽ 12 പേർക്കു മാത്രമേ സഹായം ലഭിച്ചിട്ടുള്ളൂ. ബാക്കിയുള്ള 54 പേർക്കുകൂടി സഹായം ലഭ്യമാക്കണം. കൂടാതെ 9,10,11 എന്നീ വാർഡുകളിൽ സർവ്വേ നടത്തി ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാകേണ്ടിയിരിക്കുന്നു.

## കക്കൂസുകൾ

സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവർക്ക് പഞ്ചായത്തിൽ വിവിധ പദ്ധതികളിലായി അനുവദിച്ച കക്കൂസുകളുടെ വിവരങ്ങൾ ചുവടെ കാണിച്ചിരിക്കുന്ന പട്ടികയിൽ കാണിച്ചിട്ടുണ്ട്. 556 കുടുംബങ്ങൾക്ക് കക്കൂസുകൾ ആവശ്യമെന്നിരിക്കെ തുച്ഛമായ 29 എണ്ണം മാത്രമേ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളൂ. 525 കക്കൂസുകൾ ഇനിയും ലഭ്യമാക്കേണ്ടതുണ്ടെന്നു കാണാം. സാനിട്ടറി കക്കൂസുകളുടെ അഭാവം ഈ പഞ്ചായത്തിലെ മിക്കഭാഗത്തും പരിസര മലിനീകരണത്തിന് ഇടയാക്കിയിട്ടുണ്ട്. ആയതിനാൽ ഈ രംഗത്ത് ബൃഹത്തായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

### പട്ടിക VI
### കക്കൂസുകളെ സംബന്ധിക്കുന്ന വിവരങ്ങൾ

| വാർഡ് | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ (I.R.D.P. സർവ്വേ പ്രകാരം) | വിവിധ പദ്ധതി കളിലായി അനുവദിച്ച കക്കൂസുകളുടെ എണ്ണം(1992നുശേഷം) | പൂർത്തീകരിച്ച വയുടെ എണ്ണം | ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 5 | 1 | 1 | 4 |
| 2 | 15 | 2 | 2 | 13 |
| 3 | 40 | 1 | 1 | 39 |
| 4 | 50 | 2 | 2 | 48 |
| 5 | 74 | 4 | 4 | 70 |
| 6 | 75 | 4 | 4 | 71 |
| 7 | 60 | - | - | 60 |
| 8 | 62 | 10 | 8 | 52 |
| 9 | 75 | 2 | 2 | 73 |
| 10 | 60 | 3 | 3 | 57 |
| 11 | 40 | 2 | 2 | 38 |
| ആകെ | **556** | **31** | **29** | **525** |

## പൊതുശ്മശാനം

പഞ്ചായത്തിൽ 7-ാം വാർഡിൽ അടുത്തകാലത്തു നിർമ്മിച്ച ഒരു പൊതുശ്മാശാനം മാത്രമേയുള്ളൂ. പഞ്ചായത്തിന്റെ പലഭാഗത്തും കൂടുതൽ ശ്മശാനങ്ങൾ ആവശ്യമുണ്ട്. പ്രത്യേകിച്ച് നാലും അഞ്ചും സെന്റുമാത്രം ഭൂമികൈവശമുള്ള കുടുംബങ്ങൾ താമസിക്കുന്ന കോളനികൾക്കു സമീപം ശ്മശാനങ്ങൾ വളരെ അത്യാവശ്യമാണ്. ഈ ആവശ്യത്തിലേക്കും പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധക്ഷണിക്കുന്നു.

### സാമൂഹ്യക്ഷേമപരമായ വിവിധതരം പെൻഷൻ പദ്ധതികൾ

ഈ ഇനത്തിൽ താഴെപറയുന്ന പെൻഷനുകൾ ഉൾപ്പെടുന്നു.

1. അഗതി പെൻഷൻ 2. വിധവ പെൻഷൻ 3 വികലാംഗ പെൻഷൻ
4 വാർദ്ധക്യകാല പെൻഷൻ 5 അവശകലാകാരൻമാർക്കും സാഹിത്യകാരന്മാർക്കും നൽകുന്ന പെൻഷൻ
6 അവശ കായികതാരങ്ങൾക്കുള്ള പെൻഷൻ 7 ക്ഷയരോഗ പെൻഷൻ 8 ക്യാൻസർരോഗിപെൻഷൻ
9 കർഷക തൊഴിലാളി പെൻഷൻ 10 തൊഴിലില്ലായ്മ വേതനം

മേൽപറഞ്ഞ ഇനങ്ങളിൽ ഈ ഗ്രാമപഞ്ചായത്തിൽ 73 പേർക്ക് വിധവാ പെൻഷനും, 48 പേർക്ക് വികലാംഗ പെൻഷനും 46 പേർക്ക് വാർദ്ധ്യകൃപെൻഷനും ലഭിക്കുന്നുണ്ട്. ഈ ഇനങ്ങളിലെല്ലാം അർഹരായവർ ഇനിയും ബാക്കിയുണ്ട്. നിത്യവൃത്തിക്കു നിവർത്തിയില്ലാത്ത അവശരായ ഇവർക്ക് അനുവദിച്ചിട്ടുള്ള ഈ പെൻഷനുകൾ ഒരിക്കലും സമയത്തിനു ലഭിക്കുന്നില്ലയെന്നുള്ളത് ഒരു ദു:ഖസത്യമാണ്. ഇവ 7 മാസംമുതൽ 18 മാസംവരെ കുടിശിഖയായി കിടക്കയാണ്. ഈ ആനുകൂല്യങ്ങൾ യഥാസമയം നൽകാനുള്ള സംവിധാനം അടിയന്തിര പ്രാധാന്യം നൽകി ഉണ്ടാവണം. കൂടാതെ അർഹരായ എല്ലാവരേയും ഈ ക്ഷേമപദ്ധതിയിൽ ഉൾപ്പെടുത്തണം.

## അംഗൻവാടികൾ

ഈ പഞ്ചായത്തിൽ ഒരു അംഗൻവാടിപോലും അനുവദിച്ചിട്ടില്ലയെന്നറിയുമ്പോൾ അതിശയം തോന്നിയേക്കാം. ഇല്ലാ എന്നുള്ളതാണ് സത്യാവസ്ഥ. 1000 ജനങ്ങൾക്ക് ഒരു അംഗൻവാടി ഉണ്ടാവണം എന്നതാണ് I.C.D.S. ന്റെ ലക്ഷ്യം എന്നറിയുന്നു. ഇത് ഉടനടി സാധിച്ചെടുക്കാൻ വിഷമതയുണ്ട് എന്നു മനസ്സിലാക്കുന്നു. ആയതിനാൽ അടിയന്തിരമായി ഒരു വാർഡിന് ഒരു അംഗൻവാടിവീതം അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

2 ബാലവാടികളും 5 ഫീഡിംഗ് സെന്ററുകളും പ്രാബല്യത്തിലുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല. കൂടുതൽ കുട്ടികളെ ചേർത്തുള്ള ബാലവാടികൾ കാര്യക്ഷമമാക്കണം. കൂടാതെ, അവിടുത്തെ പോഷകാഹാര വിഭവങ്ങൾ ദുർവിനിയോഗം ചെയ്യാതിരിക്കാൻ വേണ്ട മേൽനോട്ടം നടപ്പിലാക്കണം.

## ക്ഷേമനിധികൾ

വിവിധ ക്ഷേമനിധികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജനങ്ങളിലെത്തിക്കാനും അർഹരായവർക്ക് സഹായം ലഭ്യമാക്കാനും വേണ്ട നടപടികൾ എടുക്കണം.

## പൊതുവിതരണം

പഞ്ചായത്തിലെ റേഷൻഷോപ്പുകളുടെ എണ്ണം തൃപ്തികരമാണ്. ഈ റേഷൻകടകൾ 100 ശതമാനം അഴിമതി രഹിതമാക്കാൻ സാദ്ധ്യമല്ലെങ്കിലും, സ്വന്തമായി പ്രൊവിഷൻ വസ്തുക്കൾ വ്യാപാരം ചെയ്യുന്ന കച്ചവട ഉടമയ്ക്ക് റേഷൻഷോപ്പ് അനുവദിക്കരുത് എന്നാണ് പൊതുവായ അഭിപ്രായം.

പഞ്ചായത്തിൽ മാവേലിസ്റ്റോറുകൾ ഒന്നും പ്രവർത്തിക്കുന്നതായി കാണുന്നില്ല. പഞ്ചായത്തിന്റെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ 4 -5 മാവേലിസ്റ്റോറുകൾ അനുവദിക്കുന്നത് സ്വകാര്യ കുത്തകവ്യാപരികളിൽനിന്നും പൊതുജനങ്ങൾക്ക് കുറേയൊക്കെ രക്ഷപെടാൻ സഹായകമാണ്.

ഒരു മൊബൈൽ മാവേലിസ്റ്റോർ അനുവദിക്കുക. ഉപഭോക്തൃമേഖലയെ കാര്യക്ഷമമാക്കാനും കുറ്റമറ്റതാക്കാനും ജനങ്ങളെ ബോധവൽക്കരിക്കാനും ഈ ഗ്രാമപഞ്ചായത്തിൽ ഉപഭോക്തൃസംരക്ഷണസമിതികൾ ശക്തമാക്കണം.

# 4-8
# സംസ്കാരം

സാംസ്കാരികമായി വളരെയേറെ സമ്പന്നമായ ഒരു ഗ്രാമമാണ് ഇരവിപേരൂർ. മദ്ധ്യ വർഗ്ഗഫ്യൂഡൽ വ്യവസ്ഥിതി നിലനിന്നിരുന്ന ഈ പ്രദേശത്തിന് വ്യവസ്ഥിതികളോട് സഹകരിച്ചു പോരുന്ന ഒരു സ്വഭാവമാണ് കണ്ടുവരുന്നത്.

സ്വാതന്ത്ര്യ സമരകാലത്ത് അത്യപൂർവ്വമായെങ്കിലും പീഡനം ഏറെ സഹിച്ച കുറെ ദേശാഭിമാനികൾ ഇവിടെ ഉണ്ടായിരുന്നു. സവർണ്ണ-അവർണ്ണ വൈരുദ്ധ്യം കൊടുകുത്തിവാണിരുന്ന ഒരു പ്രദേശമാകയാൽ സാമൂഹിക സാംസ്കാരിക തലങ്ങളിൽ കൂട്ടായ മുന്നേറ്റത്തിന് പലപ്പോഴും കഴിയാതെ പോയി. മദ്ധ്യ തിരുവിതാംകൂറിനെ ബാധിച്ച മദ്ധ്യവർഗ്ഗ സംസ്കാരത്തിന്റെ ജീവിക്കുന്ന ഉദാഹരണമായിരിക്കുന്നു ഇന്നീനാട്. ജനങ്ങൾ ജാതിയുടേയും മതത്തിന്റെയും ചതുരങ്ങളിൽ നിന്ന് പുറത്തേക്കുവരുന്നില്ലെന്ന വസ്തുത ലജ്ജയോടു മാത്രമേ പ്രസ്താവിക്കാനാവൂ. ഇതുകൊണ്ടു തന്നെ സന്നദ്ധ സാംസ്കാരിക പ്രസ്ഥാനങ്ങൾ ജാതിയുടേയോ മതത്തിന്റെയോ അടിവേരുകളിലാണ് വളർന്നു വന്നിട്ടുള്ളത്. എന്നാൽ കായിക മേഖലയിൽ ഉദാത്തമായ സംരംഭങ്ങൾ ഉണ്ടായിട്ടുണ്ട്. ക്രിസ്ത്യാനികളും ഹിന്ദുക്കളും ഏറെക്കുറെ അംഗസംഖ്യയിൽ ഒരുപോലെ നില്ക്കുന്ന പ്രദേശമാണ് ഇത്. ക്ഷേത്രങ്ങളും പള്ളികളും ധാരാളമായി ഉണ്ടെങ്കിലും മതവൈരമോ സംഘർഷമോ ഉണ്ടായ ഒരു ചരിത്രവും ഇവിടെ ഇന്നേവരെ ഉണ്ടായിട്ടില്ല. മതസൗഹാർദ്ധത്തിന്റെ ഉദാത്തമായ മാതൃകയാണ് ഈ ഗ്രാമം.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആവശ്യത്തിലധികവും പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ഉള്ളതുകൊണ്ട് തന്നെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ജനങ്ങൾ വളരെ പുരോഗമിച്ചവരാണ്. എന്നാൽ അൺ എയ്ഡഡ് സ്കൂളുകളുടെ ഏറി വരുന്ന ബാഹുല്യം ഗ്രാമത്തിലെ ദരിദ്ര്യവിദ്യാർത്ഥികളുടെ തീരാശാപമായി തീർന്നിരിക്കുന്നു. വിഞ്ജാനമേഖലയിൽ രണ്ടുതരം പൗരന്മാരെ സൃഷ്ടിക്കുന്ന ദുരവസ്ഥഗ്രാമത്തിൽ വളരെ വ്യക്തമാണ്. വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് വ്യവസായത്തിന്റെ നിറവും മണവും കൈവന്നിരിക്കുന്നു. ഇത്തരം ഫാക്ടറികളിൽ നിന്ന് പുറത്തുവിടുന്ന "കമ്പ്യൂട്ടർ ബോയികൾക്ക്" മാനുഷികമായ ചേതനയോ വൈകാരികതയോ സാംസ്കാരികമായ ഹൃദ്യതയോ ഉണ്ടാവാൻ വഴിയില്ല. സാംസ്കാരിക മേഖലയുടെ തകർച്ചയുടെ പ്രധാനകാരണം ഇതുതന്നെയാണ്. ഗ്രാമത്തിന്റെ ശാപവും.

സമ്പത്തീക മേഖലയിലെ കേന്ദ്രീകരണവും വിദേശപണത്തിന്റെ അനിയന്ത്രിതമായ ഒഴുക്കും വ്യാപകമായി നടക്കുന്ന ഒരു പ്രദേശമെന്ന നിലയിൽ സാംസ്കാരികമായി മുന്നേറ്റങ്ങൾ ഉണ്ടാകാതെ പോവുന്നതിൽ അതിശയിക്കേണ്ടിതില്ലല്ലോ. എന്നാലും ഗ്രാമത്തിന്റെ അങ്ങിങ്ങായി കാണുന്ന ചെറുസംരംഭങ്ങളുടെ ഇത്തിരി വെട്ടം ആശാവഹമായി പരിഗണിക്കേണ്ടതാണ്.

ഇന്ന് വർഗ്ഗ വർണ്ണ മത ജാതി സാമ്പത്തീക വൈരുദ്ധ്യങ്ങളും ഏറ്റക്കുറച്ചിലുകളും സമൂഹത്തിന്റെ മനസ്സാകെ കീറിമുറിച്ചിരിക്കുന്നു. രാഷ്ട്രീയ പാർട്ടികൾ മിക്കവയുമുണ്ടെങ്കിലും വർഗ്ഗീയ പ്രചരണങ്ങൾക്ക് വേരോട്ടം ലഭിക്കാത്തതിൽ നമുക്ക് അഭിമാനിക്കാം.

മനസ്സുകളിൽ കാത്തു സൂക്ഷിക്കുന്ന പദ്ധതികളുടെ ചെറുകിരണങ്ങൾ വളർത്തിയെടുക്കാൻ അശ്രാന്ത പരിശ്രമംകൊണ്ട് കഴിയുമെന്നത് ഒരു വസ്തുതയാണ്. എന്നാൽ ഇതിനു വേണ്ട പശ്ചാത്തലമൊരുക്കാൻ സൃഷ്ടിപരമായ നിർദ്ദേശങ്ങൾ പരിപാടികൾ ആസൂത്രണം ചെയ്യാൻ ഇതുവരെ ബന്ധപ്പെട്ടവർക്ക് കഴിയാതെ പോയതാണ് സാംസ്കാരിക പ്രവർത്തനങ്ങളുടെ മാന്ദ്യതയ്ക്ക് കാരണം. ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികളും ഈ തലത്തിൽ ബോധവത്കരണവും അങ്ങിങ്ങായി കാണുന്ന ചെറുതിരിനാളങ്ങളെ ആളികത്തിക്കാൻ ഉപകരിക്കുമെന്നതിൽ രണ്ടുപക്ഷമില്ല.

## പ്രശ്നങ്ങൾ

സാംസ്കാരിക മണ്ഡലത്തിൽ നന്മകളുടെ ഗ്രാമം പ്രധാനമായും നേരിടുന്ന പ്രശ്നങ്ങൾ ഇവയാണ്.

**1.** വായനശാല, ഗ്രന്ഥശാല

പഞ്ചായത്തിന്റെ 1,3,7,8,9,10 വാർഡുകളിൽ ഗ്രന്ഥശാലകളൊ ലൈബ്രറികളൊ പ്രവർത്തിക്കുന്നില്ല. 4 ാം വാർഡിൽ പഞ്ചായത്ത് ലൈബ്രറിയും 2.5.6.11 വാർഡുകളിൽ സന്നദ്ധസംഘടനകളുടെ മേൽനോട്ടത്തിൽ വായനശാലകൾ പ്രവർത്തിക്കുന്നുണ്ട്.

**2.** സാംസ്കാരിക നിലയങ്ങൾ.

പഞ്ചായത്ത് സാംസ്കാരിക നിലയം 4-ാം വാർഡിൽ സ്ഥിതിചെയ്യുന്നു. അതിന്റെ ഇന്നത്തെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. സാംസ്കാരക നിലയത്തിന്റെ സൂക്ഷിപ്പിനും നടത്തിപ്പിനും ഒരു സ്ഥിര ഉദ്യാഗസ്ഥൻ പോലുമില്ല.

3. സന്നദ്ധ സംഘടനകൾ

ഇരുപതോളം കലാ സാംസ്കാരിക,കായിക സംഘടനകൾ പഞ്ചായത്തിന്റെ 11 വാർഡുകളിലുമായി നിലവിലുണ്ട്. ഇവർക്ക് ഈ രംഗങ്ങളിൽ ഉയർന്നു പ്രവർത്തിക്കത്തക്ക അനുകൂല സാഹചര്യങ്ങൾ നിലവിലില്ല. കഴിഞ്ഞകാലത്ത് ഉയർന്ന പ്രവർത്തനങ്ങൾ കാഴ്ചവെച്ചിട്ടുണ്ട്. സ്വന്തമായി സ്ഥലവും കെട്ടിടങ്ങളും ഇല്ലാത്തതുമായ പ്രവർത്തന ഫണ്ടില്ലാത്തതും മൂലമാണ് നല്ല പ്രവർത്തനം കാഴ്ചവെക്കാൻ കഴിയാതെ പോയത്.

4. വിദ്യാഭ്യാസരംഗം.

വിദ്യാഭ്യാസ സ്ഥാപനങ്ങളെ കൊണ്ട് സമ്പന്നമാണ് നമ്മുടെ പഞ്ചായത്ത് എന്നാൽ വിദ്യാഭ്യാസ സൗകര്യങ്ങളൊ, ഇല്ലാത്തത് ഈ മേഖലയിൽ സൗകര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ തള്ളികയറ്റത്തിനു കാരണമാകുന്നു. വിദ്യാർത്ഥികളുടെ കുറവ് സ്കൂളുകളുടെ നിലനില്പിനും അതുവഴി ദരിദ്ര വിഭാഗത്തിൽപ്പോട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനും ഭീക്ഷണിയാകുന്നു.

## പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. ജനങ്ങളുടെ വായനാശീലം വളർത്തുന്നതിനു ജനങ്ങൾ ഒത്തുചേരുന്നതിനു സൗകര്യപ്രദമായ സ്ഥലത്ത് ഓരോ വായനശാലകൾ വീതം എല്ലാ വാർഡിലും ഉണ്ടാകണം. അവ നല്ല രീതിയിൽ ജനങ്ങൾക്ക് പ്രയോജനപ്പെടുന്നവിധം പ്രവർത്തിക്കുന്നുവെന്നും ഉറപ്പുവരുത്തണം.
2. കലാകായിക സാംസ്കാരിക സംഘടനകൾക്കു പ്രവർത്തനം സുഗമമായി നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കി കൊടുക്കണം. വൈദ്യുതി കായിക ഉപകരണങ്ങൾ, സാംസ്കാരിക സംഘടനകൾക്കു സ്കോളർഷിപ്പുകൾ ഇവ വിതരണം ചെയ്യുന്നതിനു നടപടി ഉണ്ടാകണം.
3. പഞ്ചായത്തിലെ ഓരോ വാർഡിലും ഓരോ കളിസ്ഥലം വീതം എങ്കിലും ആവശ്യമാണ്. കളിസ്ഥലം ഇല്ലാത്ത വാർഡുകളിൽ അതിനാവശ്യമായ സഹായവും സൗകര്യവും ഉണ്ടാക്കികൊടുക്കണം. പഞ്ചായത്തിന്റെ സ്റ്റേഡിയം ഒരു കളിസ്ഥലത്തിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കി വികസിപ്പിക്കുന്നതിനു വേണ്ട നടപടികൾ എടുക്കണം.
4. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കലാമത്സരങ്ങൾ നടത്തികലാകാരന്മാരെ പ്രോത്സാഹിപ്പിക്കണം.
5. പ്രാചീന കലകളെ പ്രോത്സാഹിപ്പിച്ച് ഫെലോഷിപ്പുകൾ നല്കണം.
6. ഇലക്ട്രോണിക്സ് മാദ്ധ്യമങ്ങളുടെ അതിപ്രസരം വളരെയുള്ള ഒരു പഞ്ചായത്താണിത്. അത് ചെറുപ്പക്കാരുടേയും കുട്ടികളുടേയും സമൂഹത്തോടുള്ള ഉത്തരവാദിത്വം കുറയുന്നതിനു കാരണമാകുന്നു. തലമുറകൾക്ക് സമൂഹത്തോടുള്ള കടപ്പാടുകൾ മനസ്സിലാക്കുന്നതിന് സാക്ഷരതാ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കണം.
7. ഗ്രാമ തലത്തിലെ ആശയകൈമാറ്റം നടത്തുന്നതിന് ഒരു ഗ്രാമപത്രം ആവശ്യമാണ്.
8. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കോളനികളിൽ പൊതു റേഡിയോ, ടെലിവിഷൻ സെറ്റുകൾ സ്ഥാപിക്കുന്നതിനും അവ കാര്യമായി പ്രവർത്തിപ്പിക്കുന്നതിനും യുക്തമായ നടപടികൾ കൈക്കൊള്ളണം.



# 4-9
# വനിത

വനിതകളുടെ സർവ്വതോമുഖമായ വികസനം ലക്ഷ്യമാക്കികൊണ്ട് വനിതാ പ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണല്ലൊ ഇത്. എന്നാൽ ഇതൊന്നുമറിയാതെ ഭൂരിപക്ഷം വനിതകളും ഏതാണ്ടു നിദ്രയിലാണ്ടതുപോലെ കഴിയുകയാണിന്നും. വനിതാപ്രസ്ഥാനങ്ങൾ മിക്കതും നഗരങ്ങളിൽ കേന്ദ്രീകരിച്ച് പ്രവർത്തിക്കുകയും സമ്പന്നവർഗ്ഗത്തിന്റെ കൈപിടിയിലൊതുങ്ങി ഫാഷൻഷോകളും മറ്റുമായി ചുരുങ്ങുകയും ചെയ്തിരിക്കുന്നു. വനിതകളെ അണിനിരത്തികൊണ്ട് അവകാശങ്ങൾക്കുവേണ്ടി പോരാടുന്ന സംഘടനകൾ മുൻപന്തിയിലേക്ക് വരുന്നുണ്ട് എന്നത് ഇവിടെ വിസ്മരിക്കുന്നില്ല.

ഇരവിപേരൂർ പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ പുരുഷന്മാരെക്കാൾ കൂടുതൽ സ്ത്രീകളാണ്. (പുരുഷൻമാർ 11715-സ്ത്രീകൾ 12843) മുൻകാലങ്ങളിൽ പെൺകുട്ടികൾക്ക് വിദ്യാഭ്യാസം ചെയ്യുന്നതിന് വളരെ പ്രയാസമായിരുന്നു. ഹിന്ദുസമുദായത്തിൽ ശിശുവിവാഹം, കെട്ടുകല്യാണം തുടങ്ങിയ ദുരാചാരങ്ങൾ നിലനിന്നിരുന്നു. പിന്നോക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനംപോലും നിഷേധിക്കപ്പെട്ടിരുന്നു. സ്ത്രീകളിൽ മഹാഭൂരിപക്ഷവും വീട്ടമ്മമാരായി അടുക്കളയിൽ ഒരുങ്ങികൂടി കഴിഞ്ഞിരുന്നു. എന്നാൽ ഇന്ന് ആ അവസ്ഥയ്ക്ക് ഗണ്യമായ മാറ്റം കൈവന്നിരിക്കുന്നു. സാർവ്വത്രിക വിദ്യാഭ്യാസം നിലവിൽവന്നതോടുകൂടി പെൺകുട്ടികളും വിദ്യാഭ്യാസം നടത്തുന്നതിൽ മുൻപന്തിയിലെത്തി നില്ക്കുന്നു. വളരെയേറെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന ഈ പഞ്ചായത്തിൽ പ്രാഥമിക വിദ്യാഭ്യാസം ലഭിക്കാത്ത പെൺകുട്ടികൾ അത്യാപൂർവ്വമായി മാത്രമേയുള്ളു. സാക്ഷരതയുടെ കാര്യത്തിൽ പുതിയ തലമുറയിലെ പെൺകുട്ടികൾ ആൺകുട്ടികളോടൊപ്പം എത്തിനില്ക്കുന്നു. സ്കൂളുകളിൽ ആൺകുട്ടികളേക്കാൾ കൂടുതൽ പെൺകുട്ടികളാണുള്ളത് എന്നത് ഈ പഞ്ചായത്തിലെ ഉയർന്ന സാക്ഷരതയുടെ തെളിവാണ്. പഞ്ചായത്തിന്റെ സമീപപ്രദേശങ്ങളായ തിരുവല്ല, ചങ്ങനാശ്ശേരി, കോഴഞ്ചേരി, തുരുത്തിക്കാട് തുടങ്ങിയ സ്ഥലങ്ങളിൽ ബിരുദ-ബിരുദാനന്തര കോളേജുകൾ ഉള്ളതുകൊണ്ട് പെൺകുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസം ചെയ്യുന്നതിനും ധാരാളം സൗകര്യങ്ങൾ ഉണ്ട്. ഇതിന്റെ ഫലമായി അനേകം യുവതികൾക്ക് വിവിധ തൊഴിൽമേഖലകളിൽ ജോലി ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഈ പഞ്ചായത്തിലെ ധാരാളം സ്ത്രീകൾ സ്കൂൾ, കോളേജ് അദ്ധ്യാപകർ, ആഫീസ് ജീവനക്കാർ, ഡോക്ടർ, എൻജിനിയർ തുടങ്ങിയ തസ്തികകളിൽ പണിയെടുക്കുന്നുണ്ട്. കൂടാതെ ഇന്ത്യയുടെ വിവിധഭാഗങ്ങളിലും വിദേശരാജ്യങ്ങളിലുമായി പരശതം സ്ത്രീകൾ നേഴ്സുമാരായി ജോലി ചെയ്യുന്നു. ഇവിടെ ലഭിക്കുന്ന വിദേശനാണ്യത്തിൽ നിർണ്ണായകമായ ഒരു പങ്ക് ഈ വനിതകൾ സമ്പാദിക്കുന്നുണ്ട്.

പുരുഷന്മാരുമായി താരതമ്യപ്പെടുത്തുമ്പോൾ തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ എണ്ണം കുറവാണ്. പുരുഷ തൊഴിലാളികളേക്കാൾ സ്ത്രീ തൊഴിലാളികൾക്ക് കൂലി കുറവാണെന്നത് ഒരു വസ്തുതയാണ്. രാഷ്ട്രീയ-സാമൂഹ്യപ്രവർത്തനരംഗങ്ങളിൽ സ്ത്രീകൾ ഇന്നും വളരെ പിന്നിലാണ് എന്നത് ഈ പഞ്ചായത്തിലും കാണുന്ന ഒരു പ്രത്യേകതയാണ്.

ഇരവിപേരൂർ പഞ്ചായത്തിൽ 4 രജിസ്റ്റേർഡ് മഹിളാ സമാജങ്ങൾ പ്രവർത്തിച്ചുവരുന്നു.

1. വള്ളംകുളം മോഡൽ വനിതാസമാജം
2. വള്ളംകുളം പടിഞ്ഞാറ് ദേശീയ വനിതാസമാജം
3. ദേശസേവിനി മഹിളാസമാജം തേവർകാട്.
4. പ്രിയദർശിനി മഹിളാസമാജം കോഴിമല

കുട്ടികൾക്കുള്ള പോഷകാഹാര വിതരണം, സ്ത്രീകൾക്കുള്ള തൊഴിൽ പരിശീലനം (തയ്യൽ, കുട്ട, വട്ടി, കരകൗശല വസ്തുക്കൾ ഇവയുടെ നിർമ്മാണം) തുടങ്ങിയ സേവനങ്ങൾ ഈ മഹിളാസമാജങ്ങൾ നിർവ്വഹിക്കുന്നു. ഫണ്ടിന്റെയും സാധനങ്ങളുടെയും ലഭ്യതകുറവും സന്നദ്ധതയുള്ള പ്രവർത്തകരുടെ കുറവും വനിതാ സമാജങ്ങളുടെ പ്രവർത്തനം കുറെയൊക്കെ മന്ദഗതിയിലാക്കി എന്നു പറയാതെവയ്യാ. ഈ രംഗത്ത് ഏറെ മുന്നേറ്റം ആവശ്യമാണ്. അവകാശങ്ങൾ തിരിച്ചറിയുകയും അവ നേടിയെടുക്കാൻ സമരപരിപാടികൾ ആവിഷ്ക്കരിക്കയും ചെയ്തുകൊണ്ടാണ് ഏതു ജനവിഭാഗവും നേട്ടങ്ങൾ കൈവരിച്ചിട്ടുള്ളത്. സ്ത്രീകൾക്കും ഈ മാർഗ്ഗംതന്നെയാണ് കരണീയം എന്നുതോന്നുന്നു.

പൊതുരംഗത്തും രാഷ്ട്രീയരംഗത്തും വനിതകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ അവർക്കായി പ്രത്യേക

പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. കഴിയുന്നത്ര സ്ത്രീകളെ നേതൃനിരയിൽ കൊണ്ടുവരുന്നതിന് എല്ലാ രാഷ്ട്രീയപ്രവർത്തനരംഗത്ത് മുൻപരിചയവും പ്രാവീണ്യവുമുള്ള സ്ത്രീകൾ തങ്ങളുടെ അനുഭവങ്ങൾ പുതിയതലമുറയ്ക്കു പങ്കുവയ്ക്കുകയും അവരിൽ ആത്മവിശ്വാസം വളർത്തുകയും ചെയ്യണം. വനിതകൾ മാത്രമായുള്ള സംഘടനകൾക്ക് നേതൃത്വം കൊടുക്കുകയും അവരെ സ്വയം പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനുള്ള സഹായം ചെയ്യുകയും വേണം.

## വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ

1. ഇവിടുത്തെ സ്ത്രീകൾ സാമൂഹ്യരംഗത്ത് ഇറങ്ങി പ്രവർത്തിക്കാൻ മടികാട്ടുന്നു. വീട്ടമ്മമാരായി ഒതുങ്ങി കഴിയാനാണ് അവർക്ക് ഏറെ ഇഷ്ടം.
2. സ്വയം തൊഴിൽ സംരംഭങ്ങൾക്ക് മുൻകൈ എടുക്കുകയോ അവ ആരംഭിച്ചു നടത്താൻ ശ്രമിക്കുകയോ ചെയ്യുന്നില്ല.
3. തൊഴിൽ ചെയ്യാനുള്ള സാങ്കേതിക വിദ്യനേടിയ സ്ത്രീകൾ തുലോം കുറവാണ്.
4. തുല്യജോലിയ്ക്ക് തുല്യവേതനം എന്ന തത്വം ഗ്രാമപ്രദേശങ്ങളിൽ നിലനിൽക്കുന്നില്ല. സ്ത്രീകൾക്കെതിരെയുള്ള വിവേചനം നിലനിൽക്കുന്നു.
5. സർക്കാർ സഹായ പദ്ധതികളെകുറിച്ചുള്ള അജ്ഞത സ്ത്രീകൾക്ക് സംരംഭങ്ങൾ തുടങ്ങുന്നതിനു തടസ്സമാകുന്നു.
6. സാമ്പത്തിക ബുദ്ധിമുട്ടുമൂലം സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് പ്രയാസം അനുഭവപ്പെടുന്നു.

## നിർദ്ദേശങ്ങൾ

വനിതകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താഴെപറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

1. അഭ്യസ്തവിദ്യരായ സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി ഗവൺമെന്റുതലത്തിൽ നിന്നും ആവശ്യമായ സഹായം എത്തിച്ചുകൊടുക്കുക. ലേഡീസ്ക്ലബുകൾ രൂപീകരിച്ച് സാംസ്കാരിക ബോധവൽക്കരണം നടത്തുക.
2. സ്വയംതൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി വനിതകളെ സംഘടിപ്പിച്ച് ഒരു വാർഡിൽ ഒന്നുവീതം വനിതാ സൊസൈറ്റികൾ രൂപീകരിക്കുക.
3. വിഭവ സാദ്ധ്യത കണക്കിലെടുത്ത് തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുകയും ആയതിലേക്ക് വേണ്ട പരിശീലനം നടത്തുകയും ചെയ്യുക.
4. വനിതകൾക്കു കുടിൽവ്യവസായം ആരംഭിക്കുവാൻ ആവശ്യമായ അസംസ്കൃത വസ്തുക്കൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുവാൻ സഹായിക്കുക. (മെഴുകുതിരി നിർമ്മാണം, കുട്ട, വട്ടി മുതലായവയുടെ നിർമ്മാണം, ചോക്കുനിർമ്മാണം, ബുക്കു ബയന്റിംഗ്, കോഴിവളർത്തൽ, സോപ്പുനിർമ്മാണം, പുഷ്പകൃഷി തുടങ്ങിയവ ഇതിൽ ഉൾപ്പെടും)
5. സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യപരിപാലനത്തിനായി കൂടുതൽ ഹെൽത്ത് സബ്സെന്ററുകൾ ആരംഭിക്കാൻ നടപടി എടുക്കുക.
6. ഇപ്പോൾ നാലു വാർഡുകളിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ബാലവാടികളുടെ പ്രവർത്തനം എല്ലാ വാർഡിലും ആരംഭിച്ചു നടപ്പാക്കുക. അംഗൻവാടി, ബാലവാടി ക്രഷുകൾ എന്നിവ ആരംഭിച്ചാൽ ജോലിക്കു പോകുന്ന സ്ത്രീകൾക്കു കിട്ടികളെ അവിടെ സുരക്ഷിതമായി ഏല്പിച്ചിട്ടുപോകാൻ കഴിയും.
7. പഞ്ചായത്തിൽ 5 ഫീഡിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. അവ ഇല്ലാത്ത വാർഡുകളിൽ ഉടൻതന്നെ ആരംഭിക്കുക.
8. നിത്യോപയോഗ സാധനങ്ങൾ മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനുവേണ്ടി ഓരോ വാർഡിലും ഓരോ മാവേലിസ്റ്റോർ വീതം ആരംഭിക്കാൻ നടപടി സ്വീകരിക്കുക.
9. അർഹമായ എല്ലാ സ്ത്രീകൾക്കും വിധവാ പെൻഷൻ, അഗതി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, മാതൃസഹായ പദ്ധതികളുടെ ആനുകൂല്യം ഇവ ലഭ്യമാക്കുക.
10. തുല്യജോലിക്കു തുല്യവേതനം ലഭ്യമാക്കാൻ സഹായിക്കുക.
11. വിദ്യാഭ്യാസമുള്ള സ്ത്രീകളെ നേതൃനിരയിൽ കൊണ്ടുവരാൻ രാഷ്ട്രീയ-സാമൂഹ്യ സംഘടനകൾ ശ്രദ്ധിക്കേണ്ടതാണ്.
12. റെഡിമെയ്ഡ് വസ്ത്രയൂണിറ്റ്, കരകൗശല വസ്തുക്കളുടെ നിർമ്മാണം, അടുക്കളത്തോട്ടം, കറിപൗഡർ യൂണിറ്റ് ഇവ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുക.
13. ചെരിപ്പുനിർമ്മാണം
    മെറ്റൽ ക്രഷിംഗ് തുടങ്ങിയ ചെറിയ യൂണിറ്റുകൾ ആരംഭിക്കുക.

# 4-10 സഹകരണം

ഭാരതത്തിൽ ബ്രിട്ടീഷ് ഭരണകാലത്തുണ്ടായ ഋണ ഭാരം കൊണ്ടു തകർന്ന കർഷകരെ സമുദ്ധരിക്കാൻ വേണ്ടി 1904ൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി ആക്ട് അനുസരിച്ച് സഹകരണ പ്രസ്ഥാനം നിലവിൽ വന്നു. എന്നാൽ അർഹിക്കുന്ന വിധം പ്രസ്ഥാനം പുരോഗമിച്ചില്ല.

പ്ലാനിംഗ് കമ്മീഷന്റേയും ഗവൺമെന്റിന്റേയും നിരന്തരം ശ്രമം കൊണ്ട് പിന്നീട് സഹകരണപ്രസ്ഥാനം പൂർവ്വാധികം അഭിവൃദ്ധിപ്പെട്ടു വന്നു. സഹകരണ സംഘത്തെ സംബന്ധിച്ചിടത്തോളം അതിന്റെ ഭരണം തികച്ചും ജനകീയപ്രമാണം അനുസരിച്ചുള്ളതാണ്. സഹകരണ സംഘത്തിന്റെ പൊതുയോഗം സംഘത്തിന്റെ പരമാധികാര സഭയാണ്. സമൂഹത്തിന്റെ പുരോഗതിയ്ക്കും ജനതയുടെ വളർച്ചക്കും സഹഗരണപ്രസ്ഥാനം അത്യന്താപേക്ഷിതമെന്ന് പരക്കെ അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രാധാന്യം ആരും നിഷേധിച്ചിട്ടില്ല. സമത്വചിന്ത യോടെ പരസ്പരം സഹകരിച്ച് പ്രവർത്തിച്ച് ശാശ്വത പരിഹാരം കൈവരിക്കുവാൻ കഴിയുന്ന ഒരു മേഖലയാണ് സഹകരണം. കേരളത്തിൽ സഹകരണ പ്രസ്ഥാനം നേടിയെടുത്ത പുരോഗതി അസൂയാർഹമാണ്.

ഇരവിപേരൂർ പഞ്ചായത്തിൽ ആദ്യമായി ആരംഭിച്ചത് 1924 ൽ നായർ പരസ്പര സാഹായ സംഘം ക്ലിപ്തം ആയിരുന്നു.

പനയ്ക്കൽ ശ്രീ. പരമേശ്വരൻ പിള്ള പ്രസ്തുത സംഘത്തിന്റെ അദ്ധ്യക്ഷനായിരുന്നു.

അട്ടപ്പള്ളിൽ ശ്രീ. കൊച്ചുകുഞ്ഞുപിള്ള, എടപ്രയാറ്റ് ശ്രീ. കേശവപിള്ള, കർത്താശ്ശേരിൽ ശ്രീ.. ശങ്കരപിള്ള, കരിമ്പന്നൂർ ശ്രീ. കൃഷ്ണപിള്ള, കാരിപ്പൂര് ശ്രീ. കൊച്ചുകുഞ്ഞുപിള്ള മുതലായവർ സംഘത്തിന്റെ ആദ്യകാല ഭരണസമിതി അംഗങ്ങളായിരുന്നു.

ഏതാനും വർഷത്തെ പ്രവർത്തനത്തിനു ശേഷം സംഘം പ്രവർത്തനം നിലച്ചുപോയി.

## തിരുവല്ല ഈസ്റ്റ് കോ ഓപ്പറേറ്റീവ് ബാങ്ക്

കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾ അഭിമാനകരമായി പ്രവർത്തിച്ചുവരുന്ന പ്രസ്തുത സ്ഥാപനം എല്ലാ സഹകരണ പ്രസ്ഥാനങ്ങൾക്കും മാതൃക കൂടിയാണ്.

ഇരവിപേരൂർ, കോയിപ്രം, തോട്ടപ്പുഴശ്ശേരി, കുറ്റൂർ പഞ്ചായത്ത്, മല്ലപ്പള്ളി താലൂക്ക് മുഴുവും റാന്നി താലൂക്കിലെ അയിരൂർ പഞ്ചായത്ത് ഇവ ബാങ്കിന്റെ പ്രവർത്തന പരിധിയാണ്.

1954ൽ കൂടത്തുംമുറിയിൽ ശ്രീ. കെ വി വർഗ്ഗീസിന്റെ അദ്ധ്യക്ഷതയിൽ രൂപം കൊണ്ട പ്രസ്തുത സ്ഥാപനം ഇന്ന് കേരളത്തിലെ എന്നല്ല തെക്കെ ഇൻഡ്യയിലെ ഏറ്റവും വലിയ അർബൻ സഹകരണ ബാങ്കായി മാറിയിരിക്കുന്നു.

ശ്രീ. റ്റി.ബി. ജോൺ, കൊടിയന്ത്ര ശ്രി. എൻ രാമൻ പിള്ള, ശ്രീ. എ എൻ, പി പണിക്കർ, മാനാന്ത്ര ശ്രി, എം ഓ ഐപ്പ്, ആലം ചേരിൽ ശ്രീ രാമൻ പിള്ള, ശ്രീ ഐ എൻ നാരായണരു, മാടേലിൽ ശ്രീ. എം വി ചാക്കോ, ഡോ, കെ.സി മാത്യു മുതലായ ക്രാന്ത ദർശികളായ ആദ്യകാല ഭരണസമിതി അംഗങ്ങളും ശ്രീ. വി. മത്തായി ശങ്കരവേലിൽ തുടങ്ങയവരും അർപ്പണ ബുദ്ധിയോടെ ബാങ്കിനു വേണ്ടി പ്രവർത്തിച്ചവരാണ്.

പ്രാരംഭത്തിൽ 11 താഴെ ഓഹരിക്കാർ മാത്രമേ ബാങ്കിനുണ്ടായിരുന്നുള്ളൂ. ആൾജാമ്യത്തിൽ പരമാവധി 125 രൂപയും വസ്തു ഈടിൽ 250 രൂപയും മാത്രമേ വായ്പ കൊടുക്കാൻ കഴിഞ്ഞിരുന്നുള്ളൂ.

കഴിഞ്ഞ 42 വർഷത്തെ പ്രവർത്തനത്തിൽ ബാങ്കിനു അൽഭുതകരമായ വളർച്ചയുണ്ടായി. 34145 ഓഹരിക്കാർ ഇന്ന് ബാങ്കിനുണ്ട്.. 15 ശാഖകളും തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. റിസർവ് ബാങ്കിന്റെ ലൈസൻസ് ഉള്ള പ്രസ്തുത ബാങ്കിൽ പൊതു ജനങ്ങളിൽ നിന്നുള്ള നിക്ഷേപം 39 കോടി രൂപാ കവിഞ്ഞിരിക്കുന്നു. ഹ്രസ്വകാല വായ്പകൾ മദ്ധ്യകാല വായ്പകൾ എന്നീ ഇനത്തിൽ 19 കോടി രൂപാ വിതരണം ചെയ്തിട്ടുണ്ട്. 20 കോടി രൂപാ വായ്പ കൊടുക്കാൻ ആവശ്യക്കാരില്ലാത്ത സ്ഥിതിയിലാണ് ഇന്ന് ബാങ്കിന്റെ ആരോഗ്യകരമായ വളർച്ചക്ക് അനുയോജ്യമല്ല.. ബാങ്കിന്റെ പ്രവർത്തനമേഖല വിപുലീകരിച്ചാൽ കൂടുതൽ വായ്പ വിതരണം ചെയ്യാവുന്നതാണ്. ബാങ്കിന്റെ പ്രവർത്തനം ഓഹരിക്കാർക്കും വളരെ പ്രയോജനം ചെയ്തു വരുന്നു.

## സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

കാർഷിക മേഖലയിൽ വള്ളംകുളം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2163, ഇരവിപേരൂർ സർവ്വീസ് സഹകരണ ബാങ്ക് നമ്പർ 1929 ഓതറ സർവ്വീസ് സ

ഹകരണ ബാങ്ക് ക്ലിപ്തം നമ്പർ A 306 എന്നിവ കാർഷിക വായ്പാ വിതരണം ചെയ്തു വരുന്നു. ഇരവിപേരൂർ ഗ്രാമപഞ്ചായത്തിലെ കൃഷിക്കാർക്കും ആവശ്യത്തിനു ഇതു മതിയാകുന്നില്ല. മറ്റു വിവിധതരം വായ്പകളും പ്രസ്തുത ബാങ്കുകൾ കൊടുക്കുന്നുണ്ട്. മറ്റുള്ള വാർഡിൽ കൂടി സംഘത്തിന്റെ ശാഖകൾ തുറന്നു പ്രവർത്തിച്ചാൽ നന്നായിരുന്നു. വ്യവ സായ സഹകരണസംഘങ്ങൾ ഒന്നും തന്നെയില്ല.

1. ഇരവിപേരൂർ ഡെയറി സഹകരണസംഘം ക്ലിപ്തം 2076

2. വള്ളംകുളം മിൽമാ സഹകരണസംഘവും സാമാന്യം തൃപ്തികരമായി പ്രവർത്തിക്കുന്നു..

കോഴിമല ഹരിജൻ സർവ്വീസ് സൊസൈറ്റി No A 306 മാർക്കറ്റിംഗ് സഹകരണസംഘം No. PT No 131 മുതലായവ പ്രവർത്തനരഹിതമാണ്. കിഴക്കൽ ഓതര ക്ഷീരോൽപാദക സഹകരണസംഘം നന്നായി പ്രവർത്തിച്ചുവരുന്നുണ്ട്.

തിരുവല്ല ഈസ്റ്റ് കോ ഓപ്പറേറ്റിവ് ബാങ്കിൽ നിന്നും പഞ്ചായത്തു പ്രദേശത്തുള്ള ഇതിലെ ഓഹരികാർക്കും കാർഷിക വായ്പ ഒഴിച്ചുള്ള എല്ലാ ആവശ്യങ്ങൾക്കും പണം കടം വാങ്ങാം.

## വായ്പകൾ തരം തിരിച്ചുള്ള വിവരണം

| | | |
|---|---|---|
| 1. സ്മോൾ സ്കെയിൽ ഇൻഡ്സ്ട്രീസ് | 25 ലക്ഷം | 5 വർഷം |
| 2. വ്യവസായം കച്ചവടം സ്വയം തൊഴിൽ | 10 ലക്ഷം | 5 വർഷം |
| 3. ഭവനനിർമ്മാണം | 3 ലക്ഷം | 5 വർഷം |
| 4. വാഹനങ്ങൾ വാങ്ങുന്നതിനു (ബസ്, ലോറി, ടെമ്പോ, ജീപ്പ്, കാർ തുടങ്ങിയവ | 10 ലക്ഷം | 5 വർഷം |
| 5. കാർഷിക ബന്ധിത വായ്പകൾ | 2 ലക്ഷം | 5 വർഷം |
| 6. ഉപഭോഗാവശ്യങ്ങൾ | 1 ലക്ഷം | 5 വർഷം |
| 7. കൊമേഴ്സ്യൽ ബിൽഡിംഗ് | 10 ലക്ഷം | 7 വർഷം |
| 8. ആൾ ജാമ്യത്തിൽ മേൽ | | |
| a. വീടുപണി, അറ്റകുറ്റപണി | 25000/- | 5വർഷം |
| b. വിദ്യാഭ്യാസം | 15000/- | 3 വർഷം |
| c. മറ്റ് ആവശ്യങ്ങൾക്ക് | 10000/- | 3 വർഷം |
| 9. സ്വർണ്ണപണയത്തിൻമേൽ | 1 ലക്ഷം | 1 വർഷം |

മറ്റു കാർഷിക ആവശ്യങ്ങൾക്കു ഇരവിപേരൂർ കൃഷി ഓഫീസിൽ കേരകർഷകസമിതി (പഞ്ചായത്തിലെ എല്ലാ വാർഡിലെയും ഓരോ പ്രതിനിധിവീതം) മുഖാന്തിരം രാസ വളവും കീടനാശിനിയും സൗജന്യ വിലയ്ക്കതു നൽകുന്നു.

## കാർഷിക മേഖല

### ഹ്രസ്വകാല വായ്പ

ഏകദേശം 5000ത്തോളം കർഷക കുടുംബങ്ങൾ നിവസിക്കുന്ന ഒരു പഞ്ചായത്താണ് ഇരവിപേരൂർ പഞ്ചായത്ത്.

കാർഷികേതര വായ്പാവിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ മൂന്നെണ്ണം മാത്രം നിലവിലുള്ള ഇതിൽകൂടി തൃപ്തികകരമായി വായ്പാ വിതരണം നടത്തിവരുന്നു

1. ഇരവിപേരൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം No. 1929 -1652 അംഗങ്ങൾ മാത്രമേ ഈ സംഘത്തിലുള്ളൂ. പഞ്ചായത്തിലെ 1,2,3,4 എന്നീ വാർഡിലെ അർഹരായ അംഗങ്ങൾക്ക് വായ്പാകൊടുത്തു വരുന്നു. വളം, കീടനാശിനി, തുണിത്തരങ്ങൾ എന്നിവയുടെ വ്യാപാരവും സംഘം നടത്തിവരുന്നു. കൂടാതെ ചിട്ടിയും ബാങ്ക് നടത്തിവരുന്നുണ്ട്. മെച്ചപ്പെട്ട നിലയിൽ പ്രവർത്തിയ്ക്കാൻ അംഗങ്ങളുടെ ആത്മാർത്ഥമായ സഹകരണം ഉണ്ടാവണം.

2. വള്ളംകുളം സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ 2163 6-7-1118 ൽ പ്രവർത്തനം ആരംഭിച്ച പ്രസ്തുത സംഘത്തിൽ 4571 അംഗങ്ങളുണ്ട്. സർക്കാർ ഓഹരിയില്ലാതെ പ്രസ്തുത സന്മതാപനത്തിൽ പൊതുജനങ്ങളിൽ നിന്ന് പിരിച്ചെടുത്ത നിക്ഷേപം.

സ്ഥിര നിക്ഷേപം **Rs. 2,06,45,144/-**

ഹ്രസ്വകാല നിക്ഷേപം **Rs. 36,75,113/-**

മറ്റു വായ്പകൾ

| | |
|---|---|
| സ്വർണ്ണപണയം | 79,43,940/- |
| സാധാരണ വായ്പാ | 6,89,500/- |
| മദ്ധ്യകാല വായ്പാ | 40,53,000/- |
| ഹ്രസ്വകാല വായ്പ | 26,68,925/- |
| സ്റ്റാഫ് ഓവർ ഡ്രാഫ്റ്റ് | 6,26,231/- |
| ഹയർപർച്ചേസ് | 61,095/- |
| സാലറി ലോൺ | 76,000/- |

വള്ളംകുളം കിഴക്കും പടിഞ്ഞാറുമുള്ള പ്രദേശമാണ് പ്രവർത്തന പരിധി. നല്ല നിലയിൽ പ്രവർത്തിക്കുന്ന സംഘത്തിന് കൂടുതൽ പൊതുജനസഹകരണം ആവ

ശ്യമാണ്.

ഓതറ സർവ്വീസ് സഹകരണ സംഘം. പുതിയ കെട്ടിടം പണി ആരംഭിച്ച് പ്രവർത്തനം തുടരുന്നു

ഇരവിപേരൂർ ഗ്രാമപഞ്ചായത്തിൽ

1 കോഴിവളർത്തൽ സഹകരണസംഘം

2. മാർക്കറ്റിംഗ് സഹകരണസംഘം

3. തുകൽ സംസ്ക്കരണ സഹകരണസംഘം

4. വ്യവസായ സഹകരണ സംഘം

5. സ്കൂൾ സഹകരണസംഘങ്ങൾ മുതലായവ മുമ്പും നടത്തി വന്നിരുന്നു

ഇപ്പോൾ പ്രസ്തുത സഹകരണസംഘങ്ങൾ നിലവിൽ ഇല്ല.

## വിവധ മേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

കാർഷിക മേഖല

ഇരവിപേരൂർ സർവ്വീസ് സഹകരണ ബാങ്ക് No. 1929

1. എല്ലാ കാർഷകരേയും അംഗങ്ങളാക്കി ഓഹരി മൂലധനം വർദ്ദിപ്പിക്കണം.
2. ബാങ്കിനു 4 പുതിയ ശാഖകൾ കൂടി തുറന്നു പ്രവർത്തിക്കണം.
3. നിക്ഷേപ സമാഹരണം നടത്തി പ്രവർത്തന മൂലധനം വർദ്ധിപ്പച്ചും ടി തുക ലാഭകരമായി വിനിയോഗിക്കണം.
4. ബാങ്കിൽ കൂടുതൽ ചിട്ടികൾ നടത്തുക.
5. അംഗങ്ങൾക്കു അനുവദിക്കുന്ന വായ്പാ പരിധി ഉയർത്തുക. വായപാ താമസം കൂടാതെ ലഭിക്കാൻ സംവിധാനം നടപ്പാക്കുക.
6. വളവും കാർഷീകോപകരണങ്ങളും വിതരണം ചെയ്യുവാനുണ്ട്. വിഭവങ്ങൾ സമാഹരിച്ചും വിപണനം നനടത്തുക.

## ക്ഷീര വ്യവസായ സഹകരണസംഘങ്ങൾ

ഇരവിപേരൂർ ഡെയറി സഹകരണസംഘം നമ്പർ 2076

1. പ്രസ്തുത സംഘത്തിൽ കൂടുതൽ അംഗങ്ങളെ ചേർക്കുക.
2. സംഘത്തിന്റെ പ്രവർത്തന മേഖല പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വ്യാപിപ്പിക്കുക.
3. കൂടുതൽ പാൽ സംഭരണ കേന്ദ്രങ്ങൾ ഏർപ്പെടുത്തുക.
4. നാടൻ ക്ഷീരോത്പാദന നിർമ്മാണ യൂണിറ്റുകൾ ബഹു. മന്ത്രി. ആർ ബാലകൃഷ്ണപിള്ള അവറുകൾ 1995 നവംബർ 11 ാം തിയതി ഉത്ഘാടന് ചെയ്തു. ഇപ്പോൾ പ്രവർത്തനം നടക്കുന്നില്ല. പ്രവർത്തനം നടത്താൻ നടപടി സ്വീകരിക്കണം.
5. സംഘത്തിനു പുതിയ കെട്ടിടം പണിയാൻ നടപടി എടുക്കണം.
6. സംഘത്തിൽ വരുന്ന പാൽ കേടുകൂടാതെ സൂക്ഷിക്കുവാൻ ഒരു പാസ്ചറൈസിംഗ് യൂണിറ്റു വാങ്ങാൻ ബന്ധപ്പെട്ട വകുപ്പു മടപടി എടുക്കണം.

## മറ്റു നിർദ്ദേശങ്ങൾ

1. നല്ലയിനം കറവമാടുകളെ വാങ്ങാൻ വേണ്ട സംവിധാനം ചെയ്തു കൊടുക്കണം.
2. കന്നുകാലികളുടെ സംരക്ഷണത്തിനായി മൃഗസംരക്ഷണ ഉദ്യോഗസ്ഥരുടെ സേവനം സംഘത്തിൽ നിന്നും ചെയ്തു കൊടുക്കണം.

## ഹരിജൻ സഹകരണ സംഘം

ഇരവുപേരൂർ ഗ്രാമ പഞ്ചായത്തു പ്രദേശത്തു ഓതറ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പട്ടിതജാതിക്കാരുടെ ക്ഷേമത്തിനും ഇവർക്കും തൊഴിൽ നൽകുന്നതിനു വേണ്ടിയുള്ള പട്ടികജാതി സഹകരണസംഘം പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം.

## കോഴിവളർത്തൽ സഹകരണസംഘം

കോഴി ഇറച്ചി, കോഴിമുട്ട എന്നിവയുടെ ആവശ്യം നിറവേറ്റുന്നതിനായി ഒരു കോഴി വളർത്തൽ സഹകരണ സംഘം പഞ്ചൈആയത്തു തലത്തിൽ ആരംഭിക്കണം.

സഹകരണ രംഗത്തെ വിവിധ മേഖലകളിലെ വളർച്ചയ്ക്കും അടിയന്തിരമായി സഹകരണ നിയമങ്ങൾ പരിഷ്കരിക്കേണ്ടിയിരിക്കുന്നു. കൂടാതെ സഹകരണ മേഖലയിൽ അമിതമായി രാഷ്ട്രീയം ഒഴിവാക്കേണ്ടതാണ്

ഗ്രാമത്തിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ പ്രസ്ഥാനത്തിൽ നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ചുള്ള ഈ റിപ്പോർട്ടു ചർച്ചകൾക്കും മുൻഗണനാ നിശ്ചയിക്കുന്നതിനുമായി സമർപ്പിച്ചുകൊള്ളുന്നു.



# 4-II
# പട്ടികജാതി / പട്ടികവർഗ്ഗ ക്ഷേമം

ഇന്ത്യൻ ഭരണഘടനയുടെ 341, 342 ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ള സമുദായങ്ങൾ യഥാക്രമം പട്ടിക ജാതി പട്ടികവർഗ്ഗക്കാർ എന്നറിയപ്പെടുന്നു.

പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെ പിന്നോക്കാവസ്ഥയ്ക്ക് ചരിത്രപരമായി ഒരു പശ്ചാത്തലമുണ്ട്. ചാതുർവർണ്ണ്യക്ലപിതമായ ഭരണസംവിധാനത്തിലുണ്ടായ ജാതീയ വ്യവസ്ഥതയ്ക്കുമൂലം ഉളവായ അയിത്തവും അനാചാരങ്ങളുമാണ് ഭാരതത്തിലെ അടിസ്ഥാനവർഗ്ഗങ്ങളായ പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെ പിന്നോക്കാവസ്ഥയ്ക്ക് കാരണമായിട്ടുള്ളതെന്നുകാണാം. അടിച്ചമർത്തപ്പെട്ടവരും മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെട്ടവരുമായ പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെ മോചനത്തിനും ഉന്നമനത്തിനും ഊന്നൽ കൊടുത്തുകൊണ്ടും അവരെ ദാരിദ്രരേഖയ്ക്ക് മുകളിൽ എത്തിച്ച് ജീവിതത്തിന്റെ മുഖ്യധാരയിൽ ലയിപ്പിക്കണം. ഇതരവർഗ്ഗങ്ങൾക്കൊപ്പം സ്ഥാനവും വളർച്ചയ്ക്കുള്ള അവസരങ്ങളും ലഭ്യമാക്കുന്നതിനും തദ്വാരാ നമ്മുടെ രാഷ്ട്രപിതാവിന്റെ സ്വപ്നമായിരുന്ന ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുന്നതിനും കേന്ദ്രഗവൺമെന്റും സംസ്ഥാനഗവൺമെന്റും വളരെയധികം പുരോഗമന പദ്ധ തികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. ഇന്ത്യൻ സമൂഹത്തിൽ നിലനിന്നുപോന്ന ഉച്ചനീചത്വം അവസാനി പ്പിച്ച് സാമൂഹ്യ സമത്വത്തിനു വഴിതെളിക്കുകയാണ് ഭരണഘടനയുടെ 340, 15 (4) 16 (4) എന്നീ വകുപ്പുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്. അവകാശങ്ങൾ നിഷേധിക്കപ്പെട്ടിരുന്നടീ വിഭാഗങ്ങളെ അംഗീകരിക്കുകയും അവരെ രാജ്യത്തിന്റെ ദേശീയധാരയിലേക്ക് ഉയർത്തി കൊണ്ടു വന്ന് സാമൂഹ്യ സമത്വം കൈവരിക്കുകയും ചെയ്യണമെങ്കിൽ അവർക്കായി നീക്കിവയ്ക്കപ്പെട്ട ഓഹരി നൽകുകതന്നെവേണം. പട്ടികജാതിപട്ടികവർഗ്ഗങ്ങളുടെ ഉന്നമനത്തിനായി നടപ്പാക്കുന്ന പദ്ധതികളെ പ്രത്യേക ഘടക പദ്ധതികൾ എന്നറിയ പ്പെടുന്നു. ഓരോ വകുപ്പും ചിലവഴിക്കുന്ന പണത്തിന്റെ 10ശതമാനം ഈ വർഗ്ഗങ്ങളുടെ ഉന്നമനത്തിനായി ചെല വഴിക്കണമെന്നാണ് വ്യവസ്ഥ. സംവരണം കേവലം സാമാന്യ നീതിമാത്രമാണ്. സമൂഹത്തിലെ അസമത്വം പരിഹരിക്കുന്നതിനാണ് സംവരണം.

പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെ ഉന്നമനത്തെ ലക്ഷ്യമാക്കി നടപ്പാക്കിവരുന്ന പുരോഗമനപദ്ധതികളെ പ്രധാനമായി മൂന്നായി തരംതിരിക്കാം.

1. വിദ്യാഭ്യാസ വികസനപരിപാടികൾ
2. സാമ്പത്തീക വികസന പരിപാടികൾ
3. സാമൂഹ്യ ഉന്നമന പരിപാടികൾ

## വിദ്യാഭ്യാസ വികസന പരിപാടികൾ

ഇരവിപേരൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പൊതുവേ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുന്നതിനു പട്ടികജാതി പട്ടികവർഗ്ഗങ്ങളിൽപ്പെട്ടവർക്കു കഴിഞ്ഞിട്ടില്ല. ഈ വർഗ്ഗങ്ങളിൽ പെട്ട ഭൂരിപക്ഷം കുട്ടികളും എസ്. എസ്. എൽ. സി വരെയോ കഷ്ടിച്ച് പി. ഡി. സി വരെയോ എത്തിയശേഷം പലതും ഉപേക്ഷിച്ചുപോകുന്നു. ഇതിനുപ്രധാനകാരണങ്ങൾ താഴെപ്പറയുന്നവയാണ്.

1. അടിസ്ഥാനപരമായ വിദ്യാഭ്യാസത്തിന്റെ കുറവ്.
2. രക്ഷകർത്താക്കളുടെ അനാസ്ഥ
3. വീടുകളിൽ ഇരുന്നു പഠിക്കുന്നതിനാവശ്യമായ ഉപാധികളുടെ കുറവ്.
4. കുടുംബഭാരം ഏറ്റെടുക്കേണ്ടിവരുന്ന അവസ്ഥ.

**1. പ്രീ പ്രൈമറി വിദ്യാഭ്യാസം.**

വിദ്യാഭ്യാസത്തിന്റെ അടിത്തറ രൂപപ്പെടുന്നത് പ്രീ. പ്രൈമറി വിദ്യാഭ്യാസത്തിലൂടെയാണ്. കുട്ടികൾക്ക് വിദ്യാഭ്യാസത്തിലുള്ള ആഭിമുഖ്യവും താല്പര്യവും വളർത്തി എടുക്കാൻ പ്രീ പ്രൈമറിവിദ്യാഭ്യാസം സഹായകരമാണ്. പട്ടികജാതി പട്ടികവർഗ്ഗ കോളനികളെയും സങ്കേതങ്ങളെയും കേന്ദ്രീകരിച്ച് 3 വയസിനുമുകളിൽ 5 വയസിനും ഇടയ്ക്ക് പ്രായമുള്ള 30 കുട്ടികളെയെങ്കിലും ചേർക്കത്തക്കവിധത്തിൽ ബാലവാടി കംഫീഡിംഗ് സെന്ററുകൾ സ്ഥാപിച്ച് പ്രീ പ്രൈമറി വിദ്യാഭ്യാസം നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇതിലേക്കാവശ്യമായ ഫണ്ട് ബന്ധപ്പെട്ട വകുപ്പുകൾ വഹിക്കുന്നതാണ്. ബാലവാടി കംഫീഡിംഗ് സെന്റർ തുടങ്ങുന്നതിനു സൗകര്യപ്രദമായ കെട്ടിടവും നിർദ്ദേശങ്ങളും പഞ്ചായത്തിൽനിന്നും നൽകിയാൽ മതിയാകും.

**2. സ്റ്റഡി സെന്ററുകൾ സ്ഥാപിക്കുക.**

പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെ ഭവനങ്ങളിൽ ഭൂരിപക്ഷവും കുട്ടികൾക്ക് പഠിക്കുന്നതിനാവശ്യമായ വെളിച്ചം, ഇരുന്നുപഠിക്കുവാനുള്ള സൗകര്യങ്ങൾ, പഠനോപാധികൾ, ശാന്തത എന്നിവ ഉണ്ടായിരിക്കുകയില്ല. കോളനികളുടെയും സങ്കേതങ്ങളുടെയും സമീപത്തായി

കുട്ടികൾക്ക് ഇരുന്നു പഠിക്കുന്നതിനു ഒരു അധ്യാപകന്റെ കീഴിൽ അത്യാവശ്യം വേണ്ട മുകളിൽ പറഞ്ഞ പഠനസൗകര്യങ്ങളുള്ള പഠനകേന്ദ്രങ്ങൾ സ്ഥാപിക്കുക. ഇതിന്റെ ചുമതല, നടത്തിപ്പ്, നിയന്ത്രണം എന്നിവ പഞ്ചായത്തിൽ ഏറ്റെടുക്കുക.

### പ്രീ മെട്രിക്ക് ഹോസ്റ്റൽ

ഇരവിപേരൂർ പഞ്ചായത്തിൽപെട്ട ഇവരവിപേരൂർ, വള്ളംകുളം, ഓതറ എന്നീ പ്രദേശങ്ങളിലുള്ള സ്കൂളുകളിൽ അഞ്ചാം ക്ലാസ്സു മുതൽ പത്താം ക്ലാസ്സു വരെ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗങ്ങളിൽപെട്ട കുട്ടികൾക്ക് താമസിച്ചു പഠിക്കുന്നതിനു സൗകര്യപ്രദമായ സ്ഥലത്ത് ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും ഓരോ പ്രീമെട്രിക്ക് ഹോസ്റ്റലുകൾ ആരംഭിക്കുക. ഇവിടെ കുട്ടികളുടെ താമസസൗകര്യവും ഭക്ഷണം, ഒരു വർഷത്തിൽ രണ്ടു ജോഡി ഡ്രസ് എന്നിവ ഗവ. ചിലവിലായിരിക്കണം. ഇതിനാവശ്യമായ കെട്ടിടം പണിയിപ്പിക്കുന്നതായിരിക്കും അഭികാമ്യം. ഇതിനാവ ശ്യമായ പണം പഞ്ചായത്തിന്റെ അൺടൈഡ് ഫണ്ടിൽനിന്നോ, മറ്റു വകുപ്പുകളുടെ പ്രത്യേക ഘടകപദ്ധതിയിൽ നിന്നോ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളുടെ ഫണ്ടിൽ നിന്നോ കണ്ടെത്തേണ്ട താണ്.

**4. പ്രത്യേക പ്രോത്സാഹനം.**

S.S.L.C, P.D.C ഡിഗ്രി, പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിഗ്രി എന്നീ പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യഥാക്രമം 3000,3500, 4000 രൂപാ നിരക്കിൽപ്രത്യേക പ്രോത്സാഹന സമ്മാനം നല്കി പഠനത്തെ പ്രോത്സാഹിപ്പിക്കുക.

**5. പരീക്ഷയിൽ തോറ്റ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം തുടരുന്നതിനുള്ള ധനസഹായം.**

S.S.L.C, P.D.C ബിരുദാന്തര ബിരുദം എന്നി പരീക്ഷകൾ എഴുതി 30% ൽ കുറയാതെ മാർക്ക് വാങ്ങി തോറ്റുപോകുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷകളിൽ പാസാകുന്നതിന് രണ്ടാമത് ഒരു അവസരം നൽകുകയും ഇതിലേക്കാവശ്യമായ തുക ഗ്രാന്റായി നൽകിയും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

### കലാകായിക രംഗങ്ങളിൽ പ്രോത്സാഹനം

കലാകായിക രംഗങ്ങളിൽ സംസ്ഥാനതലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങളിൽ എത്തുന്നവരെ കണ്ടുപിടിച്ച് അവർക്ക് യഥാക്രമം 2000/ രൂപാ 1000/- രൂപാ വീതം പ്രോത്സാഹന സമ്മാ നങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുക.

## II. സാമ്പത്തീക വികസന പരിപാടികൾ.

1. തൊഴിൽ

ഇരവിപേരൂർ പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും കർഷകത്തൊഴിലാളികളാണ്. പാടശേഖരങ്ങൾ നികത്തി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും റബ്ബർ, കൊക്കോ തുടങ്ങിയ നാണ്യവിളകൾക്കുവേണ്ടി ഉപയോഗിക്കുന്നതു കാരണം തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ കുറഞ്ഞുവരുന്നു. പാടശേഖരങ്ങൾ നികത്തുന്നതിനെ നിയമം കൊണ്ടുതടയേണ്ടതാണ്.

2. സ്വയം തൊഴിലിനുള്ള സാമ്പത്തീക സഹായം.

ഏതെങ്കിലും പ്രത്യേക വിഷയത്തിൽ സാങ്കേതിക ജ്ഞാനം ലഭിച്ചിട്ടുള്ള പട്ടിക ജാതി പട്ടികവർഗ്ഗത്തിൽ പെട്ട തൊഴിൽ രഹിതരായ അഭ്യസ്ഥവിദ്യരായവർക്ക് അവരവർ പ്രാവിണ്യം നേടിയിട്ടുള്ള തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനു സമീപ പ്രദേശത്തുള്ള ബാങ്കുകളുടെ സഹകരണത്തോടെ വായ്പ നൽകുക.

3. പരിശീലന കേന്ദ്രങ്ങൾ

പഞ്ചായത്തതിർത്തിയിൽ സൗകര്യപ്രദമായ സ്ഥലത്തു താഴെപറയുന്ന നോൺ മെട്രിക് ട്രേയിഡുകളിൽ രണ്ടുവർഷം തൊഴിൽ രഹിതരായ അഭ്യസ്ഥവിദ്യർക്കു പരിശീലനം നൽകേണ്ട കേന്ദ്രങ്ങൾ സ്ഥാപിക്കുക.

1. റേഡിയോ&ടെലിവിഷൻ
2. ഇലക്ട്രോണിക്സ്
3. ഇലക്ട്രീഷ്യൻ
4. പ്ലംബിങ്ങ്.
5. ഡ്രാഫ്റ്റ്സ്മാൻ സിവിൽ
6. മോട്ടോർ മെക്കാനിസം കം ഡ്രൈവിംഗ്.

4. ബിസിനസ്സ് കോംപ്ലക്സുകൾ സ്ഥാപിക്കുക.

പഞ്ചായത്തതിർത്തിയിൽ സൗകര്യപ്രദമായ സ്ഥലത്ത് ബിസിനസ് കോംപ്ലക്സുകൾ ഡെവല്പമെന്റ് ബോർഡിന്റെ സഹായത്തോടെ സ്ഥാപിച്ച് പട്ടികജാതി പട്ടികവർഗ്ഗങ്ങളിൽ പെട്ടവർക്കുകൂടി ബിസിനസ്സിലൂടെ ധനാഗമനമാർഗ്ഗങ്ങൾ ഉണ്ടാക്കികൊടുക്കുക.

5. ബങ്കുകൾ സ്ഥാപിക്കുക.

തൊഴിൽരഹിതരും അഭ്യസ്ഥവിദ്യരും, കച്ചവടത്തിൽ താല്പര്യമുള്ളവരുമായ പട്ടികജാതി പട്ടികവർഗ്ഗങ്ങളിൽപെട്ടവർക്ക് ബങ്കുകൾ പണികഴിപ്പിച്ച് ലോൺ വ്യവസ്ഥയിൽ നൽകുക.

6. കുലത്തൊഴിലുകൾക്ക് പ്രോത്സാഹനം

പായ്നെയ്ത്ത്, ഈറ്റപണികൾ, ചൂരൽപണികൾ എന്നിവ വ്യാവസായികാടിസ്ഥനത്തിൽ സംഘടിപ്പിക്കുക.

7. ഇഷ്ടിക നിർമ്മാണം

ഇഷ്ടിക നിർമ്മാണം, ഹോളോബ്രിക്സ് നിർമ്മാണം എന്നിവ സഹകരണമേഖലയിൽ ആരംഭിക്കുക.

8. സ്ത്രീകൾക്ക് സഹകരണമേഖലയിൽ തൊഴിൽ ആരംഭിക്കുക.

സ്ത്രീകൾക്ക് തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനും സഹകരണമേഖലയിൽ കോഴിവളർത്തൽ, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, കറിപൗഡറുകളും അച്ചാറുകളുടേയും നിർമ്മാണം എന്നിവ ആരംഭിക്കുന്നതിനു പദ്ധതികൾ ആവിഷ്കരിക്കുക.

### പച്ചക്കറി കൃഷി സഹകരണാടിസ്ഥാനത്തിൽ

9. പഞ്ചായത്തിൽ നിന്നും കൃഷിഭൂമി വാങ്ങി വനിതാ സഹകരണസംഘങ്ങൾ മുഖേന പാട്ട വ്യവസ്ഥയിൽ പച്ചക്കറി കൃഷി നടത്തുകയും ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള ചന്തകൾ സ്ഥാപിക്കുകയും ചെയ്യുക.

## III. സാമൂഹ്യ ഉന്നമന പരിപാടികൾ

ഗവൺമെന്റിൽ നിന്നും സ്ഥലം വിലയ്ക്ക് വാങ്ങി. ടി വർഗ്ഗങ്ങൾക്ക് അലോട്ട് ചെയ്തു കൊടുത്തിട്ടുള്ളവയെ കോളനികൾ എന്നും ടി വർഗ്ഗങ്ങൾ സ്വന്തം നിലയിൽ താമസിച്ചുവരുന്നതും കുറഞ്ഞതു 10 കുടുംബങ്ങളെങ്കിലും ഉണ്ടെങ്കിൽ ആയതിനെ സങ്കേതങ്ങൾ എന്നു ഗവൺമെന്റു തലത്തിൽ അറിയപ്പെടുന്നു. ഈ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളുടെയും കോളനികളുടേയും ലിസ്റ്റ് താഴെ ചേർത്തിരിക്കുന്നു.

പാർപ്പിടം

പട്ടികജാതി പട്ടികവർഗ്ഗങ്ങളിൽപെട്ടവരെ പ്രധാനമായി നാലായി തിരിക്കാം

1. സ്വന്തമായി ഭൂമിയും വീടും വീടിനോടു ചേർന്നു അടിസ്ഥാന സൗകര്യങ്ങളും ഉള്ളവർ.
2. സ്വന്തമായി സ്ഥലവും താമസയോഗ്യമായ വീടും ഉണ്ട്. അടിസ്ഥാന സൗകര്യമില്ലാത്തവർ.
3. സ്ഥലവും വീടും വീടിനോടു ചേർന്നു അടിസ്ഥാന സൗകര്യമില്ലാത്തവർ
4. സ്ഥലവും വീടും അടിസ്ഥാന സൗകര്യങ്ങളും ഉണ്ടെങ്കിലും വീട് താമസയോഗ്യമല്ലാത്തത്.

ടി നാലു ഗ്രൂപ്പിൽപ്പെട്ടവരുടേയും ആവശ്യങ്ങൾ ഒരു സമയബന്ധിത പരിപാടി ആവഷ്കരിച്ച് നടപ്പിലാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ആയതിലേക്ക് ആദ്യമായി ചെയ്യേണ്ടത് ഈ പഞ്ചായത്തിലെ പട്ടിതകജാതി / പട്ടികവർഗ്ഗങ്ങളെ സംബന്ധിച്ച് ഒരു സ്ഥിതിവിവരശേഖരണം ആവശ്യമാണ്. അപ്രകാരം ലഭിക്കുന്ന സ്ഥിതിവിവരം ശേഖരണം ആവശ്യമാണ്. അപ്രകാരം ലഭിക്കുന്ന സ്ഥിതിവിവരകണക്കുകൾ സാമ്പത്തീകാടിസ്ഥാനത്തിൽ ക്രോഡികരിച്ച് ഒരു പ്രയോറിട്ടി സിസ്റ്റം ഉണ്ടാക്കണം. ടി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച്വീടും, അടിസ്ഥാനസൗകര്യങ്ങളും നൽകുന്നതിനും സാധിക്കും. പ്രയോറിറ്റി ലിസ്റ്റിൽ പേരുണ്ടെന്നറിഞ്ഞാൽ ഗുണഭോക്താവിന്റെ വിഹിതമായി കുറെ പണമോ സാധനസാമിഗ്രികളോ ഉണ്ടാകുന്നതിനും അങ്ങനെ സാധിക്കും. അതുപോലെ തന്നെ സ്വന്തമായി ഭൂമിയും അടിസ്ഥാന സൗകര്യങ്ങളും ഇല്ലാത്തവരുടെ പതിച്ചു കിട്ടാൻ സാധ്യതയുള്ളത്ര റോഡ് പുറംമ്പോക്കിൽ താമസിക്കുന്നവർ കൂട്ടുകുടുംബമായി ഒരു കൂരയ്ക്കു കീഴിൽ ഒന്നിലധികം കുടുംബങ്ങൾ വാടകയ്ക്കു താമസിക്കുന്നവർ ഒരു ലിസ്റ്റ് ഉണ്ടാക്കി പ്രസിദ്ധീകരിക്കുക. പഞ്ചായത്തിൽ 3 സെന്റ് സ്ഥലം വാങ്ങി കുടുംബങ്ങളെ പുനരധിവസിപ്പിക്കാം. എല്ലായിടത്തും ഭൂമി ലഭ്യമാകാതെ വരികയില്ല. ആയതുകൊണ്ട് പഞ്ചായത്തതിർത്തിയിൽ എവിടെയെങ്കിലും കുറെ ഭൂമി വാങ്ങിഫ്ലാറ്റ് സിസ്റ്റം നടപ്പിലാക്കുന്നത് നന്നായിരിക്കും

വിഷയത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണം ലഭിക്കുന്ന നടപടികൾ സ്വീകരിക്കണം.

ഈ പഞ്ചായത്തിൽ വീടും വീടിനോട്ചേർന്ന് അടിസ്ഥാന സൗകര്യങ്ങളായ കക്കൂസ് കുളിമുറി എന്നിവ ആവശ്യമുള്ളവരുടേയും പുനരധിവാസ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തേണ്ടവരുടേയും കണക്കുകൾ വാർഡ് അടിസ്ഥാനത്തിൽ.

| വാർഡ് നമ്പർ | വീടുകളുടെ എണ്ണം | കക്കൂസ്കുളിമുറി എന്നിവവേണ്ട കുടുംബങ്ങൾ | പുനരധി വാസപദ്ധ തിയിൻ കീഴിൽ ഉൾപ്പെടുത്തേണ്ടവ |
|---|---|---|---|
| 1. | 5 | 8 | 5 |
| 2. | 30 | 50 | 15 |
| 3. | 50 | 75 | 25 |
| 4. | 44 | 67 | 16 |
| 5. | 35 | 100 | 16 |
| 6. | 75 | 80 | 25 |
| 7. | 250 | 300 | 100 |
| 8. | 100 | 125 | 20 |
| 9. | 75 | 125 | 15 |
| 10. | 75 | 100 | 25 |
| 11. | 75 | 100 | 25 |
| ആകെ | 814 | 1130 | 287 |

### പാർപ്പിട സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

1. വൈദ്യുതീകരണം

വൈദ്യുതി എത്തിയിട്ടില്ലാത്ത പട്ടിക-ജാതി പട്ടിക-വർഗ്ഗ കോളനികളിലും സങ്കേതങ്ങളിലും Electricity Board ന്റെ പ്രത്യേക ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി വൈദ്യുതീകരണം നടത്തേണ്ടതാണ്.

ഒറ്റപ്പെട്ടു താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്കു വൈദ്യുതി എത്തിക്കുന്ന ചുമതല പഞ്ചായത്ത് നേരിട്ട് നടത്തികൊടുക്കേണ്ടതാണ്.

2. കുടിവെള്ളം

പട്ടിക-ജാതി പട്ടിക-വർഗ്ഗ കോളനികളിലും സങ്കേതങ്ങളിലും കുടിവെള്ള പ്രശ്നം അതിരൂക്ഷമാണ്. പഞ്ചായത്ത് ബ്ലോക്ക് എന്നീ ഏജൻസികൾ കിണറുകളും കുഴൽ കിണറുകളും സ്ഥാപിച്ചിട്ടുണ്ടെങ്കിലും പലതും ഉപയോഗശൂന്യമായി തീർന്നിരിക്കുന്നു. ടാപ്പുകൾ സ്ഥാപിച്ചിട്ടുള്ള കോളനികളിൽ ജലദൗർലഭ്യം കാരണംപ്രവർത്തിക്കുന്നില്ല. ഇതിനു പരിഹാര മാർഗ്ഗം എന്ന നിലയിൽ താഴെപറയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

1. ലഘുവായ അറ്റകുറ്റപണികൾ ആവശ്യമുള്ള പൈപ്പ് ലൈൻ, കിണറുകൾ എന്നീ പൊതു കുടിവെള്ള സ്രോതസ്സുകൾ മെച്ചപ്പെടുത്തുക
2. പൈപ്പ് ലയിൻ എത്തിയിട്ടില്ലാത്ത കോളനികളിലേക്ക് പൈപ്പ് ലൈയിൻ നീട്ടുക
3. പുതിയ ജലസ്രോതസ്സുകൾ ആവശ്യമെങ്കിൽ അവ എവിടെ വേണമെന്നു തീരുമാനിക്കുക.
4. നിലവിലുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ശേഷി വർദ്ധിപ്പിക്കുന്നതിനും ഫലപ്രദമായി ജലവിതരണം ചെയ്യുന്നതിനും വേണ്ട പരിപാടികൾ തയ്യാറാക്കുക.
5. പരിപാടികൾ നടപ്പിലാക്കുന്നതിനു വേണ്ടി വരുന്ന ചെലവു കണക്കാക്കുകയും അഞ്ച് വർഷത്തിനുള്ളിൽ ഓരോ വർഷവും ചെയ്യേണ്ട ജോലികൾ തീരുമാനിക്കുകയും ചെയ്യുക. ഉടനടി ചെയ്യേണ്ടകാര്യങ്ങൾ ജനപങ്കാളിത്വത്തോടെ നിർവഹിക്കുകയും ചെയ്യുക.

ഉടൻ ചെയ്യാവുന്ന കാര്യങ്ങൾ താഴെ ചേർക്കുന്നു.

1. പഞ്ചായത്തതിർത്തിയിൽപെട്ട കിണറുകൾ മുഴുവൻ P.H. Centre ന്റെ സഹായത്തോടെ ക്ലോറിനേറ്റ് ചെയ്യുക.
2. കേടുവന്ന ടാപ്പുകളുടേയും കിണറുകളുടേയും അറ്റകുറ്റപണികൾ നടത്തുക
3. മുഴുവൻ പൊതുകിണറുകളും ചെളി നീക്കി വൃത്തിയാക്കുക.

3. കക്കൂസ്, കുളിമുറി നിർമ്മാണം

പട്ടിക-ജാതി പട്ടിക-വർഗ്ഗങ്ങളിൽപ്പെട്ടവർക്ക് കൈവശഭൂമിയുടെ വിസ്തൃതികുറവാകായാലും സാമ്പത്തീക ബുദ്ധിമുട്ടനുഭവിക്കുന്നതിനാലും അവരുടെ പ്രാഥമീകാവശ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ കക്കൂസ് കുളിമുറി എന്നിവ പണിയുന്നതിനു നിർവ്വാഹമില്ല. ആയതുകൊണ്ട് പുതുതായി ഭവനനിർമ്മാണ ധനസഹായ നൽകുന്നതിനോടൊപ്പം കക്കൂസും,കുളിമുറിയും പണിയുന്നതിനുള്ള ധനസഹായം കൂടിഉൾപ്പെടുത്തുക.

4. റോഡു നിർമ്മാണം.

പട്ടിക-ജാതി പട്ടിക-വർഗ്ഗ കോളനികളിലേക്കും സങ്കേതങ്ങളിലേക്കും നിലവിലുള്ള അപ്രോച്ച് റോഡുകളുടെ വീതികൂട്ടി അറ്റകുറ്റ പണികൾ നടത്തി ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കുക, നിലവിൽ റോഡില്ലാത്തയിടങ്ങളിൽ പുതിയ റോഡുകൾ വെട്ടുന്നതിനു പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുക.

## സാംസ്കാരിക പുരോഗതി.

1. വായനശാല ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിക്കുക.

പട്ടിക-ജാതി പട്ടിക-വർഗ്ഗ സങ്കേതങ്ങളുടെ സമീപത്തായി പഞ്ചായത്ത് ചെലവിൽ വായനശാലകളും ഇൻഫർമേഷൻ സെന്ററുകളും സ്ഥാപിക്കുക. വായനശാലകളുടെ പ്രവർത്തനംകൊണ്ട് പട്ടിക-ജാതി പട്ടിക-വർഗ്ഗങ്ങളിൽ പെട്ടവർക്ക് അറിവും സംസ്കാരവും വളരുകയും ഇൻഫർമേഷൻ സെന്ററുകൾ മുഖേന സർക്കാർ നടപ്പാക്കി വരുന്ന വിവിധ ക്ഷേമ പരിപാടികളെപറ്റിയും ജോലി സാധ്യതകളെപറ്റി അറിവ് ലഭിക്കുന്നതിനും സാധിക്കും.

2. T.V സെറ്റ് സ്ഥാപിക്കുക

പട്ടിക-ജാതി പട്ടിക-വർഗ്ഗ സങ്കേതങ്ങളുടെ സമീപത്തൊ കിയോസ്ക് പണികഴിപ്പിച്ച് പഞ്ചായത്തു മുഖേനയോ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾ മുഖേനയോ T.V Set സ്ഥാപിക്കുക.

3. ബോധവത്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക.

പട്ടിക-ജാതി പട്ടിക-വർഗ്ഗങ്ങൾ തിങ്ങിപാർക്കുന്ന പ്രദേശങ്ങളിൽ സാമൂഹ്യപ്രവർത്തകരേയും ഉദ്യോഗസ്ഥവൃന്ദങ്ങളേയും ഉൾപ്പെടുത്തികൊണ്ട് ബോധവത്കരണ സെമിനാറുകൾ സംഘടിപ്പിക്കുക.

### പ്രശ്നങ്ങൾ

1. വിദ്യാഭ്യാസപുരോഗതി വേണ്ടത്ര കൈവരിച്ചിട്ടില്ല. വിദ്യാർത്ഥികൾ ഇടയ്ക്കുവച്ച് പഠനം നിർത്തി പിരിഞ്ഞുപോകുന്നു. പ്രഗൽഭരായവരെ പ്രോത്സാഹിപ്പിക്കുന്നില്ല.
2. കലാ-കായികരംഗങ്ങളിൽ പ്രഗൽഭരായകുട്ടികൾക്ക് പ്രോത്സാഹനം നൽകുന്നില്ല.
3. കാർഷികമേഖലയിൽ തൊഴിൽ കുറയുന്നു.
4. പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുന്നില്ല.
5. തൊഴിൽരഹിതരും അഭ്യസ്തവിദ്യരുമായ ചെറുപ്പക്കാർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള ഉപാധികൾ ലഭ്യമല്ല.
6. സ്വയംതൊഴിൽ സംരഭകരായ സ്ത്രീകൾക്ക് പ്രോത്സാഹനം നൽകുന്നില്ല.
7. എല്ലാവർക്കും സ്വന്തമായി സ്ഥലമില്ല.
8. എല്ലാവർക്കും സ്വന്തമായി വീടില്ല.
9. എല്ലാവർക്കും സ്വന്തമായി വീടിനോടനുബന്ധ സൗകര്യങ്ങളായ കക്കൂസ്, കുളിമുറി എന്നിവ ഇല്ല.
10. വീടും വീടിനോടുചേർന്ന അനുബന്ധ സൗകര്യങ്ങൾക്കും അനുവദിക്കുന്ന തുകയുടെ അപര്യാപ്തത.
11. കോളനികളിലും സെറ്റിൽമെന്റുകളിലും ആവശ്യത്തിനു കുടിവെള്ളം ലഭ്യമല്ല.
12. എല്ലാ കോളനികളിലും സെറ്റിൽമെന്റുകളിലും വൈദ്യുതി എത്തിയിട്ടില്ല. അപ്രകാരമുള്ള സ്ഥലങ്ങളിൽ

വൈദ്യുതിലൈൻ എത്തിയിട്ടില്ല.

13. ആരോഗ്യസംരക്ഷണ സംവിധാനം തൃപ്തികരമല്ല.

## പ്രശ്നപരിഹാര നിർദ്ദേശങ്ങൾ

1. വിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങൾ മനസ്സിലാക്കി പ്രീ പ്രൈമറി വിദ്യാഭ്യാസരംഗത്ത് ബാലവാടി കംഫീഡിംഗ് സെന്ററുകൾ, സ്റ്റഡി സെന്ററുകൾ, പ്രൈമറി കംഫീഡിംഗ് ഹോസ്റ്റലുകൾ, പ്രോത്സാഹന ക്ലാസുകൾ എന്നിവ സ്ഥാപിച്ചു. ബോധവൽക്കരണസെമിനാറിലൂടെയും വിദ്യാഭ്യാസരംഗം അഭിവൃദ്ധിപ്പെടുത്തുക.
2. കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽസാധ്യത വർദ്ധിപ്പിക്കുക. പാടശേഖരങ്ങൾ നികത്തുന്നത് നിയമപരമായി തടയുക.
3. സ്വയംതൊഴിലിന് സാമ്പത്തികസഹായം ബാങ്കുവായ്പകൾ മുഖേന ലഭിക്കുന്നതിന് നടപടി സ്വീകരിക്കുക.
4. മെച്ചപ്പെട്ടതൊഴിൽ അധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക.
5. ബിസിനസ് കോപ്ലക്സുകൾ സ്ഥാപിക്കുക.
6. ബാങ്കുകൾ സ്ഥാപിക്കുക.
7. കുലത്തൊഴിലുകളെ പ്രോത്സാഹിപ്പിക്കുക.
8. സഹകരണമേഖലയിൽ സ്ത്രീകൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക.
9. വീടും വീടിനോടുചേർന്ന് അടിസ്ഥാനസൗകര്യങ്ങളും പണിയുന്നതിന് നൽകുന്ന ധനസഹായ തുക വർദ്ധിപ്പിക്കുക.
10. വീടില്ലാത്ത എല്ലാവർക്കും ഭവനനിർമ്മാണ ധനസഹായങ്ങൾ നൽകുക.
11. കക്കൂസ്, കുളിമുറി എന്നീ അടിസ്ഥാനസൗകര്യങ്ങൾ ഈ സൗകര്യങ്ങൾ ഇല്ലാത്ത എല്ലാ വീടുകൾക്കും നൽകുക.
12. സ്വന്തമായി ഭൂമിയും, വീടും ഇല്ലാത്തവരെയും കൂട്ടുകുടുംബമായി താമസിക്കുന്നവരെയും, പതിച്ചുകിട്ടാൻ നിർവ്വാഹമില്ലാത്ത റോഡു പുറംമ്പോക്കിൽ താമസിക്കുന്നവരെയും കണ്ടുപിടിച്ച് പഞ്ചായത്തുതലത്തിൽ പുനരധിവാസ പദ്ധതികൾ നടപ്പിലാക്കുക.
13. ലക്ഷംവീടുകോളനിയിൽ താമസിക്കുന്നവരിൽ മാറി താമസിപ്പിക്കാനുദ്ദേശിക്കുന്നവരെക്കൂടി പുനരധിവാസപദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകുക.
14. വീട് പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപ്പണികളും താല്പര്യമുള്ളവരെ കണ്ടുപിടിച്ച് പലിശരഹിത വായ്പകൾ ലളിതമായ വായ്പാവ്യവസ്ഥയിൽ നൽകി സഹായിക്കുക.
15. എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ സങ്കേതങ്ങളിലും കുടിവെള്ളം, വൈദ്യുതി എന്നിവ എത്തിക്കുക. (ഇതുവരെ ഈ കാര്യങ്ങൾ ലഭ്യമായിട്ടില്ലാത്ത സങ്കേതങ്ങളിൽ)
16. അപ്രോച്ച്റോഡ് നിലവിലില്ലാത്ത പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളിലേക്ക് അപ്രോച്ച്റോഡുകൾ നിർമ്മിക്കുക.
17. നിലവിലുള്ള അപ്രോച്ച്റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തിവീതികൂട്ടി ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കുക.
18. ആരോഗ്യരംഗത്തെ പൊതുവായ പ്രശ്നങ്ങളായ കുടിവെള്ളക്ഷാമം കക്കൂസ് ഇല്ലായ്മ, പകർച്ചവ്യാധികൾ, പി. എച്ച്. സിയുടെ കാര്യക്ഷമതക്കുറവ്, എന്നിവയാണ്.

ഇതിനു പരിഹാരമായി എല്ലാവീടുകളെയും ഉൾപ്പെടുത്തി ഒരു ആരോഗ്യ സർവ്വേ നടത്തി സർവേയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന തുടർ പ്രവർത്തനങ്ങൾ നടത്തണം.

1. ബോധവത്ക്കരണക്ലാസുകൾ
2. സ്കൂൾ ആരോഗ്യ പരിപാടികൾ
3. പ്രതിരോധകുത്തിവയ്പ് ക്ലാസുകൾ
4. രോഗനിർണ്ണയ ക്ലാസുകളും തുടർ ചികിത്സാ സംവിധാനവും
5. പരിസരശുചിത്വ പ്രവർത്തനങ്ങൾ
6. കുടിവെള്ള ലഭ്യതയും ഗുണനിലവാരം വർദ്ധിപ്പിക്കൽ
7. പി. എച്ച്. സി യുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ

ഈ ആവശ്യത്തിനായി പഞ്ചായത്തു തലത്തിൽ ഒരു സംഘാടക സമിതി രൂപീകരിക്കണം.

ഈ സംഘടനയിൽ പഞ്ചായത്തു സാക്ഷരതാസമിതി അംഗങ്ങൾ, ജില്ലാ കൗൺസിൽ അംഗം, ആരോഗ്യ വകുപ്പിലെ അംഗം, ഹെൽത്തു ഇൻസ്പെക്ടർ സന്നദ്ധ സംഘടനാപ്രതിനിധി, രാഷ്ട്രീയ സാംസ്കാരിക സംഘടന പ്രതിനിധികൾ എന്നിവർ അംഗങ്ങളായിരിക്കണം.

ഈ പഞ്ചായത്തിൽപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെ പുരോഗതിക്കു തടസ്സമായിട്ടുള്ള പ്രശ്നങ്ങൾക്ക് പരിഹാരമാർഗ്ഗമായി നിർദ്ദേശിച്ചിട്ടുള്ള പുരോഗമനപ്രവർത്തനങ്ങൾ ഒരുസമയബന്ധിത പരിപാടിയനുസരിച്ച് നടപ്പിലാക്കിയാൽ ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് വരുംകാലത്ത് ഒരു മോഡൽപഞ്ചായത്തായി മാറ്റാൻ സാധിക്കും.

## അനുബന്ധം 1

| ക്രമനമ്പർ | കോളനിയുടെ സങ്കേതത്തിന്റെ പേര് | വാർഡ് |
|---|---|---|
| 1. | വേട്ടമല പട്ടികജാതിസങ്കേതം | |
| 2. | പ്രയാറ്റുകുളപട്ടികജാതിസങ്കേതം | II |
| 3. | മുരിങ്ങശ്ശേരി കൊറ്റിശാലിൽ | III |
| 4. | പി. ആർ. ഡി. എസ്സ്. പ: സ | III |
| 5. | കണ്ണങ്കരമോടി പ: ജാ: സ | IV |
| 6. | കുഴിക്കാല തടത്തിൽ പ: ജാ:സ | V |
| 7. | കാരുവള്ളി പ:ജാ:സ | V |
| 8. | കാഞ്ഞിരത്തുംകുന്ന് പ:ജാ:സ | V |
| 9. | കുരുമല പ:ജാ:സ | VI |
| 10. | ഇഞ്ചേ ലി[illegible]ം പ: കോളനി | VI |
| 11. | ഐക്കരമല പ:ജാ:സ | VI |
| 12. | തേളൂർമല ലക്ഷം വീടുകോളനി | VI |
| 13. | തോട്ടപ്പുഴ പ:ജാ:സ | VII |
| 14. | കോഴിമല ലക്ഷം വീടുകോളനി | VIII |
| 15. | നവോദയസെറ്റിൽമെന്റ് കോളനി | VIII |
| 16. | എണ്ണിക്കാട്ട് ഗിരിവർഗ്ഗ കോളനി | VIII |
| 17. | ഭൂതക്കുഴി കോളനി പഞ്ചായത്ത് | IX |
| 18. | തൈക്കാട്ട് ഓരിപ്പുറം കോളനി | IX |
| 19. | തലക്കേരി അംബദ്ക്കർ ഗ്രാമം | IX |
| 20. | മുട്ടിനപുറം കോളനി | X |
| 21. | കളത്ര കോളനി | X |
| 22. | മുട്ടുവരമ്പ് ചെറുപുലത്തു പ:ജാ:സ | X |
| 23. | തെക്കേക്കള്ളിമല പ:ജാ:സ | X |
| | അംഗീകാരത്തിനു സമർപ്പിച്ച പട്ടികജാതി സങ്കേതങ്ങൾ | |
| 1. | തേവർകാട് ഗിരിജൻ കോളനി | III |
| 2. | പൊയ്കയിൽ പ:ജാ:സ | V |
| 3. | മതിയൻചിറ കോളനി | IX |
| 4. | വേട്ടു കുന്നേൽ ഭാഗം പ:ജാ:സ | XI |
| 5. | മുളം കൂട്ടത്തിൽ ഭാഗം പ:ജാ:സ | XI |

# 4-12

# വിഭവസമാഹരണം

## ഗ്രാമവികസന റിപ്പോർട്ട്

### വിഭവസമാഹരണം

വിഭവസമാഹരണത്തിൽകൂടി മാത്രമെ ഒരു രാഷ്ട്രത്തിന് അതിന്റെ വികസനപ്രവർത്തനങ്ങൾ വിജയകരമായി നടത്തുന്നതിന് സാധിക്കുകയുള്ളൂ. അതിന് മാനുഷിക, സാമൂഹ്യ, സാമ്പത്തിക മേഖലകളിലുള്ള വിഭവസമാഹരണം അനിവാര്യമാണ്.

ഈ പഞ്ചായത്തിലെ ജനങ്ങളിൽ ഏറിയപങ്കും കൃഷിയിൽനിന്നുള്ള ആദായംകൊണ്ടാണു ജീവിക്കുന്നത്. ഏതാണ്ട് 8 ശതമാനത്തോളം പേർ വിദേശരാജ്യങ്ങളിലും 10 ശതമാനത്തോളം പേർ ഇൻഡ്യയുടെ മറ്റു ഭാഗങ്ങളിലും ജോലി ചെയ്യുന്നുണ്ട്.. കർഷക തൊഴിലാളികളും ചെറുകിട കച്ചവടക്കാരും 15 ശതമാനത്തോളവും സർക്കാർ ജോലിക്കാരും അദ്ധ്യാപകരും10 ശതമാനത്തോളവും വരും. ഈ പഞ്ചായത്തിൽ വൻകിട വ്യവസായ സ്ഥാപനങ്ങളോ ഫാക്ടറികളോ നിലവിലില്ല. ഏതാനും ചെറുകിട വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു. ചെറുകിട വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിച്ചാൽ വരുമാനത്തിൽ ഗണ്യമായ മാറ്റം ഉണ്ടാകുന്നതു കൂടാതെ തൊഴിലില്ലായ്മ ഒരു പരിധിവരെ കുറയ്ക്കുവാനും കഴിയുന്നതാണ്.

ഈ പഞ്ചായത്തിലുള്ള പരിമിതമായ നെൽപാടങ്ങളിൽ കാര്യക്ഷമമായി കൃഷി നടക്കുന്നില്ല. പമ്പാ ഇറിഗേഷൻ കനാൽ നിലവിലുണ്ടായിരുന്നിട്ടും നെൽകൃഷിക്ക് എല്ലാ ഭാഗങ്ങളിലും യഥാവസരം വെള്ളം ലഭിയ്ക്കാത്ത സാഹചര്യം നിലനിൽക്കുന്നു. കനാലിനെക്കാൾ താഴ്ന്ന പ്രദേശത്തുള്ള വയലുകളിൽ കനാലിൽനിന്നുള്ള ചോർച്ചയും ഊറ്റും കാരണം കൃഷി ഇറക്കുവാൻ കഴിയാതെയും വരുന്നുണ്ട്. ഇതിന് പരിഹാരമുണ്ടാക്കിയാൽ നെൽകൃഷി കാര്യമായി നടത്തുവാൻ കഴിയുന്നതാണ്.

ഈ പഞ്ചായത്തിന്റെ തനി വരുമാനം വളരെ പരിമിതമാകയാൽ വികസന പരിപാടികൾ നടത്തുന്നതിന് സർക്കാർ ഗ്രാന്റുകളെയാണ് കൂടുതലും ആശ്രയിക്കുന്നത്. പഞ്ചായത്തിന്റെ ഒരു വർഷത്തെ തനിവരുമാനത്തിന്റെ ഏകദേശരൂപം താഴെ കൊടുക്കുന്നു.

| | |
|---|---|
| കെട്ടിട നികുതി | 400000.00 |
| സർവീസ് നികുതി | 80000.00 |
| തൊഴിൽ നികുതി | 150000.00 |
| വിനോദ നികുതി | 15000.00 |
| കാഴ്ച നികുതി | 2500.00 |
| അധിക വിനോദ നികുതി | 10000.00 |
| ലൈസൻസ് ഫീസ് | 12000.00 |
| ചന്ത വരവ് | 20000.00 |
| ആറ്റുമണൽ, ഇറച്ചിക്കടകൾ മുതലായവയുടെ ലേലം | 100000.00 |
| വസ്തുകൈമാറ്റ നികുതി | 300000.00 |
| ആകെ | **1089500.00** |

മേൽകാണിച്ചിരിക്കുന്ന വരവുകളിൽ ഭരണ നിർവഹണത്തിനായി 4.5 ലക്ഷം രൂപയും വൈദ്യുത വിളക്കിന് 2.5 ലക്ഷം രൂപയും കുടിവെള്ളത്തിന് 2.5 ലക്ഷം രൂപയും ശുചീകരണത്തിന് 75000/- രൂപായും കഴിഞ്ഞാൽ നാമമാത്രമായ തുക മാത്രമാണുണ്ടാകുക.

സർക്കാരിൽനിന്നും ലഭിയ്ക്കേണ്ട ഗ്രാൻറുകൾ യഥാവസരം ലഭിയ്ക്കാത്തത് വികസന പ്രവർത്തനത്തെ കാര്യമായി ബാധിക്കുന്നുണ്ട്. അതാതു വർഷത്തെക്കുള്ള ഗ്രാന്റുകൾ വർഷാവസാനം മാത്രമാണു മിക്കവാറും ലഭിയ്ക്കുക. നിശ്ചിത കാലത്തിനുള്ളിൽ ചെലവഴിയ്ക്കേണ്ട ഗ്രാന്റുതുകകൾ താമസിച്ചു ലഭിക്കുന്നതുനിമിത്തം ധൃതിയിൽ പണികൾ നടത്തേണ്ടി വരുന്നതിനാൽ ദുരുപയോഗത്തിന് സാദ്ധ്യതയേറുന്നു. ഇത് ഒഴിവാക്കേണ്ടതാണ്.

കെട്ടിടനികുതി നിരക്ക് ഏകീകരിച്ച് നിയമപ്രകാരം നികുതി ചുമത്തിയാൽ ഇന്ന് കെട്ടിടനികുതി ഇനത്തിൽ ലഭിയ്ക്കുന്ന തുകയുടെ ഇരട്ടി ആക്കുവാൻ കഴിയുന്നതാണ്. ചെറുതും വലുതുമായ എല്ലാവിധ വ്യാപാരികളിൽ നിന്നും ലൈസൻസുഫീസും മറ്റുനികുതികളും ഈടാക്കുന്നതിലും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിന് യഥാർത്ഥത്തിൽ നൽകേണ്ട നികുതികൾ വീഴ്ച കൂടാതെ നൽകിയെങ്കിലെ എന്തെങ്കിലും വികസനപ്രവർത്തനങ്ങൾ നടത്തുവാൻ കഴിയുകയുള്ളൂ. ഇക്കാര്യത്തിൽ ജനങ്ങളെ ബോധവന്മാരാക്കുന്നതിന്

വാർഡു വികസന സമിതികൾക്ക് കാര്യമായി പ്രവർത്തിക്കുവാൻ കഴിയും. നികുതി കൊടുക്കുവാൻ ബാദ്ധ്യതയുള്ള ഒരാളും അതിൽനിന്ന് ഒഴിഞ്ഞുപോകുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്. നികുതികൾ യഥാവസരം കൊടുക്കുന്നതുകൊണ്ട് പഞ്ചായത്തിന്റെ വികസനപ്രവർത്തനത്തിൽ പങ്കാളിയാകുകയാണെന്ന ബോധ്യം വളർത്തിയെടുക്കണം. അതുകൊണ്ട് നികുതിപിരിവിൽ കാലോചിതമായ പരിഷ്ക്കരണങ്ങൾ വരുത്തി നികുതി പിരിച്ചെടുക്കുന്നതിനുള്ള സംവിധാനം കാര്യക്ഷമമാക്കണം. ആർഭാടകരമായ കെട്ടിടനിർമ്മാണം നിയന്ത്രിക്കുകയും അങ്ങനെയുള്ള കെട്ടിടങ്ങളുടെ നിർമ്മാണ ചെലവിന്റെ അടിസ്ഥാനത്തിൽ നികുതി ചുമത്തുകയുംവേണം.

പഞ്ചായത്തിൽ നിലവിലുള്ള 2 സിനിമാ തീയേറ്ററുകളുണ്ട്. അതാതു തീയേറ്റർ സ്ഥിതിചെയ്യുന്ന വാർഡിലെ വികസന സമിതികൂടി സഹകരിച്ച് പഞ്ചായത്തിലെക്കു ലഭിക്കേണ്ട നികുതി പൂർണ്ണമായും ലഭിക്കുന്നതിന് പ്രവർത്തിയ്ക്കണം.

ഈ പഞ്ചായത്തിൽ വിവിധ വാർഡുകളിലായി 18ൽ പരം പുറമ്പോക്കു ചാലുകൾ നിലവിലുണ്ട്. മത്സ്യബന്ധനത്തിനായി ഇവ ആണ്ടുതോറും ലേലം ചെയ്തു കൊടുക്കാറുണ്ടെങ്കിലും അവയിൽനിന്നുള്ള വരുമാനം തൃപ്തികരമല്ല. വർഷത്തിൽ ഏകദേശം 4 മാസത്തോളം മാത്രമെ വെള്ളപ്പൊക്കത്തിന്റെ പ്രശ്നം ഉണ്ടാകാറുള്ളൂ. ഈ ചാലുകളിൽ ശാസ്ത്രീയമായി മത്സ്യകൃഷി നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കിയാൽ അത് നല്ല ഒരു വരുമാന മാർഗമായിരിക്കും. ഈ ചാലുകൾ മത്സ്യം വളർത്തുന്നതിനുള്ള കുളങ്ങളായി രൂപപ്പെടുത്തിയെടുത്ത് (ചില ചാലുകൾ പലതായി തിരിക്കാവുന്നതാണ്.)

ഈ പഞ്ചായത്തിൽ സ്ഥാപിക്കുന്ന ബോർഡുകൾക്കും വാൾപോസ്റ്ററുകൾ, ബാനറുകൾ എന്നിവയ്ക്കും പരസ്യനികുതി കൂടുതൽ കർശനമാക്കേണ്ടതാണ്.

ഈ പഞ്ചായത്തിന്റെ അതിർത്തിയിലൂടെ ഒഴുകുന്ന മണിമല ആറ്റിൽനിന്നും മണൽ ശേഖരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്തു കൊടുക്കുന്നതിൽനിന്നും പഞ്ചായത്തിന് വരുമാനമുണ്ട്. എന്നാൽ ആറ്റുമണൽ ശേഖരണം നിയന്ത്രണാതീതമായാൽ കരഭൂമികളുടെ തിട്ട ഇടിയൽ, വേനൽക്കാലങ്ങളിൽകൂടി വെള്ളക്ഷാമം പഞ്ചായത്ത് റോഡുകളുടെ നാശനഷ്ടം എന്നിവ ഉണ്ടാകുവാനുള്ള സാധ്യതയുള്ളതിനാൽ ഇക്കാര്യത്തിൽ കാര്യമായി നിയന്ത്രണം ഉണ്ടാകണം.

ഈ പഞ്ചായത്തിൽ 3 ഷെഡ്യൂൾഡു ബാങ്കുകളുടെ ശാഖകളും അതിനോടു കിടപിടിക്കുന്ന തിരുവല്ലാ ഈസ്റ്റ കോഓപ്പറേറ്റീവു ബാങ്കും രണ്ട് സർവ്വീസ് സഹകരണബാങ്കും പ്രവർത്തിക്കുന്നുണ്ട്. ജനങ്ങളുടെ വായ്പാ ആവശ്യങ്ങൾ നിറവേറ്റുന്നതിനാൽ ഈ ബാങ്കുകൾ കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നു. ഇവ കൂടാതെ ചില സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു.

വള്ളംകുളം പബ്ലിക്ക് മാർക്കറ്റിൽ പണി തീർത്തതു പോലെ കിഴക്കനോതറ മാർക്കറ്റിലും ഒരു ഷോപ്പിംഗു കോംപ്ലക്സ് പണി തീർക്കാവുന്നതാണ്. ഇരവിപേരൂർ ജംഗ്ഷനു തെക്കുവശത്തുള്ള പുറമ്പോക്കു ഭൂമി നികത്തിയെടുത്ത് അവിടെ ഒരു ടാക്സിസ്റ്റാൻഡും ഓട്ടോസ്റ്റാൻഡും സ്ഥാപിക്കുന്നപക്ഷം വരുമാനത്തിനു പുറമെ ജംഗ്ഷനിലെ തിരക്ക് കുറെ ഒഴിവാക്കുവാനും കഴിയും.

## ചെലവുകൾ

പരിമിതമായ വരുമാനങ്ങളുള്ള നമ്മുടെ പഞ്ചായത്തിൽ വികസന പ്രവർത്തനങ്ങളോടൊപ്പം പ്രത്യുത്പാദനപരമായ കാര്യങ്ങൾക്കും പ്രാധാന്യം നൽകേണ്ടിയിരിക്കുന്നു. ഈ പഞ്ചായത്തിന്റെ വരുമാനത്തിന്റെയും 90 ശതമാനത്തിലധികം ഭരണചെലവുകൾക്കും, വഴിവിളക്കുകൾക്കുംകൂടി വെള്ളത്തിനും ചെലവാക്കേണ്ടിവരുന്നു. ഈ ചെലവുകൾ നിലവിലുള്ളതിനെക്കാൾ കുറവു വരുത്തുക എന്നതു പ്രായോഗികമല്ല. കത്താത്ത ബൾബുകൾക്കും വെള്ളം കിട്ടാത്ത വാട്ടർ ടാപ്പുകൾക്കുംവേണ്ടി അടയ്ക്കേണ്ടിവരുന്ന തുകയിൽ കാര്യമായ കുറവു വരുത്തുവാൻ വാർഡുവികസന സമിതികൾ വിചാരിച്ചാൽ സാധിയ്ക്കും.

പഞ്ചായത്തിലെ റോഡുകൾ സംരക്ഷിക്കുന്നതിനു വേണ്ടി ഓരോ വർഷവും കാര്യമായ തുക ചെലവാക്കിക്കൊണ്ടിരിക്കുന്നു. എങ്കിലും റോഡുകളുടെ ശോച്യാവസ്ഥ നിലനിൽക്കുകയാണ്. മണ്ണുറോഡുകളിൽ ആണ്ടുതോറും നടത്തിവരാറുള്ള സംരക്ഷണവേലകൾ വെറും പാഴ്വേലകളായിപോകുന്നു. റിപ്പയാറിംഗു കഴിഞ്ഞ് ഒരു മഴ പെയ്തുകഴിയുമ്പോൾ റോഡിന്റെ സ്ഥിതി പഴയതിലും മോശമായിത്തീരുന്നു. ഇതിനുകാരണം റോഡുകൾക്ക് യഥാവസരം ഓടകൾ തെളിച്ചു കൊടുക്കാത്തതു തന്നെ. ഇത്തരം റോഡുകളുടെ ഗുണഭോക്താക്കളും വാർഡു വികസനസമിതിയും പരിശ്രമിച്ചാൽ പഞ്ചായത്തിൽനിന്നും പണം മുടക്കാതെതന്നെ ഈ റോഡുകളുടെ ശോച്യവസ്ഥ മാറ്റുവാൻ കഴിയും. ഓരോരുത്തരും അവരവരുടെ ഭാഗത്തുള്ള (വസ്തുവിനോടു ചേർന്നുള്ളഭാഗം) റോഡിന്റെ സംരക്ഷണം ഉറപ്പാക്കുവാൻ മറ്റി വയ്ക്കണം. അങ്ങനെ ആർക്കും വലിയ ബുദ്ധിമുട്ടില്ലാതെ റോഡു ഭംഗിയായി കിടക്കും. റോഡുമെയിന്റെൻസിനുവേണ്ടി പഞ്ചായത്തു മുടക്കുന്ന തുക മറ്റു വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്യാം.

ഈ പഞ്ചായത്തിൽ ധാരാളം യുവജനസംഘടനകളും സന്നദ്ധസംഘടനകളും ഉണ്ട്. പക്ഷേ ഇവയുടെ പ്രവർത്തനം ഉത്സവകാലങ്ങളിൽ കുറെ പണം പിരിച്ച് കലാപരിപാടികൾ നടത്തുന്നതു മാത്രമായിരിക്കുകയാണ്. വികസന പ്രവർത്തനങ്ങൾക്ക് ഏറ്റവും കൂടുതൽ വേണ്ടത്

മനുഷ്യാദ്ധ്വാനമാണ്. മനുഷ്യാദ്ധ്വാനം സംഭവാന ചെയ്തു കൊണ്ട് വികസനപ്രവർത്തനങ്ങളിൽ അവരവരുടേതായ പങ്കു നിർവഹിക്കുവാൻ യുവജനങ്ങൾ മുമ്പോട്ടുവരണം. ജനപങ്കാളിത്തം എല്ലാ വികസനപ്രവർത്തനങ്ങളിലും ഉണ്ടായിരിക്കണമെന്നുള്ള ആശയം സഫലമാകണമെങ്കിൽ നമ്മുടെ യുവജനങ്ങൾ കർമപഥത്തിലേക്ക് ഇറങ്ങേണ്ടിയിരിക്കുന്നു. വാർഡു വികസന സമിതികൾ വിചാരിച്ചാൽ അവരെ സംഘടിപ്പിക്കുവാൻ കാര്യമായ പ്രയത്നം വേണ്ടിവരികയില്ല. അവരവരുടെ വാർഡിലെ റോഡുസംരക്ഷണം പോലെയുള്ള ചെറിയ ചെറിയ പണികൾ ശ്രമദാനത്തിലൂടെ നടത്തി വികസന പ്രവർത്തനത്തിൽ പങ്കാളികളാകാവുന്നതാണ്. കൂടാതെ ഇടനിലക്കാരനെ ഒഴിവാക്കുവാനും തദ്വാരാ പണ നഷ്ടം ഒഴിവാക്കുവാനും കഴിയും. കഴിയുന്നിടത്തോളം ഓരോ വാർഡിലും അനുവദിക്കുന്ന പണികൾ ഗുണഭോക്താക്കളോ, വാർഡുവികസന സമിതിയോ ഏറ്റെടുത്തു ചെയ്യേണ്ടതാണ്. അതിന് ജനങ്ങൾ മുന്നോട്ടു വരികയും സർവ്വാത്മനാ സഹകരിക്കുകയും വേണം. മനുഷ്യാദ്ധ്വാന വിഭവം കഴിയുന്നിടത്തോളം സമാഹരിച്ച് നമ്മുടെ പഞ്ചായത്തിന്റെ വികസന പ്രവർത്തനം വളരെ ഭംഗിയായി നടത്തുവാൻ നമുക്ക് കഴിയണം.



# 5

# പ്രവർത്തന സംഗ്രഹം

പത്തനംതിട്ട ജില്ലയിൽ തിരുവല്ലാ താലൂക്കിലാണ് ഇരവിപേരൂർ പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. ബഹു. കേരള സർക്കാരിന്റെ 20-9-1951ലെ ജി.പി.എൽ.എസ് 7-9755/50 ഈ. എച്ച്.എഫ് നമ്പർ ഉത്തരവനുസരിച്ച് ഈ പഞ്ചായത്ത് സ്ഥാപിതമായിരിക്കുന്നു. 1991 ലെ സെൻസസ് പ്രകാരം 24, 558 ആണ് ജനസംഖ്യ. 11 വാർഡുകൾ ഉൾക്കൊള്ളുന്ന ഈ സ്പെഷ്യൽ ഗ്രേഡ് ഗ്രാമപഞ്ചായത്തിന്റെ വിസ്തൃതി 6.5 സ്ക്വയർമൈലാണ്(16.6A sq. K.M).തിരുവല്ല മുൻസിപ്പാലിറ്റി, കവിയൂർ ഗ്രാമപഞ്ചായത്ത്, പുറമറ്റം ഗ്രാമപഞ്ചായത്ത്, കോയിപ്രം ഗ്രാമപഞ്ചായത്ത്, കുറ്റൂർ ഗ്രാമ പഞ്ചായത്ത് എന്നീ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ചുറ്റിലും സ്ഥിതിചെയ്യുന്നു.

ശ്രീ. എം.സി.ചാക്കോ, മണലേൽ സംഭാവനയായി നല്കിയ 10 സെന്റ് സ്ഥലത്താണ് പഞ്ചായത്താഫീസ് നിർമ്മിച്ചിരിക്കുന്നത്. കോഴിമലയിലാണ് പഞ്ചായത്തിന്റെ ആസ്ഥാനം. എന്നാൽ പഞ്ചായത്തിന് സൗകര്യപ്രദമായ ഒരു ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള സാമ്പത്തികസഹായം ലഭ്യമാകേണ്ടിയിരിക്കുന്നു.

ഇരവിപേരൂർ പഞ്ചായത്തിന്റെ ആദ്യത്തെ ഭരണസമിതി 15-8-1953ലാണ് നിലവിൽ വന്നത്. ഈ സമിതിയുടെ കാലാവധി 30-11-1963വരെ ആയിരുന്നു. അഡ്വ. സി.കെ.ശങ്കരപ്പിള്ള പ്രസിഡന്റായിരുന്ന പ്രസ്തുത സമിതിയിൽ ശ്രീ. സി. കെ മാത്തുള്ള, ശ്രീ. പി. സി. ഈപ്പൻ, ശ്രീ. ഗോവിന്ദപ്പിള്ള, ശ്രീ. എം. റ്റി. ഉലകൻ, ശ്രീ. വി.സി. ഏബ്രഹാം, ശ്രീ എം.പി. രാഘവൻപിള്ള, ശ്രീ. വി. മത്തായി എന്നിവർ അംഗങ്ങളായി പ്രവർത്തിച്ചു.

1-12-1963 മുതൽ 26-8-79 വരെ നിലവിലുണ്ടായിരുന്ന അടുത്ത ഭരണസമിതിയിൽ ശ്രീ. വി.വി മാത്യു പ്രസിഡന്റും, ശ്രീ. വി. സി. തോമസ്, ശ്രീ.വി. വി. ചാക്കോ, ശ്രീ. കെ. എം. ഭാസ്ക്കരൻനായർ, ശ്രീ. കെ. എം. കൊച്ചുകുഞ്ഞ്, ശ്രീ. എൻ.കെ നാരായണനായർ, ശ്രീ. കെ.ജി. ഗോവിന്ദപ്പിള്ള എന്നിവരായിരുന്നു മെമ്പർമാർ. എന്നാൽ ശ്രീ. വി.വി മാത്യുവിന്റെ നിര്യാണത്തെ തുടർന്ന് 28-4-76ൽ ശ്രീ. കെ.എം.ഭാസ്ക്കരൻനായർ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. Dr.തങ്കമ്മ തോമസ് ടി ഭരണസമിതിയിലെ നോമിനേറ്റഡ് മെമ്പറായിരുന്നു.

27-9-1979 മുതൽ 27-9-84 വരെയുള്ള ഭരണസമിതി താഴെ പേരുപറയുന്ന അംഗങ്ങളോടെ പ്രവർത്തിച്ചു. പ്രസിഡന്റ് ശ്രീ. കെ.വി.തോമസ്, ശ്രീ. വറുഗീസ് ഉമ്മൻ(വൈസ് പ്രസിഡന്റ്), ശ്രീ. ജോസഫ് ഉതുപ്പാൻ, ശ്രീ.വർക്കി വർക്കി, അഡ്വ.അനന്തഗോപൻ, ശ്രീ. എം.പി.കുട്ടപ്പൻ, ശ്രീമതി. അക്കാമ്മ മോഹൻ, ശ്രീ. കെ.സി.ചാക്കോ, ശ്രീ. എൻ.കെ. നാരായണൻനായർ, ശ്രീ. ഏബ്രഹാം സി. കോശി എന്നിവർ മെമ്പർമാരായിരുന്നു.

9-2-1988 മുതൽ 29-9-95വരെ പ്രവർത്തിച്ച പഞ്ചായത്ത് സമിതിയിൽ താഴെ പറയുന്നവർ അംഗങ്ങളായിരുന്നു.

| | |
|---|---|
| ശ്രീ. ഉമ്മൻ കുരുവിള | (പ്രസിഡന്റ്) |
| ശ്രീ. എം.പി. ഗോപീമോഹനൻനായർ | (വൈസ്പ്രസിഡന്റ്) |
| ശ്രീ. അജയ്കുമാർ | (മെമ്പർ) |
| ശ്രീ. വറുഗീസ് ഉമ്മൻ | (മെമ്പർ) |
| ശ്രീമതി അച്ചാമ്മ ഏബ്രഹാം | (മെമ്പർ) |
| ശ്രീ. ഇ.റ്റി. പാപ്പുക്കുട്ടി | (മെമ്പർ) |
| ശ്രീ. കെ.സി. മത്തായി | (മെമ്പർ) |
| ശ്രീ. തോമസ് മമ്മൻ | (മെമ്പർ) |
| ശ്രീ. കെ.സി. ചാക്കോ | (മെമ്പർ) |
| ശ്രീ. അഴകൻ കുളങ്ങര | (മെമ്പർ) |
| ശ്രീമതി ലളിതാ കെ. നായർ | (മെമ്പർ) |

ഇപ്പോൾ നിലവിലുള്ള ഭരണസമിതി അംഗങ്ങൾ കേരളാ പഞ്ചായത്ത്രാജ് ആക്റ്റ് പ്രകാരം സത്യപ്രതിജ്ഞ ചെയ്ത് 2-10-95 മുതൽ പ്രവർത്തിച്ചുവരുന്നു. VIII-ാം വാർഡിൽനിന്നും പട്ടികജാതി സംവരണ പ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. കെ.എം.കൊച്ചുകുഞ്ഞ് പഞ്ചായത്ത് പ്രസിഡന്റായി പ്രവർത്തിക്കുന്നു. ഭരണസമിതി അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ശ്രീ. വറുഗീസ് ഉമ്മൻ(വാർഡ്III) വൈസ്പ്രസിഡന്റ്, ശ്രീ. എം.പി. ഗോപീമോഹനൻ(വാർഡ്IV)സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, ശ്രീമതി. അമ്മിണി ചാക്കോ (വാർഡ്I) മെമ്പർ, ശ്രീമതി. സൂസൻ ഫിലിപ്പ് (വാർഡ്II) മെമ്പർ, ശ്രീ. കെ.കെ. തങ്കപ്പൻ (വാർഡ് V) മെമ്പർ, ശ്രീമതി സൂസൻ ചാക്കോ (വാർ ഡ് VI) മെമ്പർ, ശ്രീ. കെ.സി.മത്തായി (വാർഡ്VII) മെമ്പർ, ശ്രീ. ഇടിക്കുള തോമസ് (വാർഡ്IX) മെമ്പർ, ശ്രീമതി. അനിതാ നാരായണൻ (വാർഡ്X) മെമ്പർ, ശ്രീ. വറുഗീസ് ചെറിയാൻ (വാർഡ്XI) മെമ്പർ.

I, II, VI എന്നീ വാർഡുകൾ വനിതാ സംവരണത്തിന്റെയും VIII, X എന്നീ വാർഡുകൾ പട്ടികജാതി സംവരണത്തിന്റെയും പ്രാതിനിധ്യം വഹിക്കുന്നു. ഭരണസമിതി വിവിധവാർഡുകളുടെ പുരോഗതിയ്ക്കുവേണ്ടി ആത്മാർത്ഥമായി സേവനം അനുഷ്ഠിച്ചുവരുന്നു.



# 6

# ഉപസംഹാരം

വികസനം ജനപങ്കാളിത്തത്തോടുകൂടി എന്ന ആശയം സഫലീകരിക്കുന്നതിനുവേണ്ടിയുള്ള കൂട്ടായ പ്രവർത്തനം എല്ലാ പഞ്ചായത്തുകളിലും നടന്നു വരികയാണല്ലോ. വിവിധ മേഖലകളിൽ കഴിഞ്ഞ ഏതാനും മാസങ്ങളിലായി നടന്നുവരുന്ന പ്രവർത്തനങ്ങൾ ഏതാണ്ടു പൂർത്തിയായിരിക്കുകയാണ്. വികസന സെമിനാറോടുകൂടി അത്തരം പ്രവർത്തനങ്ങൾ അവസാനിക്കുകയും പദ്ധതികൾ രൂപം കൊള്ളുകയും ചെയ്യും. ഇതുവരെ നടന്നപ്രവർത്തനങ്ങൾ നമ്മുടെ ഗ്രാമത്തിന്റെ സാമൂഹ്യരംഗത്ത് ആശാവഹമായ ചലനങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. വികേന്ദ്രീകൃത ആസൂത്രണം അധികാര വികേന്ദ്രീകരണം താഴേക്കിടയിൽനിന്നും ഉള്ള ആസൂത്രണം എന്നീ ആശയങ്ങൾ സാധാരണ ജനങ്ങളിലെത്തിക്കാനും ഒരു പുത്തൻ വികസന സംസ്കാരത്തെ സംബന്ധിച്ച അവബോധം ജനങ്ങളിൽ ജനിപ്പിക്കാനും ഈ പഞ്ചായത്തിലെ പ്രവർത്തകർക്കു കഴിഞ്ഞിട്ടുണ്ട്.

നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പഞ്ചായത്ത്രാജ് നിയമം ത്രിതല പഞ്ചായത്ത് നിലവിൽ വരുന്നതിനു സഹായിച്ചു. തൽഫലമായി ഗ്രാമതലത്തിൽ കൂടുതൽ അധികാരങ്ങൾ എത്തിച്ചേരുകയും വികസന പ്രവർത്തനങ്ങൾ ഒരു പരിധിവരെ നേരിട്ടു നടത്തുന്നതിന് സാധിക്കുകയും ചെയ്തു. $\frac{1}{3}$ ഭാഗം സീറ്റുകൾ സ്ത്രീകൾക്കായി സംവരണം ചെയ്തിരിക്കുന്നതുകൊണ്ട് സ്ത്രീകൾ പൊതുരംഗത്ത് കൂടുതൽ സജീവമായി പ്രവർത്തിക്കുവാൻ അവസരമുണ്ടായിരിക്കുന്നു. വിദ്യാലയങ്ങൾ, ആശുപത്രികൾ, കൃഷിഭവൻ തുടങ്ങിയ സ്ഥാപനങ്ങളുടെമേൽ പഞ്ചായത്തിന് നേരിട്ട് ഭരണനിയന്ത്രണം കൈവന്നിരിക്കുന്നു. പഞ്ചായത്തു പ്രസിഡണ്ടിന് ഒരു പരിധിവരെ എക്സിക്യൂട്ടീവ് അധികാരം ഉണ്ടായിരിക്കുന്നു. ഇതെല്ലാം വരാൻപോകുന്ന മാറ്റങ്ങളുടെ നാന്ദിയായി കണക്കാക്കാം.

ഇത്രയൊക്കെ മാറ്റങ്ങൾക്ക് ആരംഭം കുറിച്ചെങ്കിലും ഗ്രാമപഞ്ചായത്തുകളുടെ ഇതുവരെയുള്ള പ്രവർത്തനം ഈ മാറ്റങ്ങളെ പ്രതിഫലിപ്പിച്ചു എന്നു പറഞ്ഞുകൂടാ. സാങ്കേതികമായി അധാകരവികേന്ദ്രീകരണത്തെക്കുറിച്ചു പറഞ്ഞെങ്കിലും പ്രായോഗികതലത്തിൽ ഇനിയും ഈ അധികാരങ്ങൾ പഞ്ചായത്തുകൾക്ക് ലഭിച്ചിട്ടില്ല. നിയമങ്ങളിലെ വ്യവസ്ഥകളും ചട്ടങ്ങളും ഇത്തരം തടസ്സം സൃഷ്ടിക്കുന്നു. ഉദ്യോഗസ്ഥതലത്തിലുള്ള സമീപനവും ഇനിയും മാറേണ്ടിയിരിക്കുന്നു. വികസനപ്രവർത്തനങ്ങൾക്കാവശ്യമായ പണം അനുവദിച്ചു കിട്ടുന്നതിനുള്ള കാലതാമസവും പ്രവർത്തനങ്ങളെ മാന്ദീഭവിപ്പിയ്ക്കുന്നു എന്ന സത ബാക്കി നില്ക്കുന്നു. നിലവിലുള്ള ചട്ടങ്ങൾ ഭേദഗ ചെയ്തുകൊണ്ട് അധികാരവികേന്ദ്രീകരണം ഒരു യാഥാ ർത്ഥ്യമാക്കാനുള്ള സത്വരനടപടികൾ ഗവൺമെന്റിന്റെ ഭാ ത്തുനിന്നും ഉണ്ടാകണം.

വികസനപ്രവർത്തനങ്ങൾ നടത്തുന്നതിന് ഗ്രാമ ഞ്ചായത്തുകൾക്ക് ശരാശരി 10 ലക്ഷം രൂപാവീതം അ വദിച്ചു കഴിഞ്ഞിട്ടുണ്ട്. ഇത് ഒരു നല്ല തുടക്കമാ കാണാൻ കഴിയും. കൂടാതെ വിവിധവകുപ്പുകൾവഴി ന പ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ നടത്തിപ്പിനുള ഫണ്ടും ഗ്രാമപഞ്ചായത്തുകൾക്കു ലഭിച്ചുതുടങ്ങിയിട്ടുണ കൂടുതൽ പണം വിഭവസമാഹരണം വഴി ലഭ്യമാക്കാ പഞ്ചായത്തു തലത്തിൽ സംഘടിതമായ ശ്രമം നടത്തേ ണ്ടിയിരിക്കുന്നു. ഏതിനും ഗവണ്മെന്റിനെ ആശ്രയിക്കു പഴയരീതി മാറണം. നമ്മുടെ ഗ്രാമത്തിന്റെ വികസനത്തി നമ്മുടേതായ രീതിയിൽ വിഭവസമാഹരണം നടത്തു തിനും മനുഷ്യശക്തി ഉപയോഗപ്പെടുത്തുന്നതിനും ന ശ്രമിക്കണം.

വികേന്ദ്രീകൃതമായ ആസൂത്രണം ജനകീയ പങ്കാ ത്തത്തിന്റെ പ്രസക്തി വർദ്ധിപ്പിക്കും എന്നതുകൊ കൂടുതൽ വിജയസാദ്ധ്യത ഉണ്ടാക്കുന്ന ഒന്നാണെ കാണാം. ഗ്രാമസഭകൾ കൂടിയപ്പോൾ ജനങ്ങൾ കാണി ആവേശവും ഉത്സാഹവും ഇതിന്റെ തെളിവുകളാണ്.

നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോ സംസ്ഥാന ആസൂത്രണബോർഡ് നിർദ്ദേശിച്ച രീതിയില ഗൗരവത്തിലും പരിപാടികൾ മുമ്പോട്ടു കൊണ്ടുപോകാ കഴിഞ്ഞിട്ടുണ്ട്. ജില്ലാതല-ഗ്രാമതല പരിശീലനം വിജ കരമായി പൂർത്തിയാക്കി. സംസ്ഥാനതല റിസോഴ്സ് പേഴ്സ സിന്റെ നേതൃത്വത്തിലും നടത്തിയ പരിശീലനപരിപാ കൾ ഏറെക്കുറെ കുറ്റമറ്റതായിരുന്നു എന്നു തന്നെ പ യാം. ദ്വിതീയ വിവരശേഖരവും പര്യടനവും വിജയകര യി നടത്താൻ നമുക്കു സാധിച്ചു. ഒരു വിദഗ്ദ്ധസംഘത്ത ന്റെ നേതൃത്വത്തിൽ ഗ്രാമസഭാറിപ്പോർട്ടുകളുടെ ക്രോഡ കരണം നടത്തി. വികസന റിപ്പോർട്ടു തയ്യാറാക്കാ നിയോഗിക്കപ്പെട്ട വിദഗ്ദ്ധർ ആ ജോലി ഭംഗിയായി നി വഹിച്ചു.

അവർ സമർപ്പിച്ച റിപ്പോർട്ടുകൾ പഠിച്ച് നമ്മു പഞ്ചായത്തിന്റെ വികസനരേഖ തയ്യാറാക്കാനായി ഒ എഡിറ്റോറിയൽ ബോർഡിനെ തിരഞ്ഞെടുത്തു. പ്രസ്തു ബോർഡിലെ അംഗങ്ങളുടെ നിസ്വാർത്ഥമായ പ്രവർത്ത നത്തിന്റെ ഫലമായിട്ടാണ് ഈ വികസനരേഖ തയ്യാ

ക്കാൻ നമുക്കു സാധിച്ചത്. പഞ്ചായത്തിന്റെ സാമൂഹ്യച രിത്രം തയ്യാറാക്കുന്നതിനുവേണ്ടി വിവിധ ഭാഗങ്ങളിലുള്ള പഴമക്കാരായ പല മാന്യവ്യക്തികളുമായി അഭിമുഖം നട ത്തുകയും പലരേഖകളും പരിശോധിക്കുകയും ഉണ്ടായി. നമ്മുടെ പഞ്ചായത്തിന്റെ വികസനരേഖയിൽ ചേർത്തിരി ക്കുന്ന സ്ഥിതിവിവരക്കണക്കുകൾ സെൻസസ് റിപ്പോർട്ട്, വിവിധ ആഫീസ് രേഖകൾ, പഞ്ചായത്ത് രേഖകൾ, ആസൂത്രണപ്രവർത്തകർ നടത്തിയ പ്രഥമ, ദ്വിതീയ വിവര ശേഖരണം തുടങ്ങിയവയിൽനിന്നും ലഭിച്ചിട്ടുള്ളവയാണ്.

ഒൻപതാം പഞ്ചവത്സരപദ്ധതിയുടെ കാലഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിലെ എല്ലാ വികസനപ്രശ്നങ്ങളും പരി ഹരിക്കപ്പെടുമെന്ന വ്യാമോഹം ഞങ്ങൾക്കില്ല. എന്നാൽ ഏറ്റവും മുൻഗണന അർഹിക്കുന്ന ചില കാര്യങ്ങൾ നട പ്പിലാക്കാൻ കഴിയുമെന്നാണ് ഞങ്ങളുടെ വിശ്വാസം. കുറെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയും മറ്റുള്ളവയുടെ പരിഹാര ത്തിനായി ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്യാൻ നമുക്കു കഴിയണം. വികസനപങ്കാളിത്തം ഉറപ്പു വരുത്തിയെങ്കിൽ മാത്രമേ ഇതു സാധിക്കാൻ നമുക്കു കഴിയണം. അതി നായി പഞ്ചായത്ത് സമതി ആത്മാർത്ഥമായി ശ്രമിക്കുന്ന താണ്. ഒന്നും രണ്ടും ഘട്ടപ്രവർത്തനങ്ങൾ വിജയകര മായി നടത്താൻ കഴിഞ്ഞ നമുക്ക് മൂന്നാംഘട്ടവും വിജയ കരമാക്കാൻ കഴിയും. ഇനി നടക്കാൻ പോകുന്ന വികസന സെമിനാറിൽ വച്ചുതന്നെ അതിനുള്ള വിവിധ കർമ്മ സമതികളെ നിശ്ചയിക്കുന്നതാണ്.

ഈ രാജ്യത്തിന്റെ ആത്മാവായി ഇന്നും ശോഭിക്കുന്ന നമ്മുടെ രാഷ്ട്രപിതാവിന്റെ സ്വപ്നമായിരുന്ന 'ഗ്രാമസ്വരാജ്' യാഥാർത്ഥ്യമാകാൻപോകുന്ന ഈ ഘട്ടത്തിൽ ഈ ഗ്രാമ പഞ്ചായത്തിന്റെ വികസന ആസൂത്രണപ്രവർത്തനങ്ങ ളിൽ പങ്കാളികളായ എല്ലാ ഗ്രാമവാസികളോടും ഞങ്ങൾ ക്കുള്ള സ്നേഹാദരങ്ങളുടെ നറുമലരുകൾ അർപ്പിച്ചു കൊള്ളട്ടെ. സേവനസന്നദ്ധതയുടെയും പരസ്പരസഹായ ത്തിന്റെയും പാതയിലൂടെ മുന്നേറാൻ നമുക്കു കഴിയും എന്നതിൽ സംശയമില്ല. തുടർന്നും ജനങ്ങളുടെ സഹകര ണവും പങ്കാളിത്തവും പ്രതീക്ഷിച്ചുകൊണ്ട് ഈ വികസന റിപ്പോർട്ടു സമർപ്പിക്കട്ടെ.

എല്ലാവർക്കും ഒരിക്കൽകൂടി നന്ദിരേഖപ്പെടുത്തി കൊണ്ട്

സസ്നേഹം

ഒപ്പ്

കെ. എം. കൊച്ചുകുഞ്ഞ്
പ്രസിഡന്റ്

ഒപ്പ്

വറുഗീസ് ഉമ്മൻ
വൈസ് പ്രസിഡന്റ്



# വികസന റിപ്പോർട്ട് തയ്യാറാക്കാൻ സഹായിച്ചവർ

1. പ്രൊഫ. പി. സദാനന്ദൻ
2. ശ്രീ. വി.എം. കോശി
3. ശ്രീ. റ്റി.എൻ. വിജയൻ നായർ
4. ശ്രീ. ഏബ്രഹാം സി. കോശി
5. ശ്രീ. സി.വി. മാത്യു
6 ശ്രീ. കെ.ആർ. അർജ്ജുനപ്പണിക്കർ
7. ശ്രീ. പി.വി. ജോൺ
8. ശ്രീ. കെ. കുര്യൻ
9 ശ്രീ. ജോർജ് തോമസ്
10 ശ്രീ. കെ.കെ. തങ്കപ്പൻ
11. ശ്രീ. കെ.എ. വർഗ്ഗീസ്
12. ശ്രീ. ജോൺ എം. വർഗ്ഗീസ്
13. ശ്രീ. പി.എം. ജോയി
14. ശ്രീ. സി.എം മാത്യൂസ്
15. ശ്രീ. എം.എ. മാത്യു
16. ശ്രീ. പി.ആർ. ഓമനക്കുട്ടൻപിള്ള
17. ശ്രീ. പി.ഐ. ഫിലിപ്പ്
18. ശ്രീമതി കുഞ്ഞമ്മ മാത്യു
19. ശ്രീമതി ഗൗരിയമ്മാൾ
20. ശ്രീ. ജോൺ വർഗ്ഗീസ്
21. ശ്രീ. മാത്യു എം. പീറ്റർ
22. ശ്രീ. കുഞ്ഞപ്പൻ
23. ശ്രീ. കെ.സി. രാജ്മോഹൻ
24. ശ്രീ. സാജൻ കുര്യൻ
25. ശ്രീ. റ്റി.പി. ഓമനക്കുട്ടൻപിള്ള
26. ശ്രീ. പി.ആർ. ഗോപാലപിള്ള
27. ശ്രീ. ജോൺ വർഗ്ഗീസ്
28. ശ്രീ. എം.ജെ. ഏബ്രഹാം
29. ശ്രീ. റ്റി.എ. വർഗ്ഗീസ്
30. ശ്രീ. കെ.കെ. അയ്യപ്പൻ
31. ശ്രീ. കെ.എം. മാത്യു

# നന്ദിപൂർവ്വം.........................................................

ജനകീയ പങ്കാളിത്തത്തോടുകൂടി പഞ്ചായത്തുവികസനം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാനുള്ള യജ്ഞം അതിന്റെ പരിസമാപ്തിയിൽ എത്തി നിൽക്കുകയാണല്ലോ. ഈ സന്ദർഭത്തിൽ ഇതിന്റെ വിജയത്തി നുവേണ്ടി ആത്മാർത്ഥമായി വിയർപ്പൊഴുക്കിയ എല്ലാവരേയും നന്ദിപൂർവ്വം സ്മരിക്കുന്നു. പുത്തൻവികസന സംസ്കാരത്തിന്റെ ആശയവുമായി രംഗത്തെത്തിയ ബഹു. ഗവൺമെന്റ്, ജില്ലാ, റവന്യൂ, പ്ലാനിംഗ് അധി കാരികൾ ബ്ലോക്ക്തല, ഗ്രാമപഞ്ചായത്തുതല ഉദ്യോഗസ്ഥർ ജനപ്രതിനിധികൾ, സംസ്ഥാന ജില്ലാ ഗ്രാമതല റിസോഴ്സ് പേഴ്സൻസ്, ഗ്രാമസഭകൾ വിജയിപ്പിക്കാൻ സഹകരിക്കുകയും നേതൃത്വം നൽകുകയും ചെയ്തവാർഡ് മെമ്പറന്മാർ, ചർച്ചകളിൽ സജീവമായി പങ്കെടുക്കുകയും ഗ്രാമത്തിന്റെ ഹൃദയത്തുടിപ്പുകൾക്കു ജീവൻ നൽകുകയുംചെയ്ത ബഹുമാന്യരായ ഗ്രാമവാസികൾ ആവശ്യങ്ങൾ രൂപരേഖകളാക്കുകയും റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്ത സന്നദ്ധപ്രവർത്തകർ, റിപ്പോർട്ടുകൾ ചർച്ച ചെയ്യുകയും ക്രോഡീകരിക്കുകയും ചെയ്ത വിദഗ്ധർ, വികസന രേഖ തയ്യാറാക്കാൻ ആത്മാർത്ഥമായി സഹകരിച്ച മാന്യവ്യക്തികൾ എല്ലാവർക്കും നന്ദിയുടെ പൂച്ചെണ്ടുകൾ അർപ്പിക്കുന്നു. തുടർന്നുള്ള പ്രവർത്തനങ്ങളിലും സഹകരണവും പങ്കാളിത്തവും, വിമർശനവും നിർദ്ദേശവും ഉണ്ടാകണമെന്നു അപേക്ഷിക്കുന്നു. നമ്മുടെ ഗ്രാമപഞ്ചായത്ത് വികസനത്തിന്റെ പാതയിലൂടെ മുന്നേറാൻ നമുക്ക് തോളോടുതോൾ ചേർന്ന് പ്രവർത്തിക്കാം.

ജയ്ഹിന്ദ്

സ്നേഹപൂർവ്വം

ഒപ്പ്
ഗോപിമോഹനൻ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ

Printed at : Puthethu Offset Printers, Kallissery. Ph : 0479 - 455561